

വികസന രേഖ




കാഞ്ഞിരംകുളം
ഗ്രാമപഞ്ചായത്ത്

വികസനരേഖ
1997



കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

കാഞ്ഞിരംകുളം, പി. ഒ
നെയ്യാറ്റിൻകര താലൂക്ക്
ഫോൺ: 26031



" ഏറ്റവും അടിത്തട്ടിലുള്ളവർക്കു പോലും ഇതെന്റെ നാടാണെന്നും,
ഇതിന്റെ നിർമ്മിതിയിൽ എനിക്കും പങ്കുണ്ടെന്നും ബോധ്യമാവണം"
അതാണ് ഗ്രാമസ്വരാജിലേക്കുള്ള വഴി

- ഗാന്ധിജി -

സമർപ്പണം

കേരളത്തിൽ ഒമ്പതാം [redacted]തി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയാണല്ലോ. അതിന്റെ ഭാഗമായി വാർഡുകളിൽ കൂടിയ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചുകൊണ്ടുള്ള ഈ റിപ്പോർട്ട് തയ്യാറാക്കാൻ വളരെയേറെ പേർ ഞങ്ങളോട് സഹകരിച്ചിട്ടുണ്ട്. എല്ലാവർക്കും നന്ദിയുടെ ഒരായിരം പൂച്ചെണ്ടുകൾ അർപ്പിക്കട്ടെ. വികസന സെമിനാറിൽ നടക്കുന്ന ചർച്ചകളിലൂടെ ഇതിലെ കുറവുകളും കുറ്റങ്ങളും ചൂണ്ടിക്കാട്ടി; നമ്മുടെ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടുവാനും, ജനപങ്കാളിത്തം ഉറപ്പാക്കുവാനും വേണ്ടി ഈ റിപ്പോർട്ട് വിനയപൂർവ്വം സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ

കാഞ്ഞിരംകുളം
29.12.96

കെ.രവി
പ്രസിഡന്റ്

നമ്മുടെ മുൻപ്രസിഡന്റുമാർ



ശ്രീ എം.കുഞ്ഞുകൃഷ്ണൻനാടാർ



ശ്രീ റ്റി. ചാറത്സ്



ശ്രീ എം.ആർ. രഘുചന്ദ്രബാൽ


നിലവിലുള്ള പഞ്ചായത്തു ഭരണസമിതി



കെ.രവി
(പ്രസിഡന്റ്)
കഴിവൂർ vi




കെ. രമേശൻ
(വൈസ്പ്രസിഡന്റ്)
ഊറ്ററ iii



വി.ഗോപാലകൃഷ്ണൻ
(ചെയർമാൻ) സ്റ്റാൻഡിംഗ്കമ്മിറ്റി
മാവിള iv



രമണിബായി സൈമൺ
നെടിയകാല i




എസ്.മണി
കരിച്ചൽ ii



സരസികുട്ടപ്പൻ
തടത്തികുളം v



സി.കമലാബായി
നെല്ലിക്കാക്കുഴി vii



എം.ആർ. രാജഗുരുബാൽ
കാഞ്ഞിരംകുളം viii



ആർ. ജോസഫ്
ചാണി ix

എഡിറ്റർ

വെൺകുളം G. ദാമോരൻ

എഡിറ്റോറിയൽ ബോർഡ്

വെൺകുളം M. വർഗ്ഗീസ്

T.K. ദാമോദരൻ

C. ദയാനന്ദൻ

R. രാഘവൻ നാടാർ

D. സുദർശനൻ

L. ഗോപകുമാർ

D. അനിത

B. ജോസ് പ്രകാശ്

കരിച്ചൽ ഗോപാലകൃഷ്ണൻ

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് സമിതിക്കുവേണ്ടി
പ്രസിഡന്റ് കെ.രവി അടിച്ച് പ്രസിദ്ധീകരിക്കുന്നത് 500 കോപ്പി

വികസന സെമിനാറിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക്
സൗജന്യവിതരണത്തിന്

ടൈപ്പ് സെറ്റിംഗ്- സച്ചിൻ കമ്പ്യൂട്ടേഴ്സ്

തിരുവനന്തപുരം ഫോൺ: 333871

പ്രിന്റിംഗ്- ശ്രീപ്രിന്റേഴ്സ്

പോങ്ങുംമൂട്, കുവളശ്ശേരി

പാഞ്ചായത്തിന്റെ പൊതു വിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്
ഉൾപ്പടുന്ന വില്ലേജുകൾ	കാഞ്ഞിരംകുളം, കോട്ടുകാൽ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	കാഞ്ഞിരംകുളം
താലൂക്ക്	നെയ്യാറ്റിൻകര
വിസ്ത്രീർണ്ണം	10.36 ച: മി കിലോമീറ്റർ
ജനസംഖ്യ	17191
വാർഡുകളുടെ എണ്ണം	ഒൻപത്
പ്രസിഡന്റിന്റെ പേര്	കെ. രവി
വൈസ്പ്രസിഡന്റിന്റെ പേര്	കെ. രമേശൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	വി. ഗോപാലകൃഷ്ണൻ

പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകൾ

1. പഞ്ചായത്ത് ഓഫീസ്	കാഞ്ഞിരംകുളം
2. പോസ്റ്റ് ഓഫീസ്	ലൂർദ്ദീപുരം, കാഞ്ഞിരംകുളം
3. ഗവ ആയുർവേദ മർമ്മ ആശുപത്രി	കാഞ്ഞിരംകുളം
4. സി.എസ്.ഐ ആശുപത്രി	നെല്ലിക്കാകുഴി
5. സബ് രജി: ആഫീസ്	കാഞ്ഞിരംകുളം
6. പൗൾട്രീ യുണീറ്റ്	കാഞ്ഞിരംകുളം
7.മാവേലി സ്റ്റോർ	കാഞ്ഞിരംകുളം
8. ടെയ്ലറിംഗ് സെന്റർ	കാഞ്ഞിരംകുളം
9. മൃഗാശുപത്രി	കാഞ്ഞിരംകുളം
10. വി.ഇ.ഒ. ആഫീസ്	കാഞ്ഞിരംകുളം
11. നന്ദകുമാർ സ്മാരക പ്രൈമറി ഹെൽത്ത് സെന്റർ	കാഞ്ഞിരംകുളം
12.പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്റർ	കാഞ്ഞിരംകുളം
13. P.W.D റോഡ് സെക്ഷൻ	കാഞ്ഞിരംകുളം
14. വില്ലേജ് ആഫീസ്	കാഞ്ഞിരംകുളം
15. ടെലിഫോൺ ഓഫീസ്	കാഞ്ഞിരംകുളം
16. ഫെഡറൽ ബാങ്ക്	കാഞ്ഞിരംകുളം
17. സർവ്വീസ് സഹകരണ ബാങ്ക്	കാഞ്ഞിരംകുളം
18. ഇലക്ട്രിക്കൽ സെക്ഷൻ	കാഞ്ഞിരംകുളം
19. കൃഷി ഭവൻ	കാഞ്ഞിരംകുളം
20. കേരള വാട്ടർ അതോറിട്ടി	കാഞ്ഞിരംകുളം
21. ഗവ: ആയുർവേദ ആശുപത്രി	കാഞ്ഞിരംകുളം
22. ഗവ: ഹോമിയോ ആശുപത്രി	കാഞ്ഞിരംകുളം
23. പോലിസ് സ്റ്റേഷൻ	കാഞ്ഞിരംകുളം

ആമുഖം

കാഞ്ഞിരംകുളം ഗ്രാമപ്രദേശത്തിന്റെ വികസന ചരിത്രത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ തിരുവിതാംകൂറിന്റെ ഉത്തരവാദ ഭരണത്തിനുവേ ണ്ടിയുള്ള പ്രക്ഷോഭ സമരങ്ങളെയും സമരരംഗത്ത് ഇന്നാട്ടിലെ ജനങ്ങൾ സമർപ്പിച്ച നിസ്തുലമായ സംഭാവന കളേയും അനുസ്മരിക്കാതെ വയ്യ.. ആന്ന് രാജാധി കാരം അതിന്റെ എല്ലാ അർത്ഥ ങ്ങളിലും ഉയർന്നു നിന്നിരുന്നുവെങ്കിലും തിരുവിതാംകൂറിൽ, പ്രത്യേകിച്ചും തെക്കൻ തിരുവിതാംകൂറിൽ മിക്കവാറും എല്ലാതാലൂ ക്കുകളിലും തന്നെ ദേശാഭിമാനികളും സാമൂഹ്യ സേവകരുമായ മഹദ്വ്യക്തികളുടെ നേതൃത്വത്തിൽ പ്രാദേശിക സഭകൾ രൂപം കൊണ്ടിരുന്നു. അതിന്റെ ഭാഗമായി നമ്മുടെ ഗ്രാമാന്തരീക്ഷങ്ങളെ പശ്ചാതല മാക്കിക്കൊണ്ട് നെയ്യാറ്റിൻകര താലൂക്ക് സഭയും 1938 കാലങ്ങളിൽ തന്നെ പ്രവർത്തന നിരതമായി തീർന്നു. സാമൂഹ്യരാഷ്ട്രീയ മണ്ഡലങ്ങളിൽ ഒരു ഉജ്വലനക്ഷത്രമായി ജ്വലിച്ചുനിന്ന ദേശാഭി മാനിയും, സ്വാതന്ത്ര്യസമര സേനാനിയും, പിൽക്കാലത്ത് "തമിഴ്നാട് ഡിക്റ്റേറ്റർ" എന്ന പേരിൽ അതി പ്രശസ്തനുമായിതീർന്ന ശ്രീ: തിരുപുറം ഏ. കുഞ്ഞ ൻനാടാർ ബി.എ.ബി.എൽ. അവർകളുടെ മഹനീയ സാരഥ്യംകൊണ്ട് നെയ്യാറ്റിൻകര താലൂക്ക് സഭയുടെ പ്രാദേശിക വികസനപ്രവർത്തനങ്ങൾ ശ്രദ്ധേ യമായിത്തീർന്നു. അദ്ദേഹം പദയാത്ര കളിലൂടെ താലൂക്കിന്റെ എല്ലാ ഗ്രാമമൂലകളിലും സഞ്ചരിച്ച് അതാതു പ്രദേശങ്ങളിൽ നിന്നും സാമൂഹ്യ സേവകരും ദേശസ് നേഹികളുമായ പ്രവർത്തകരെ ദേശീയവേദി കളിലേക്ക് ഉണർത്തതിക്കൊണ്ടു വരികയും ചെയതു. തൽഫലമായി താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ താലൂക്ക് സഭകളുടെ കീഴിൽ പ്രാദേശിക സമിതികൾ സംഘടിപ്പിക്കപ്പെട്ടു. അങ്ങനെ ഇന്നാട്ടിലെ കാഞ്ഞിരംകുളം പ്രദേശിക സഭയും ജന്മംകൊണ്ടു. അറിയപ്പെടുന്ന ഒരു സ്വാതന്ത്ര്യ സമരസേനാനിയായ ശ്രീ. ഭാസ്ക്കർദേവ് യശ:ശരീരികളായ ശ്രീ. മാറാമംഗലം സുബ്രഹമ ണ്യനാടാർ, ശ്രീ. എം.കുഞ്ഞുകൃഷ്ണൻ നാടാർ എന്നിവർ ഈ സമിതിയുടെ മുൻനിര പ്രവർത്തകരാ യിരുന്നു. ഇവരുടെ ദേശ സ്നേ ഹപരമായ പ്രവർത്തനങ്ങൾ എക്കാലവും സ്മര ണീയമാണ്.

സ്വതന്ത്ര്യാനന്തരകാലഘട്ടത്തോട് കൂടി നെയ്യാ റ്റിൻകര താലൂക്കിന്റേയും, പിൽക്കാലത്ത് തമിഴ്നാ ടിനോട് കൂട്ടിച്ചേർക്കപ്പെട്ട കന്യാകുമാരി ജില്ലയിലെ വിവധ പ്രദേശങ്ങളുടേയും സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ട് 'നെയ്യാ റ്റിൻകര-വിളവങ്കോട് കമ്മ്യൂണിറ്റി പ്രോജക്റ്റ്' എന്നൊരു സ്ഥാപനം ആറാലുംമൂട് ആസ്ഥാ നമാക്കി നിലവിൽ വരുകയുണ്ടായി. സാമൂഹ്യ വിസ സനരംഗത്ത്, ഒരു പക്ഷേ കേരളത്തിനാകെത്തന്നെ പിൽക്കാലത്ത് മാതൃകയായിത്തീർന്ന പ്രസ്ഥാനവും ഇതുതന്നെ യാകാനാണ് സാദ്ധ്യത. അതേ സ്ഥല ത്തും, ആസ്ഥാനത്തുമാണ് നമ്മുടെ അതിയന്നൂർ വികസന ബ്ലോക്ക് ഇന്നു പ്രവർത്തിക്കുന്നത്.

ആധികാരിക രൂപത്തിലും, സ്വഭാവത്തിലും ഭരണപരമായ അധീശതയിലും ദേശീയ വികസ നാശയങ്ങളെ ആശ്രയമാക്കി വിവിധങ്ങളായ പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടപ്പിൽ വരുത്തിയിരുന്നതോടൊപ്പം തന്നെ പ്രദേശി

കതലങ്ങളിൽ, ആമുഖമായി പരാമർശി ച്ചപ്രകാര മുള്ള ഗ്രാമസമിതികളും രൂപപ്പെടു ത്തിയിരു ന്നുവല്ലോ. അങ്ങനെ കാഞ്ഞിരംകുളം കേന്ദ്രമാക്കി ഒരു "വില്ലേജ് അപ് ലിഫ്റ്റ് കമ്മിറ്റി" രൂപീകരി ക്കപ്പെട്ടു. ഉന്നതശീർഷനായ വിദ്യാഭ്യാസ വിചക്ഷണനും, പിൽക്കാലത്ത് ദേശീയ അവാർഡ് നേടിയ അദ്ധ്യാപക ശ്രേഷ്ഠനുമായ ശ്രീ. സത്യമൂർത്തി അവർകൾ ഈ കമ്മിറ്റിയുടെ നേതൃത്വം വഹിച്ചുകൊണ്ട് നാടിന്റെ വികസന പ്രക്രിയകളിൽ തനതായ സേവനം സമർപ്പിക്കു കയുണ്ടായിട്ടുണ്ട്. ഇതേകാലയളവിൽ തന്നെ കാഞ്ഞിരുംകുളം കേന്ദ്രമാക്കി Y.M.B (Young Men's Beurou) എന്ന പേരിലും ഒരു സംഘടന കൂടി നിലവിൽ വന്നു. സ്ഥലത്തെ അറിയപ്പെടുന്ന ബുദ്ധിജീവികളും, കർമ്മോത്സുകരായ യുവജന ങ്ങളും ഈ സംഘടനയിലെ ലസജീവ പ്രവർത്ത കരായിരുന്നു. ഈ സംഘടനയുടെ ആദ്യശ്ര മമായിട്ടാണ്, ഇന്ന് ഇന്നാട്ടിൽ അറിയപ്പെടുന്ന 'കുമിളിശുദ്ധജലവിതരണ പദ്ധതിക്കുവേണ്ടി സ്ഥലം വാങ്ങി സംഭാവന നൽകിയത്. ഇത് നമ്മുടെ നാടിന്റെ വികസന ചരിത്രത്തിൽ സ്മരണീയമായ ഒരു സംരംഭമായിരുന്നുവെന്ന് പറയുന്നതിൽ അതിശയോക്തിയില്ല. ഔദ്യോഗി കതലങ്ങളിൽ ഉയർന്നപദവികൾക്ക് ഉടമകളായി വിലസുന്ന ഇന്നത്തെ ആളുകൾ ഒട്ടുമിക്കാലും സാമൂഹ്യതലം വിട്ട് കേവലം വ്യക്തിധിഷ്ഠിതമായ വീക്ഷണവും ഉത്ക്കർഷവും മാത്രം ലക്ഷ്യമാക്കി ഒതുങ്ങി ച്ചുരുങ്ങുന്നതു കാണുമ്പോൾ, സ്വാതന്ത്ര്യാ നന്തര ദശകങ്ങളുടെ ആരംഭത്തിൽ അന്നത്തെ ഉദ്യോഗ സ്ഥ-അനു ദ്യോഗസ്ഥ മേഖലകളിലെ ശ്രേഷ്ഠ വ്യക്തികൾ സാമൂഹ്യപ്രതിബദ്ധതയോടു കൂടി വികസനരംഗ ങ്ങളിൽ ക്രീയത്മകമായും നിഷ്ക്ക ർഷമായും പ്രവർത്തിച്ചിരുന്നുവെന്ന വസ്തുതയും ഇന്ന് പ്രത്യേകം സ്മരിക്ക പ്പെടേണ്ടതുണ്ട്. വരുന്നതും, വളരുന്നതുമായ തലമുറയ്ക്ക് ഇതൊരുപാഠമായിത്തീരട്ടെ!.

1953 കാലങ്ങളിൽ തിരു-കൊച്ചിസംയോജനം നടക്കുകയും തദ്ദേശസ്വയംഭരണരംഗത്ത് പഞ്ചാ യത്ത് സമിതികൾ ആദ്യമായി നിലവിൽ വരുകയും ചെയ്തു. അതിന്റെ ഭാഗമായി കാഞ്ഞിരംകുളം പഞ്ചായത്തും ജന്മമെടുത്തു. അന്ന് പഞ്ചായത്തിൽ ഏഴു വാർഡുകൾ ഉണ്ടായിരുന്നു. കരിച്ചൽ, മാവിള, കഴിവൂർ, കാഞ്ഞിരംകുളം, നെല്ലിക്കാക്കുഴി, തടത്തിക്കുളം, ചാണി എന്നിങ്ങനെ. ഈ വാർഡു കളെ അന്ന് ആദ്യ സമിതിയിൽ പ്രതിനിധാനം ചെയ്തിരുന്നത് യഥാക്രമം, സർവ്വ ശ്രീ. രാമകൃഷ്ണ പ്പണിക്കർ, എം.കുഞ്ഞുകൃഷ്ണൻ നാടാർ, എം.എസ്. സെലയ്യ., കുളത്തിൽ തങ്കയ്യൻ നാടാർ, ഡോക്ടർ ജെ.വേദനായകം, നാണു ജോസഫ്, എം.ലാസറസ് എന്നീ ജനസേവ കരാ യിരുന്നു. ഇന്നാട്ടിൽ എന്നും പ്രതാസ്മരണീയനായി പ്രശോഭിക്കുന്ന യശ: ശരീരനായ ശ്രീ. എം. കുഞ്ഞുകൃഷ്ണൻ നാടാർ തന്നെ ആദ്യപഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. സമിതി അദ്ധ്യ ക്ഷനെന്ന നിലയിൽ പഞ്ചായത്ത് എക്സി ക്യൂട്ടീവ് ഉദ്യോ ഗസ്ഥനും അന്ന് പ്രസിഡന്റ് തന്നെ യായിരുന്നു.

1964-ൽ വീണ്ടും തെരഞ്ഞെടുക്കപ്പെട്ട പുതിയ പഞ്ചായത്തുസമിതി ഡിസംബർ 20-ന് നിലവിൽ വന്നു. സർവ്വ ശ്രീ. എം. കിഞ്ഞുകൃഷ്ണൻ നാടാർ, എൻ. ക്രിസ്തുദാസ്, എം.എസ്. റസലയ്യ ശങ്കരപ്പ ണിക്കർ, ആർ. രാഘവൻ നാടാർ, റ്റി.ചാറാസ്, എ.കരുണാകരൻ നാടാർ എന്നിവർ തെര ഞ്ഞെടു ക്കപ്പെട്ട അംഗങ്ങളും, ശ്രീമതി എലിസബ ത്ത് വനിതാ സംവരണസ്ഥാനത്തേക്ക് നോമിനേറ്റ് ചെയ്യപ്പെട്ട അംഗവുമായിരുന്നു. ഈ സമിതിയിലും ശ്രീ. കുഞ്ഞുകൃഷ്ണൻ നാടാർ അദ്ധ്യക്ഷ നായിരുന്നു. ഉപാദ്ധ്യക്ഷസ്ഥാനം ശ്രീ. എൻ. ക്രിസ്തുദാസ് വഹിക്കുകയുണ്ടായി. 1964-ൽ തെരഞ്ഞെടുക്കപ്പെട്ട പ്രസ്തുത സമിതിയുടെ ഭരണകാലാവധി 1979-ൽ അവസാനിച്ചു.

കാഞ്ഞിരംകുളം പഞ്ചായത്തുപ്രദേശത്തിന്റെ വികസന ചരിത്രത്തിലെ കഴിഞ്ഞ കാൽ നൂറ്റാ ണ്ടുകാലത്തെ (1953-1978) നിസ്തുലവും, അചഞ്ചലവും, അവിരാമവുമായ നിഷ്ക്കാമ പ്രവർത്തനവും, ത്യാഗോജ്വലമായ ജനസേവനവും കൊണ്ട് നമ്മുടെ പ്രദേശത്തിന്റെ, ദീർഘ വീക്ഷണത്തോട് കൂടിയുള്ള-അടുക്കും ചിട്ടയുമുള്ള ഒരു സമഗ്രവികസനത്തിന്റെ രൂപരേഖ തയ്യാറാക്കി പടി-പടിയായി നടപ്പിലാക്കാനും നാടിന്റെ മുഖഛായ തെളിക്കുവാനും അശ്രാന്തപരിശ്രമം നടത്തുകയും ചെയ്ത ശ്രീ. എം. കുഞ്ഞികൃഷ്ണൻ നാടാരുടെ സേവനം ഈ പ്രകൃതത്തിൽ എടുത്തുപറയേണ്ടിയിരിക്കുന്നു.

1978 ആഗസ്റ്റ് 15 ഇന്ത്യൻ ജനതയ്ക്ക് സ്വതന്ത്ര്യത്തിന്റെ പിറന്നാളാണെങ്കിലും, നമ്മെ-കാഞ്ഞിരംകുളം നിവാസികളെ സംബന്ധിച്ചടുത്തോളം അതു ഒരു ദു:ഖസ്മൃതിയുടെ ഇരുണ്ട നാൾ കൂടിയായിരിക്കും; അതേ! സ്വതന്ത്ര സമരസേനാനി കൂടിയായിരുന്ന ശ്രീ. എം.കുഞ്ഞു കൃഷ്ണൻ നാടാർ യശ: ശരീരനായി കാലയവനികയിൽ മറഞ്ഞു തുർന്ന് പഞ്ചായ ത്തിന്റെ ഭരണസാരഥിയായി ശ്രീ. റ്റി.ചാറൽസ് തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. 1979 മുതൽ 1984 വരെ ശ്രീ. എം.ആർ. രഘുചന്ദ്രബാൽ പ്രസിഡന്റും ശ്രീമതി റ്റി. തങ്കബായി വൈസ്പ്രസിന്റും സർവ്വ ശ്രീ. ആർ രാഘവൻ നാടാർ, ടി.ചെറൽസ്, എസ്. മണി, കെ. രമേശൻ, പി.ഗോപാലൻ നാടാർ, കെ. രവി എന്നിവർ അംഗങ്ങളുമായുള്ള പഞ്ചായത്ത് കമ്മിറ്റിയാണ് ഭരണം നടത്തിയിരുന്നത്. ഈ കാലയളവിൽ നെടിയകാല-ഉൾപ്പെടെ 8 വാർഡുകൾ നിലവിൽ വന്നിരുന്നു. 1984 മുതൽ 1988 വരെ തെരഞ്ഞെടുപ്പുനടക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് ഭരണം ഉദ്യോഗസ്ഥ തലത്തിൽ ഒതുങ്ങുകയായി.

1988-ൽ വീണ്ടും തദ്ദേശഭരണ സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പുനടക്കുകയും കാഞ്ഞിരംകുളം പഞ്ചായത്തിൽ 9 അംഗസമിതി നിലവിൽ വരുകയും ചെയതു. ഈ സമിതിയിൽ ശ്രീ. എം.ആർ. രഘുചന്ദ്രബാൽ പ്രസിഡന്റും അഡ്വ: ഏ. ഡേവിഡ്സൺ വൈസ്പ്രസിഡന്റും സർവ്വ ശ്രീ. കെ. രവി, ആർ. രാഘവൻ നാടാർ, എസ്. മണി, ആർ. പങ്കജം, ആർ. സരോജനി, എസ്. ശ്രീകുമാർ, എം.ആർ. രാജുഗുരുബാൽ എന്നിവർ അംഗങ്ങളുമായിരുന്നു.


1995 ഒക്ടോബർ ഒന്നിന് പുതിയ പഞ്ചായത്തുരാജ് സംവിധാനം നിലവൽ വരുകയും അതനുസരിച്ചുള്ള തെരഞ്ഞെടുപ്പ് നടക്കുകയുമുണ്ടായി. കാഞ്ഞിരംകുളം പഞ്ചായ ത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഇടതുപക്ഷജനാധിപത്യ മുന്നണി (എൽ.ഡി.എഫ്) അധികാര ത്തിലെത്തുകയും ശ്രീ.കെ. രവി പ്രസിഡന്റും, ശ്രീ.കെ. രമേശൻ വൈസ് പ്രസിഡന്റും, ശ്രീ വി. ഗോപാലകൃഷ്ണൻ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും സർവ്വ ശ്രീ. എം.ആർ. രാജഗുരു ബാൽ, ആർ. ജോസഫ്, സരസികുപ്പൻ, സി. കമലാബായി, രമണിബായി, ജെ. രവി എന്നവർ അംഗങ്ങളായുമുള്ള ഭരണസമിതി നിലവിൽ വന്നു. ഇവരിൽ ശ്രീ. ജെ. രവി 1996 ആഗസ്റ്റിൽ അകാലത്തിൽ അന്തരിച്ചുവെന്ന വസ്തുത ദു:ഖപൂർവ്വം ഇവിടെ അനുസ്മ രിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന് സ്വന്തമായുണ്ടായ സ്ഥലത്ത് സ്വന്തം കെട്ടിടത്തിൽ തന്നെ ആദ്യക്കാലത്ത് പ്രവർത്തിച്ചിരുന്ന പഞ്ചായത്ത് ഓഫീസ് മന്ദിരവും അതോടു ചേർന്ന് സ്ഥലവും പിൽക്കാലത്ത് കാഞ്ഞിരംകുളം നിവാസികൾളുടെ ചിരകാലാഭിലാഷം പൂവണിഞ്ഞുണ്ടായ 'കുഞ്ഞുകൃഷ്ണൻ നാടാർ മെമ്മോറിയൽ ഗവ: ആർട്സ് ആന്റ് സയൻസ് കോളേജിനുവേണ്ടി ആധികാരികമായി വിട്ടുകൊടുക്കേണ്ടിവന്നിട്ടുണ്ട്. തൽഫലമായി പഞ്ചായത്താഫീസ് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കേണ്ടതായിന്നുവെങ്കിലും, 1995-ൽ നിലവിൽ വന്ന (ഒക്ടോബർ രണ്ടിന്) പുതിയ പഞ്ചായത്ത് സമിതിക്ക് പ്രവർത്തനം ആരംഭിക്കാൻ പാകത്തിൽ 1995 ഒക്ടോബറിൽ തന്നെ സ്വന്തംകെട്ടിടം നിലവിൽ വരുകയും ചെയ്തു.

ഈ ഗ്രാമപഞ്ചായത്തിന്റെ സർവ്വതോമുഖമായ വികാസത്തിനും, ഐശ്വര്യത്തിനും വേണ്ടി അക്ഷീണം പ്രവർത്തിച്ച അനവധി മഹാരഥന്മാരുണ്ട്, സധാരണപ്രവർത്തകരുമുണ്ട്. വിവിധങ്ങളായ സാമൂഹ്യസാംസ്കാരിക മത സംഘടനകളും സന്നദ്ധസമിതികളും മഹത്തായ സംഭാവനകൾ നൽകി പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ കൂടുതൽ വികസ്വര മാക്കി യിട്ടുണ്ട്. ഇവിടെ കാണുന്ന ഏതു വിധമുള്ള നന്മകൾക്ക് എല്ലാം നിദാനമായി-നിസ്വർത്ഥമായി പ്രവർത്തിച്ച മുഴുവനാളുകളേയും ആദരപൂർവ്വം അനുസ്മരിച്ചുകൊണ്ടു ഈ സംക്ഷിപ്ത ചിരിത്രം ഇവിടെ സമാഹരിക്കുന്നു.

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

ഭൂപടം.



ഭൂപ്രകൃതിയും വിഭവങ്ങളും

അറബിക്കടലിനോട് അടുത്ത് 10.36 ഹെക്ടർ സ്ക്വയർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന ഒരു ഭൂപ്രദേശമാണിത്. വലിയകുന്നിൻ പുറങ്ങളോ താഴ് വരകളോ വളരെ താണ ചതുപ്പ് നിലങ്ങളോ ഈ പ്രദേശങ്ങളിൽ കാണുന്നില്ല. കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തു പ്രദേശം കാഞ്ഞിരംകുളം വില്ലേജും കോട്ടുകാൽ വില്ലേജിൽ കഴിവൂർ വാർഡിന്റെ വേനിന്ന പ്രദേശവും ഉൾപ്പെട്ടാതാണ് സമുദ്ര സാമീപ്യം കൊണ്ട് അനുഗ്രഹീതം ആണെങ്കിലും ശുദ്ധജല ദൗർലഭ്യം വളരെ അനുഭവപ്പെടുന്നു. ഭൂഗർഭജലം പല ഭാഗങ്ങളിലും 30 മീറ്റർ മുതൽ 75 മീറ്റർ വരെ ആഴത്തിൽ മാത്രമേ ലഭിക്കുകയുള്ളൂ. അതുകൊണ്ട് കുടിവെള്ളം ലഭിക്കാനുള്ള ബുദ്ധിമുട്ടും ഏറെയാണ്. കാർഷികാവശ്യത്തിന് വെള്ളം കണ്ടെത്താൻ പദ്ധതികളില്ല.

കാലാവസ്ഥ:

കാലാവസ്ഥ ജനജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് പറഞ്ഞുകൂടാ. ചൂടും, തണുപ്പും ഇടകലർന്ന് അനുഭവപ്പെടുന്നു. അന്തരീഷോഷ്മാവ് ഒരിക്കലും അതികഠിനമല്ല; ആണെങ്കിൽ തന്നെ ശാന്തശീതളമായ കാറ്റിന്റെ ആനുകൂല്യം കൂട്ടിനുണ്ടാകും മഴവീഴ്ച ശരാശരിയ്ക്ക് താഴെയാണ്.

പരിസ്ഥിതി

കഠിനമായ വരൾച്ചയും കാര്യമായ പ്രളയകെടുതികളും ഒരളവിൽ ഈ പ്രദേശത്തെ പൊതുവിൽ അലട്ടുന്നതായി പറഞ്ഞുകൂടാ. എന്നാൽ ചൂട് കൂടി നിൽക്കുന്ന അന്തരീക്ഷമാണ് പൊതുവെ. വെള്ളകെട്ടുകളോ ചതുപ്പുകളോ ഈ പ്രദേശത്തില്ല. വയലേലകൾ ഇല്ല എന്നുതന്നെ പറയാം. നെൽകൃഷി ഈ പ്രദേശത്ത് അന്യമായിരിക്കുന്നു. സമതലങ്ങളിലും ചരിവുകളിലും ജലസേചനം തടസപ്പെടുത്തി കാർഷികാഭിവൃത്തി കൈവരിക്കാനുള്ള പദ്ധതികളൊന്നും വിജയിച്ചിട്ടില്ല. ആകെയുള്ളത് നെയ്യാർ ജലസേചന പദ്ധതിയുടെ ഭാഗമായി ഈ പ്രദേശത്തുകൂടെ ചാലുകീറി കടന്നുപോകുന്ന ആഴമേറിയ കനാലുകളാണ്. ഈ കനാലിലൂടെ ഒഴുകിയെത്തുന്ന ജലം വർഷങ്ങളായി ഈ പഞ്ചായത്തു പ്രദേശത്ത് ലഭിക്കുന്നില്ല.

ജലസേചന സാദ്ധ്യത കൊണ്ട് മെച്ചപ്പെടുത്താൻ കഴിയുന്ന കാർഷിക പദ്ധതികൾ ഈ പഞ്ചായത്തു പ്രദേശത്ത് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു കടുത്ത ചൂട് സഹിച്ചും ഏത് വരൾച്ചയെ നേരിട്ടും പിടിച്ചു നിൽക്കാൻ കഴിയുന്ന പരിമിതമായ വിളകളെയുള്ളൂ. കുറെ ഫല വൃക്ഷങ്ങളും! കൂട്ടത്തിൽ തെങ്ങു കൃഷിയാണ്. മുഖ്യമായും പരിഗണനാർഹം അതുമാത്രമാണ്. ഈ നാട്ടിലെ ജനജീവിതത്തെ താങ്ങിനിർത്തുന്ന കാർഷികോപാധി. അതിന്റെ വളർച്ചയും സമൃദ്ധിയും ആദായവും പൂർണ്ണമായും മഴയെ ആശ്രയിച്ചാണ്. മഴവെള്ളം സംഭരിച്ചു നിർത്തി ചുരുങ്ങിയ കാലത്തെ കൃഷിവിളകൾക്ക് സഹായകമാക്കാനുള്ള പ്രകൃതി ദത്തമായതോ കൃത്രിമം ആയതോ ആയ സജ്ജീകരണങ്ങളൊന്നും ഇവിടെയില്ല. പേരിനുമാത്രം ഓടകളിലൂടെയും, ചാലുകൾ വഴിയും ഒഴുകിയെത്തുന്ന രണ്ടുകുളങ്ങളെ ഈ ഗ്രാമ പഞ്ചായത്തിൽ എടുത്തു പറയാനുള്ളൂ. അവയിൽ പ്രകൃതിയുടെ അനുഗ്രഹം കൊണ്ടുമാത്രം എത്തിച്ചേരുന്ന ജലം കാലികളെ കുളിപ്പിക്കാനല്ലാതെ മറ്റൊന്നിനും ഉപയോഗിക്കാറില്ല കൃഷിക്കുപയോഗിക്കണമെങ്കിൽ വെള്ളം തലചുമടായി പകർന്ന് കൊണ്ടുപോകേണ്ട ഗതികേടാണ്. അങ്ങനെയാകാമെന്ന് വച്ചാൽ അതുതന്നെ കർഷകർക്ക് ശാപമായിത്തീരും. കാരണം തുടർച്ചയായി വെള്ളം ലഭ്യമല്ലാത്തതു തന്നെ.

വ്യാഴവട്ടങ്ങൾക്ക് മുമ്പ് വിവിധതരം ധാന്യങ്ങളും

കൃഷിയും ജലസേചനവും

തിരുവനന്തപുരം ജില്ലയിൽ തെക്ക് അറബിക്കടലോരത്ത് തൊട്ടു കിടക്കുന്ന ഒരു ഗ്രാമമാണ് കാഞ്ഞിരംകുളം. 969.23 ഹെക്ടർ വിസ്തൃതിയുള്ള കാഞ്ഞിരംകുളം ഗ്രാമ പഞ്ചായത്ത് ഒരു കാർഷികമേഖലാ പ്രദേശമാണെന്ന് തീർത്തു സമ്മതിക്കാം. എന്നാൽ മൊത്തം കൃഷിഭൂമിയുടെ അഞ്ചു ശതമാനം മാത്രമെ പ്രകൃതിദത്തമായ ജലസേചന സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി കൃഷി ചെയ്യപ്പെടുന്നുള്ളൂ. ബാക്കിയുള്ള മുഴുവൻ സ്ഥലങ്ങളിലെയും എല്ലാകൃഷികളും മഴയെ മാത്രം ആശ്രയിച്ചാണ് നടത്തിവരുന്നത്. മഴയുടെ തോതാണെങ്കിൽ സംസ്ഥാന ശരാശരിക്കും വളരെ താഴെ കേവലം 20 സെന്റീമീറ്റർ മാത്രം! ഈ സാഹചര്യത്തിൽ കർഷകർക്ക് കൃഷിയ്ക്ക് മറ്റു പ്രകാരമുള്ള ജല സ്രോതസ്സുകൾ കണ്ടെത്തേണ്ടിവരുന്നു. ഈ പ്രദേശത്തെ ഭൂഗർഭ ജലനിരപ്പ് ഒട്ടുമുക്കാലും 90 മീറ്ററിനു താഴെയാണ്. അതുകൊണ്ടു തന്നെ ഭൂഗർഭജലം പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള വിവിധതരം കൃഷികൾ വിജയകരമായി നടത്തുവാൻ കഴിയാതെ വരുന്നു.

ഒൻപതു വാർഡുകളുള്ള കാഞ്ഞിരംകുളം പഞ്ചായത്തിൽ ഊറ്റ, കഴിവൂർ, എന്നീ വാർഡുകളിലെ ചില ഭാഗങ്ങളിൽ നൂറടി താഴ്ത്തിയാൽ മാത്രമേ ഭൂഗർഭജലം ലഭിക്കുകയുള്ളൂ. എന്നാൽ ബാക്കി വാർഡുകളിലെ എല്ലാ ഭാഗത്തും 250 അടിയിലേറെ താഴ്ത്തിയാലേ ഭൂഗർഭജലം ലഭ്യമാകുകയുള്ളൂ.

കാഞ്ഞിരംകുളം പഞ്ചായത്തിൽ ചിലകൃഷിക്കാർ ഇതിനകം തന്നെ വളരെ താഴ്ചയിലുള്ള ഭൂഗർഭജലം ഉപയോഗിച്ച് കൃഷിചെയ്തു വരുന്നുണ്ട് അവർക്ക് ഓരോരുത്തർക്കും ഭൂഗർഭ ജലം ലഭ്യമാകുന്നതിന് 2 ലക്ഷത്തോളം രൂപ ചെലവാക്കേണ്ടിവന്നു. താണവരുമാനക്കാരായ ബഹുഭൂരിപക്ഷം കർഷകർക്ക് കിണറും ട്യൂബ് വെല്ലുകളും നിർമ്മിക്കുന്നതിനുവേണ്ടി ഇത്രയും ഭീമമായതുക ചെലവു ചെയ്യാൻ സാധിക്കുകയില്ല. ഈ പ്രദേശത്തിന്റെ ജല ദൗർലഭ്യം കണക്കിലെടുത്ത് പ്രത്യേകമായി കർഷകർക്ക് വലിയതുക സബ്സിഡിയായും ലോണായും ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചാൽ മാത്രമെ കാർഷിക നേട്ടങ്ങൾ കൈവരിക്കാൻ കാഞ്ഞിരംകുളം പഞ്ചായത്തിലെ കർഷകർക്ക് സാദ്ധ്യമാവൂ.

തടത്തിക്കുളം, കരിച്ചൽ, മാവിള, കഴിവൂർ, ഊറ്റ എന്നീ വാർഡുകൾ വഴി കനാൽ പോകുന്നുണ്ടെങ്കിലും കൃഷി ആവശ്യത്തിന് കനാൽ ജലം തക്കയത്ത് കിട്ടുന്നില്ല. കനാലിന് കീഴ് ഭാഗത്തുള്ള കൃഷിക്കാർക്ക് ആവശ്യമായ ജലം തക്ക സമയത്ത് ലഭ്യമാക്കുകയോ അല്ലാത്തപക്ഷം വെള്ളക്കരം റദ്ദാക്കുകയോ ചെയ്യണം.

ഭൂമി സംബന്ധിച്ച് വിവരങ്ങൾ

ഇനം	വിസ്തീർണ്ണം
നിലം	19 ഏക്കർ 40 സെന്റ് (ഇപ്പോൾ നിലം കൃഷി ഇല്ല)
പുരയിടം	2, 280 ഏക്കർ 35 സെന്റ്
പുറമ്പോക്ക്	41 ഏക്കർ 35 സെന്റ്

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉപയോഗിച്ചുകൊണ്ടിരുന്നതും ഇപ്പോഴും ജലം കിട്ടാൻ സാദ്ധ്യതയുള്ളതുമായ കിണറുകൾ 'ബോർ' ചെയ്തു കൃഷിക്കു ഉപയുക്തമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം. ഈ പഞ്ചായത്തിലെ ഊറ്റ വാർഡിൽ ഭഗവതി ക്ഷേത്രത്തിനുസമീപം ഭൂഗർഭ ജല സ്രോതസ്സുകളുണ്ട്. ഇവിടെ കുളം നിർമ്മിച്ച് വെള്ളം ലിഫ്റ്റ് ചെയ്താൽ വളരെയധികം പ്രദേ

ശത്തു കൃഷിക്കു വൻ പുരോഗതി ഉണ്ടാക്കുവാൻ സാധിക്കും. ഇതിനാവശ്യമായ നടപടി സ്വീകരിക്കണം.

നൂറടിവരെ ഭൂഗർഭജലം ലഭിക്കുന്ന കൃഷിക്കാർക്ക് കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റ് ഘടിപ്പിക്കുന്നതിനും സബ്സിഡിയും ലോണും ലഭ്യമാക്കണം. 250 അടിക്കു മുകളിൽ ട്യൂബ് വെൽകുഴിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുന്ന കൃഷിക്കാർക്ക് ചെലവിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയും ലോണും പ്രത്യേകമായി അനുവദിക്കണം.

ഉല്പാദനശേഷി കുറഞ്ഞ തെങ്ങുകൾ മുറിച്ചു മാറ്റി ഉല്പാദന ശേഷികൂടിയ തൈകൾ നടുന്നതിന് തൈകളും ധനസഹായവും നൽകണം.

കൃഷിഭവനോടനുബന്ധിച്ച് മണ്ണു പരിശോധന നടത്തി വിദഗ്ദമായ ഉപദേശം കർഷകർക്ക് നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

കാഞ്ഞിരംകുളം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധയിനം തെങ്ങു രോഗങ്ങൾ കണ്ടുവരുന്നു. അവയ്ക്കുവേണ്ട ശാസ്ത്രീയമായ രോഗനിവാരണ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും രോഗമുള്ള പ്രദേശങ്ങൾ ഒരേ സമയത്തു മരുന്ന് തളിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം. കൂടാതെ സഞ്ചരിക്കുന്ന മണ്ണു പരിശോധന ലാബ് മാസത്തിലൊരിക്കൽ കൃഷിഭവനിൽ വന്ന് മണ്ണ് പരിശോധിച്ച് ഉടനെ റിസൾട്ട് നൽകാനുള്ള നടപടി സ്വീകരിക്കണം. കാർഷിക ഉല്പന്നങ്ങൾക്ക് കർഷകന് ന്യായമായ വില കിട്ടുന്നതിന് പഞ്ചായത്തു തലത്തിൽ സംഭരണ സംസ്ക്കരണ വിപണന ശൃംഖലക്ക് രൂപം നൽകി എല്ലാകാലത്തും കർഷകന് ന്യായമായ വില ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ചിരട്ട, തൊണ്ട്, ഇളനീർ, തേങ്ങാവെള്ളം, തെങ്ങിൻ തടി ഇവ ഉപയോഗിച്ച് വിവിധയിനം തൊഴിൽ മേഖലകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

കൃഷിഭവനിൽ നിന്ന് സബ്സിഡി ഇനത്തിൽ കൃഷിക്കാർക്ക് നൽകുന്ന വളം യഥാസമയം ലഭിക്കുന്നില്ല. കാലവർഷാരംഭത്തിൽ തന്നെ സബ്സിഡി വളം കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. എന്നാൽ മാത്രമേ ഉദ്ദേശിച്ച പ്രയോജനം ലഭിക്കുകയുള്ളൂ.

കാഞ്ഞിരംകുളം പഞ്ചായത്തിൽ ഇടവിള കൃഷിയായി കൊക്കോ കൃഷി പ്രോത്സാഹിപ്പിച്ചാൽ സബ്സിഡി ലഭിക്കുന്നതോടൊപ്പം തെങ്ങുകൃഷിക്ക് പ്രോത്സാഹനവുമാണ്.

കൃഷിഭൂമി തുണ്ടുതുണ്ടുകളായതിനാൽ മുൻകാലങ്ങളിൽ കൃഷി ചെയ്തുവന്നിരുന്ന എള്ള്, നിലക്കടല, പയർ, കൂവരക്, ചാമ, ചേന, ചേമ്പ്, കൂവ, കാണം, മധുരകിഴങ്ങ്, തുടങ്ങിയ ഇടവിള കൃഷികൾ പുനരുജ്ജീവിപ്പിക്കുന്നതിന് വർദ്ധിപ്പിച്ച സബ്സിഡി ചെറുകിട കർഷകർക്ക് ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ഭീമമായ കൃഷിചെലവം ലഘൂകരിക്കാൻ കർഷകർക്ക് ഹെക്ടറടിസ്ഥാനത്തിൽ 5000/-രൂപയിൽ കുറയാത്ത ധനസഹായം വർഷന്തോറും നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഒരേക്കറിൽ 70 തെങ്ങ് മാത്രമെ ശാസ്ത്രീയമായി കൃഷി ചെയ്യാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ 200-ൽ കൂടുതൽ ഉള്ളത് കുറയ്ക്കുന്നതിന് ബോധവൽക്കരണം നടത്തണം.

വളം

ആദ്യകാലങ്ങളിൽ പച്ചില, ചാണകം, ചാരം തുടങ്ങിയ ജൈവ വളങ്ങളാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ കൂടുതൽ ഉല്പാദനത്തിനുവേണ്ടി രാസവളങ്ങൾ കൃഷിക്കാർ ഉപയോഗിക്കാൻ തയ്യാറായതിന്റെ അടിസ്ഥാനത്തിൽ ഉല്പാദനം വർദ്ധിച്ചെങ്കിലും മണ്ണിന്റെ ഘടനയിലും മേന്മയിലും സാരമായ മാറ്റം സംഭവിച്ചു. ഇത് കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധന്മാർക്ക് ബോദ്ധ്യമായതിനെ തുടർന്ന് ജൈവ വളപ്രയോഗം വർദ്ധിപ്പിക്കണമെന്ന് കണ്ടെത്തിയിരിക്കയാണ്. ആയതിനാൽ ജീവാണു വള ഉപയോഗം കൂട്ടുന്നതിനായി സബ്സിഡി നിരക്കിൽ കൃഷിഭവനിലൂടെ വിതരണം ചെയ്യണം.

തെങ്ങ്

ഈ പഞ്ചായത്തിൽ മിക്കവാറും എല്ലാസ്ഥലത്തും തെങ്ങുകൃഷി ചെയ്തുവരുന്നു. ഏകദേശം 75ലക്ഷം നാളികേരം ഉല്പാദിപ്പിക്കപ്പെടുന്നു. തെങ്ങിൻ തോട്ടങ്ങൾ കുറെയേറെ ഉണ്ടെങ്കിലും പുരയിടങ്ങളുടെ വിസ്തീർണ്ണം വളരെ കുറവാണ്. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ പഞ്ചായത്തിന്റെ ബഹുഭൂരിപക്ഷം പ്രദേശങ്ങളിലും വരൾച്ചയനുഭ

കാഞ്ഞിരംകുളം പഞ്ചായത്തിലെ തെങ്ങുകൃഷിയുടെ വിവരം

SlNo.	വാർഡുനമ്പർ	കായ്ഫലം ഇല്ലാത്ത് തെങ്ങ്	കായ്ഫലമുള്ള തെങ്ങ്	ആകെ തെങ്ങ്	കൊമ്പൻ ചെല്ലി	ചെമ്പൻ ചെല്ലി	ഓലചീയൽ	കൂമ്പുചീയൽ	ചെന്നീരൊലിപ്പ്
1	1	8734	10473	19207	414	45	210	10	85
2	2	7949	9957	17906	318	4	160	12	38
3	3	21961	19965	41926	218	33	150	11	36
4	4	14675	19674	29349	418	21	140	8	27
5	5	9402	7234	16636	319	21	210	4	40
6	6	7317	6931	14248	212	30	201	8	30
7	7	10792	10608	21400	312	24	114	7	20
8	8	20862	23047	43909	214	28	115	7	18
9	9	13962	14080	18042	313	26	101	6	15

വപ്പെടുന്നു.

ചെന്തീരൊലിപ്പ്, കൂമ്പ്, ചീയൽ, ഓലപൊരിയൽ എന്നീരോഗങ്ങൾ പഞ്ചായത്തിന്റെ ചിലയിടങ്ങളിലെ തെങ്ങിൻ പറമ്പുകളിൽ വരുന്നു. തെങ്ങിന് പ്രധാനമായും ജൈവവളമാണ് ചെയ്തുവരുന്നത്. മിക്കവാറും വർഷത്തിൽ ഒരിക്കൽ മാത്രമാണ് വളപ്രയോഗം നടത്തുന്നത്. വർഷാവസാനം തെങ്ങിൻ പറമ്പുകളിലെ 'കിള' എന്ന കൃഷിരീതി കുറഞ്ഞുവരുന്നതിന്റെ കാരണവുമിതാണ്.

പ്രശ്നം 1. നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നില്ല.

നിർദ്ദേശം: ചെലവുമായി ബന്ധപ്പെടുത്തി താങ്ങുവില

കാലാകാലങ്ങളിൽ നിശ്ചയിക്കുക, സഹകരണ മേഖലയിൽ കൊപ്രാസംഭരണമില്ലുകൾ സ്ഥാപിക്കുക, മഴക്കാലത്ത് കൊപ്ര ഉണക്കുന്നതിന് കൊപ്ര ട്രയർ സ്ഥാപിക്കുക. കൊപ്ര, ചകിരി, ചിരട്ട, മുതലായവ ഉപയോഗിച്ചുള്ള ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.

പ്രശ്നം 2. ചെന്നീരൊലിപ്പ് കൂമ്പ്ചീയൽ, ഓലചീയൽ, ചെമ്പൻ ചെല്ലിയുടെ ആക്രമണം എന്നീവ മൂലം തെങ്ങുകൾ നശിക്കുന്നു.

ഗ്രാമസഭാ നിർദ്ദേശം: കേടുവന്ന തെങ്ങുകൾ മുറിച്ചു മാറ്റുന്നതിനു പകരം നല്ലയിനം തൈകൾ വെയ്ക്കുന്നതിനും കൃഷിഭവൻവഴി സാമ്പത്തിക സഹായം ചെയ്യുക. രോഗങ്ങൾക്കുള്ള മരുന്ന് തളിക്കുന്നതിന് കേന്ദ്രീകൃതമായ ഒരു സംവിധാനം ഏർപ്പെടുത്തണം പുരയിടങ്ങളിലെ ചെറുകിട കൃഷിയിടങ്ങളിൽ ഇങ്ങനെയുള്ള കേന്ദ്രീകൃത സംവിധാനം വളരെ ഫലപ്രദമായിരിക്കും. കൃഷിഭവന്റെയോ, പഞ്ചായത്തിന്റെയോ കീഴിൽ ഇതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

പ്രശ്നം 3. ജലസേചന സൗകര്യം വേണ്ടത്ര ലഭിക്കുന്നില്ല.

ഗ്രാമസഭാനിർദ്ദേശം: പഞ്ചായത്തിന്റെ എല്ലാഭാഗത്തേക്കും വെള്ളം ലഭിക്കത്തക്കതരത്തിലുള്ള ലിഫ്ട് ഇറിഗേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

കേര സംരക്ഷണ സമിതി പുനഃസംഘടിപ്പിച്ച് പ്രവർത്തിക്കേണ്ടതാണ്.

വാഴ

പഞ്ചായത്തു പ്രദശങ്ങളിൽ തെങ്ങിന് ഇടവിളയായി വാഴ കൃഷിചെയ്യുന്നു. തോട്ടം എന്ന നിലയിൽ ഈ കൃഷി വ്യാപകമായില്ല. നേന്ത്രവാഴ, പാളയംതോടൻ, മൈസൂർ പൂവൻ എന്നിവയാണ് പ്രധാന ഇനങ്ങൾ. കൂമ്പടപ്പൻ, തണ്ടുതുരപ്പൻ തുടങ്ങിയ രോഗങ്ങൾ കണ്ടു വരുന്നു. ഇതിന് 100% വിജയപ്രദമായ രോഗനിവാരണമില്ല. വാഴയ്ക്ക് ജൈവവളവും, രാസവളവും ഉപയോഗിക്കുന്നുണ്ട്. ജലസേചന സൗകര്യക്കുറവ് ഈ കൃഷിയെ സാരമായി ബാധിക്കുന്നു.

പ്രശ്നം1 : ജലസേചന സൗകര്യം വേണ്ടത്ര ഇല്ല.

ഗ്രാമസഭയുടെ നിർദ്ദേശം: തെങ്ങിന്റെയും മറ്റു കാര്യത്തിൽ പറഞ്ഞതുപോലെ ലിഫ്ട് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കി വെള്ളം ലഭ്യമാക്കാവുന്നതാണ്. കിണറുകളിൽ മോട്ടോറും, പമ്പും വെയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം കിണറിന്റെ ആഴത്തിന്റെ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്.

പ്രശ്നം 2 : കൂമ്പടപ്പ്, തണ്ടുതുരപ്പൻ എന്നിവ വാഴകൃഷിക്കു നാശം വരുത്തുന്നു.

ഗ്രാമസഭാ നിർദ്ദേശം: ഈ രോഗത്തിനു ഫലപ്രദമായ മരുന്ന് കണ്ടെത്തിയിട്ടില്ല. നശിക്കുന്ന വഴയ്ക്ക് പകരം വാഴ നടുന്നടിനുള്ള സഹായം കൃഷിഭവൻ വഴി ലഭ്യമാക്കണം. രോഗകീടവിമുക്തമായ വാഴകന്നുകൾ തെരഞ്ഞെടുത്ത് കൃഷിഭവൻ മുഖാന്തരം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

പ്രശ്നം 3: ന്യായമായ വില എല്ലാക്കാലത്തും ലഭ്യമല്ല.

ഗ്രാമസഭയുടെ നിർദ്ദേശം: ഇടത്തട്ടുകാരെ ഒഴിവാക്കി വിപണന രംഗത്ത് സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുക.

പച്ചക്കറി

പഞ്ചായത്തിൽ ഇപ്പോൾ പച്ചക്കറികൃഷി ഇല്ല. വീടുകളിൽ അടുക്കളത്തോട്ടങ്ങൾ കണ്ടുവരുന്നു. ജലത്തിന്റെ ലഭ്യതകുറവാണ്. പച്ചക്കറികൃഷി നടക്കാതിരിക്കുന്നതിനുള്ള മുഖ്യകാരണം മിക്കവാറും ജൈവവളമാണ് ഈ കൃഷിക്ക് ഉപയോഗിക്കുന്നത് ചിലതരം പുഴുക്കൾ പച്ചക്കറികൃഷിക്ക് നാശം വിതക്കുന്നു. ജലസേചന സൗകര്യക്കുറവ് ഈ കൃഷിയെ

സാരമായി ബാധിക്കുന്നു.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. പച്ചക്കറി, കൃഷിക്കാവശ്യമായ വിത്ത്, വളം ഇവ കർഷകർക്ക് സൗജന്യമായി ലഭിക്കുന്നതിനും ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിന് ആവശ്യമായ ഉപദേശവും കൃഷിഭവനിൽ നിന്നും ലഭ്യമാക്കണം.

2. നമുക്ക് ലഭ്യമാകുന്ന പച്ചക്കറികളുടെ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നതാണ്. അതു കൊണ്ട് തന്നെ ഈ കൃഷിയുടെ പ്രാധാന്യം വളരെയേറെ വർദ്ധിക്കുന്നു. ഇതിന് പരിഹാരമായി എല്ലാവീടുകളിലും അടുക്കളത്തോട്ടങ്ങൾ നിർബ്ബന്ധമാക്കാവുന്നതാണ്. അതിനുവേണ്ടി നല്ലയിനം വിത്തും ആവശ്യമായ രാസവളവും സൗ ജന്യ നിരക്കിൽ നൽകുകയും വീടുകളിൽ തന്നെ കൃഷിക്കാവശ്യമായ കമ്പോസ്റ്റ് വളനിർമ്മാണത്തിനു വേണ്ട പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകണം സ്ത്രീകൾക്ക് ഇതിനുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നതിന് കൃഷിഭവൻ സഹായിക്കേണ്ടതാണ്.

കുരുമുളക് കൃഷി

പലസ്ഥലങ്ങളിലും തെങ്ങിൻപുരയിടങ്ങളിലും ഇടവിളയായി കുരുമുളക് കൃഷി ചെയ്യുന്നു. പഞ്ചായത്തിന്റെ ഏകദേശം എല്ലാ പ്രദേശങ്ങളിലും ഇത് കൃഷി ചെയ്തുവരുന്നു. പഞ്ചായത്തിൽ അനുഭവപ്പെടുന്ന വരൾച്ച ഈ കൃഷിയെ ബാധിക്കുന്നു. ദ്രുതവാട്ടം എന്ന രോഗം ഈ കൃഷിയിൽ കണ്ടുവരുന്നു. സാധാരണയായി ഈ കൃഷിക്ക് വളപ്രയോഗം നടത്താറില്ല. നാടൻ ഇനമാണ് കണ്ടുവരുന്നത് അത്യുൽപാദനശേഷിയുള്ളതും രോഗകീടപ്രതിരോധ ശക്തിയുള്ളതുമായ കുരുമുളക് വള്ളികൾ കൃഷിഭവനിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുണം.

മരച്ചീനി

പണ്ടുകാലത്ത് കാഞ്ഞിരംകുളം പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിൽ ധാരാളമായി കൃഷി ചെയ്തിരുന്നത് മരച്ചീനിയാണ്. ഇപ്പോൾ ഇത് വളരെ കുറഞ്ഞിട്ടുണ്ട് ഇത് തെങ്ങിന് ഇടവിളയായി കൃഷി ചെയ്തുവരുന്നു. ജൈവ വളമാണ് ഇതിന് പ്രധാനമായി ഉപയോഗിക്കുന്നത് ഉൽപാദനം ക്ഷമതയുള്ള മരിച്ചീനി കമ്പുകൾ കൃഷിഭവനിലൂടെ വിതരണം ചെയ്യണം.

മറ്റുവിളകൾ

പഞ്ചായത്തിൽ മുൻ കാലങ്ങളിൽ സുലഭമായിരുന്ന കശുമാവ്, പ്ലാവ്, മാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ ജനസംഖ്യാ വർദ്ധനവിനുസരിച്ച് ഫലവൃക്ഷങ്ങളുടെ എണ്ണത്തിന് സാരമായ കുറവ് സംഭവിച്ചു. പുരയിടങ്ങൾ ചെറുതായപ്പോൾ ഫലവൃക്ഷങ്ങൾക്ക് പകരം തെങ്ങ് നടുന്നതിന് ജനങ്ങൾ താത്പര്യം പ്രകടിപ്പിച്ചു. 1980 കളിൽ വളരെയധികം പ്രചാരം കൊടുത്ത കൊക്കോ നമ്മുടെ പഞ്ചായത്തിൽ ധാരാളം കൃഷിചെയ്യുകയുണ്ടായി. എന്നാൽ സംസ്ക്കരണത്തിനും വിപണനത്തിനുമുള്ള സൗകര്യക്കുറവ് ഈ കൃഷി ഉപേക്ഷിക്കാൻ ജനങ്ങൾ നിർബന്ധിതരായി. ആസൂത്രണത്തിലുള്ള പോരായ്മയായിരുന്നു ഇതിനുകാരണം. കാഞ്ഞിരംകുളം പഞ്ചായത്തിന് യോജിച്ച കൃഷികളായ നിലകടല, ഇഞ്ചി, മഞ്ഞൾ ഇവ പ്രോത്സാഹിപ്പിക്കൻ വളം, കീടനാശിനി ഇവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.

നൂതന കൃഷിമേഖലകൾ

പുഷ്പകൃഷി. ആന്തുറിയം, ഓർക്കിഡ്, കുറ്റിമുല്ല തുടങ്ങിയ പൂക്കളുടെ കൃഷി പ്രോത്സാഹിപ്പിക്കേണ്ടിതാണ്. ഇതിന് സൗകര്യപ്രദമായ വീടുകൾ കണ്ടെത്തി അവർക്ക് വേണ്ട പരിശീലനം നൽകേണ്ടതാണ്. പൂക്കൾ വിറ്റഴിക്കുന്നതിന് ആവശ്യമായ സംവിധാനം പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തേണ്ടതാണ്. ഇതിന് ആവശ്യമായ തൈകളും വിദഗ്ധ ഉപദേശവും കൃഷിഭവനിൽ നിന്നും ലഭ്യമാക്കണം.

കൂൺകൃഷി

ഒരുകുടിൽ വ്യവസായം എന്ന നിലയിൽ കൂൺ കൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഏറ്റവും എളുപ്പത്തിൽ കൃഷി ചെയ്തു വിളവെടുക്കാവുന്ന ഈ കൃഷിക്ക് വേണ്ടതായ വിത്തും, പരിശീലനവും കൃഷിഭവൻ വഴി ചെയ്തു കൊടുക്കേണ്ടതാണ്.

പട്ടുനൂൽ കൃഷി

പട്ടുനൂൽ കൃഷി കുടുംബ വരുമാന വർദ്ധനവിനുള്ള ഒരു മാർഗ്ഗമാണ് ഇതിന് സന്നദ്ധരായവരെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഈ കൃഷിക്ക് ധാരാളം സാദ്ധ്യതകൾ ഉണ്ടാക്കുന്നതിനു വേണ്ട പരിശീലനവും ലഭ്യമാക്കേണ്ടതാണ്.

തേനീച്ച

തേനീച്ച കൃഷി മുൻകാലങ്ങളിലെപ്പോലെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതിനു വേണ്ടതായ കൂടും മറ്റുപകരണങ്ങളും സൗജന്യ നിരക്കിൽ ലഭ്യമാക്കുകയും പുതിയ സംരംഭകർക്ക് വേണ്ട പരിശീലനം നൽകുകയും വേണം.

മേൽവിവരിച്ച കാര്യങ്ങൾ പരിഗണിക്കുമ്പോൾ കർഷകനെ ബോധവാനാക്കാൻ രണ്ടുമാസത്തിലൊരിക്കലെങ്കിലും പഞ്ചായത്തു തലത്തിൽ ഒരു സെമിനാർ നടത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാണ്. ആയതിനാൽ കൃഷിഭവൻ മുഖാന്തരം സെമിനാറുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. എല്ലാവിളകൾക്കും പരിധി ഇല്ലാതെ വിള ഇൻഷുറൻസ് ഏർപ്പെടുത്തുക ജൈവവളത്തിനും ഇന്ധനത്തിനുമായി ബയോഗ്യാസ് പ്ലാന്റുകൾ പ്രോത്സാഹിപ്പിക്കുവാൻ സബ്സിഡി വർദ്ധിപ്പിക്കുക.

വിള	വിസ്തീർണ്ണം	മൊത്തം ഉത്പാദനം	ഉത്പാദനക്ഷമത ഹെക്ടറിൽ
നെല്ല് (ഒന്നാംവിള)			
നെല്ല് (രണ്ടാംവിള)			
നെല്ല് (മൂന്നാംവിള)			
കടല	10 H2	10H2	
എള്ള്	3H2	3H2	
പച്ചക്കറികൾ	8H2	8H2	
തെങ്ങ്	125H2	125H2	4950 എണ്ണം/H2
വാഴ	5H2	4H2	7.600/H2
മരിച്ചീനി	90H2	90H2	17.500/H2
മറ്റുവകകൾ	3H2	3H2	

മൃഗസംരക്ഷണം

കഴിഞ്ഞ രണ്ടു ദശാബ്ദ കാലയളവിൽ മൃഗ സംരക്ഷണ രംഗത്ത് അനന്യമായ വളർച്ചയും വികാസവുമാണ് ഉണ്ടായിട്ടുള്ളത്. പ്രധാനമായും പാലിന്റെ ഉല്പാദനത്തിലും ഉപഭോഗത്തിലും കൈവരിച്ച വളർച്ച അസൂയാവഹമാണ്. നാടൻ പശുക്കളുടെ ഉല്പാദനം 30% മാത്രം വർദ്ധിച്ചപ്പോൾ ഉയർന്ന ജനിതക ഗുണമുള്ള സങ്കരയിനം പശുക്കളിൽനിന്നുള്ള ഉല്പാദനം 80% വരെ ഉയരുകയുണ്ടായി. കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനയും ജനിതകഗുണ മേന്മാവർദ്ധനയും ഉല്പാദന ക്ഷമതാവർദ്ധനവും സാദ്ധ്യമാക്കാൻ നമുക്കു കഴിഞ്ഞു. ക്ഷീരവിപണന രംഗത്തുണ്ടാക്കിയ ഘടനാപരമായ മാറ്റങ്ങളും ഏറെ ശ്രദ്ധേയമായിരുന്നു.

കോഴിയിറച്ചിയുടെയും, കോഴിമുട്ടയുടെയും ആഭ്യന്തര ഉപഭോഗം വർദ്ധിച്ചിട്ടുണ്ടെങ്കിലും ആവശ്യത്തിലധിഷ്ഠിതമായ ആഭ്യന്തര ഉല്പാദനം ഇനിയും സാധിത പ്രായമായിട്ടില്ല. കേരളത്തിൽ മാംസത്തിന്റെ ആവശ്യം അനുദിനം വർദ്ധിച്ചുവരികയാണ്. മാംസോല്പാദന, സംസ്കരണ, വിപണനരംഗമാകട്ടെ അസംഘടിത മേഖലയിലും, കേരളത്തിലെ മാംസോല്പോദനത്തിനുള്ള മൃഗങ്ങളിൽ 85 മുതൽ 90 ശതമാനം വരെ അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ക്രിയവിക്രയം ചെയ്യപ്പെടുന്ന സമ്പത്തിന്റെ ഏറിയകൂറും സംസ്ഥാനത്തിന് പുറത്തേക്ക് ഒഴുകുന്നു. അതുകൊണ്ടുതന്നെ സ്വയം പര്യാപ്തതക്കുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പക്ഷം ഈ സമ്പത്ത് ഗ്രാമീണ ഉല്പാദകന്റെ കൈകളിൽ എത്തിച്ചേരും. ഹൃസ്വകാലാടിസ്ഥാനത്തിൽ പുരുങ്ങിയ മൂലധനനിക്ഷേപം കൊണ്ട് കൂടുതൽ സമ്പത്ത് വർദ്ധനയ്ക്കുള്ള മേഖല ഒരു പക്ഷേ മൃഗസംരക്ഷണ മേഖലയാണ് എന്നു പറയാം. പക്ഷേ ഈ മേഖലയുടെ സാദ്ധ്യതകളെ പൂർണ്ണമായും ചൂഷണം ചെയ്യാൻ കഴിഞ്ഞ പഞ്ചവത്സരപദ്ധതികൾക്ക് ഒന്നും തന്നെ സാധിച്ചിട്ടില്ലാ എന്നുള്ളതാണ് യഥാർഥ വസ്തുത.

സംസ്ഥാനത്തിന്റെ കന്നുകാലി സമ്പത്തിന്റെ 94%വും ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമാണ്. ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യ പ്രക്രിയ ആണെന്നതിനാൽ മൃഗ സംരക്ഷണമേഖലയിൽ ഉണ്ടാകുന്ന ഏതു പുരോഗതിയും ഗ്രാമീണ സമ്പത്ഘടനയെ സമ്പുഷ്ടമാക്കുമെന്ന് വ്യക്തം.

കാഞ്ഞിരംകുളം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പകുതിയിലധികം വരുന്ന ചെറുകിട പരിമിതകർഷകകരും കർഷകത്തൊഴിലാളികളും അവരുടെ മുഖ്യതൊഴിലായോ ഉപതൊഴിലായോ മൃഗ സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുവരുന്നു. ഇതിൽ പ്രധാനമായിട്ടുള്ളത് പശുവളർത്തൽ, ആടുവളർത്തൽ, എരുമവളർത്തൽ, കോഴിവളർത്തൽ എന്നിവയാണ്. ഉദ്ദേശം 43 വർഷങ്ങൾക്കു മുൻപു തന്നെ സങ്കരയിനം പശുക്കളെ വളർത്തുന്നതിൽ ഈ പഞ്ചായത്തിലെ കർഷകർ താല്പര്യം കാണിക്കുകയും നല്ലരീതിയിൽ സങ്കരയിനം പശുക്കളെ വളർത്തുകയും ചെയ്തു വരുന്നു. കൃത്രിമ ബീജ സങ്കലന പദ്ധതി പ്രകാരം നമ്മുടെ സംസ്ഥാനത്ത് പ്രചാരത്തിൽ വന്ന എല്ലായിനം സങ്കരയിനം പശുക്കളെയും വളർത്തുന്നതിൽ ഈ പ്രദേശത്തെ കർഷകർ താല്പര്യം കാണിച്ചു വരുന്നു. അതുപോലെ ആടുവളർത്തലിലും, ഇറച്ചിക്കോഴിവളർത്തലിലും, മുട്ടക്കോഴിവളർത്തലിലും വളരെയധികം താല്പര്യം കാണിക്കുന്ന ജനങ്ങളാണ് അധികം പേരും.

മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തിൽ നെല്ലിയ്ക്കാക്കുഴിവാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു മൃഗാശുപത്രിയും ചാണിവാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു I.C.D.P. Sub സെന്ററും, മാവിള വാർഡിൽ ഒരു പൗൾട്രിയൂണിറ്റും പ്രവർത്തിച്ചുവരുന്നു. കന്നുകാലികൾക്കുള്ള ചികിത്സാ സൗകര്യം മൃഗാശുപത്രിയിൽ നിന്നും കൃത്രിമ ബീജ സങ്കലനത്തിനുള്ള സൗകര്യം മൃഗാശുപത്രിയിലും I.C.D.C sub സെന്ററിലും നിന്നും ലഭിക്കുന്നു. പൗൾട്രിയൂണിറ്റിൽ മുൻകാലങ്ങളിൽ മുട്ടക്കോഴികളെ വളർത്തി സമീപ പ്രദേശങ്ങളിൽ ആവശ്യമുള്ള മുട്ട വിതരണം ചെയ്തു വന്നിരുന്നു. ഇപ്പോൾ സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലേക്ക് ആവശ്യമുള്ള കോഴിക്കുഞ്ഞുങ്ങളെ വളർത്തി നല്കുന്നതിനാണ് ഈ യൂണിറ്റ് ഉപയോഗിക്കുന്നത്. ഈ വക പ്രവർത്തനങ്ങൾക്ക് വളരെ പരിമിതമായ സൗകര്യം മാത്രമാണ് ഇവിടെയുള്ളത്.

ഈ ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയുടെ ചില അത്യാവശ്യ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രത്യേക ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പ്രധാന നിർദ്ദേശങ്ങൾ

1) മൃഗാശുപത്രിക്ക് സ്വന്തമായി സ്ഥലവും സൗകര്യപ്രദമായ കെട്ടിടവും ഡോക്ടറുടെ സേവനം 24 മണിക്കൂറും ലഭ്യമാകുവാനായി ഡോക്ടർക്ക് താമസിക്കുവാൻ ക്വാട്ടേഴ്സ് സൗകര്യവും ഉണ്ടാകണം.

2) കാലിതീറ്റ നിർമ്മാണത്തിനാവശ്യമായ സംവിധാനം പഞ്ചായത്തു തലത്തിൽ ഉണ്ടാകണം.

3) കാലിത്തീറ്റ ന്യായമായ വിലയ്ക്ക് ലഭ്യമാക്കണം.

4) പാലിന് ന്യായമായ വില ലഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണം.

5) കറവമാടുകൾ, മുട്ടക്കോഴി, ഇറച്ചിക്കോഴി എന്നിവ വളർത്തുന്നതിന് ആവശ്യമായ പ്രോത്സാഹനവും വായ്പാ സൗകര്യങ്ങളും ലഭ്യമാക്കണം.

6) കന്നുകാലികളുടെ എണ്ണത്തിന് അനുസൃതമായി കൂടുതൽ I.C.D.P. Sub. സെന്ററുകൾ തുടങ്ങണം.

7) നിലവിലുള്ള ആശുപത്രി സൗകര്യം വിപുലീകരിച്ച ഒന്നിലധികം ഡോക്ടർമാരുടെ സേവനവും രോഗനിർണ്ണയത്തിനുള്ള ആധുനിക സൗകര്യങ്ങളും വീട്ടുപടിക്കൽ സേവനം എത്തിക്കുന്നതിനു വേണ്ട സൗകര്യങ്ങളും നടപ്പിൽ വരുത്തണം.

8) പ്രതിരോധ കുത്തിവയ്പിനുള്ള നടപടികൾ വ്യാപകമാക്കണം.

9) കർഷകർക്കുവേണ്ട പരിശീലന പരിപാടികൾ വിപുലമായി നടപ്പിൽ വരുത്തണം.

10. വന്ധ്യതാനിവാരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തണം.

11) മൃഗസംരക്ഷണ മേഖലയിൽ ആവശ്യമായ തീറ്റ, മരുന്നുകൾ, വാക്സിൻ, മുതലായവ ന്യായവിലയ്ക്ക് ലഭ്യമാകുന്നതിനുവേണ്ട ക്രമീകരണങ്ങൾ പഞ്ചായത്തുതലത്തിൽ സഹകരണമേഖലയിൽ തുടങ്ങുന്നു.

12) ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കണം.

13) ഭ്രൂണമാറ്റം തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകൾ ജനങ്ങളിൽ എത്തിക്കുവാൻ വേണ്ട നടപടികൾ ഉണ്ടാകണം.

14) മാവിള വാർഡിൽ പ്രവർത്തിക്കുന്ന പൗൾട്രിയൂണിറ്റ് വിപുലീകരിക്കണം.

15) കർഷകരുടെ ആവശ്യാനുസരണം കൂടുതൽ പാൽസൊസൈറ്റികൾ തുടങ്ങണം.

നടപ്പുപദ്ധതികളുടെ പോരായ്മകൾ മാറ്റങ്ങൾ

I പ്രത്യേക കന്നുക്കുട്ടി പരിപാലനപദ്ധതി

നടപ്പുപദ്ധതികളിൽ ഏറ്റവും പ്രധാന്യം അർഹിക്കുന്ന ഒന്നാണ് പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി. ജനിതക ഗുണമുള്ള പശുക്കുട്ടികളെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ചെറുകിട പരിമിത കർഷകർ, കർഷകത്തൊഴിലാളികൾ, പട്ടികജാതി, പട്ടികവർഗ്ഗക്കാർ എന്നിവരിൽ നിന്നും തെരഞ്ഞെടുത്ത് അവയ്ക്കു വേണ്ട തീറ്റ പകുതി വിലയ്ക്കു നല്കുകയും, ആവശ്യമായ പരിചരണം ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. ഈ പദ്ധതി പ്രകാരം പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുന്നതിനും, ആദ്യപ്രസവം 30 മാസത്തിനുള്ളിൽ സാദ്ധ്യമാക്കുന്നതിനും സാധിക്കുന്നു. വളരെ ചുരുക്കം കർഷകർക്കുമാത്രമെ ഈ പദ്ധതിയുടെ പ്രയോജനം ഇപ്പോൾ ലഭ്യമാകുന്നുള്ളൂ. കൃത്രിമ ബീജ സങ്കലനത്തിലൂടെ ലഭിക്കുന്ന എല്ലാ പശുക്കുട്ടികളെയും നല്ലരീതിയിൽ വളർത്തി എടുത്താൽ മാത്രമെ നാം ഉദ്ദേശിക്കുന്ന രീതിയിൽ പാലുല്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. പശുക്കുട്ടികളെ വളർത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് സാമ്പത്തിക പരിധി ബാധകമാക്കാതെ തന്നെ

കൃത്രിമ .ബീജ സങ്കലനം വഴി ലഭിക്കുന്ന എല്ലാ കന്നുക്കുട്ടികളെയും ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടു വരത്തക്കരീതിയിൽ ഈ പദ്ധതി വിപുലീകരിക്കേണ്ടതാണ്.

പേ വിഷനിയന്ത്രണ പദ്ധതി

ഘട്ടംഘട്ടമായി പേ വിഷബാധ നിർമ്മാജ്ജനം ചെയ്യുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പേ വിഷത്തിനുള്ള വാക്സിൻ പകുതിവിലയ്ക്ക് കർഷകന് ലഭ്യമാക്കുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വളർത്തുനായ്ക്കളെ പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കുകയും ചെയ്യണം. നായ്ക്കളെ വളർത്തുന്നവർ ലൈസൻസ് നിർബന്ധമായും എടുത്തിരിക്കണം.

ഓരോ വർഷവും പ്രതിരോധത്തിന് ആവശ്യമായ വാക്സിൻ വാങ്ങുന്നതിന് വളരെ ചുരുങ്ങിയ പദ്ധതി വിഹിതമാണ് ലഭിക്കുന്നത്. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനും ലൈസൻസ് നിർബന്ധമാക്കുന്നതിനും സ്വയം ഭരണസ്ഥാപനങ്ങൾ വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കുന്നില്ല.

പേവിഷ നിർമ്മാജ്ജനം പഞ്ചായത്തുതലത്തിൽ ബഹുജന പങ്കാളിത്തത്തോടുകൂടി ഒരു തീവ്രയജ്ഞ പരിപാടിയായി നടത്തേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തിലെ എല്ലാവളർത്തു നായ്ക്കളെയും പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കുകയും, അലഞ്ഞുതിരിയുന്ന എല്ലാ നായ്ക്കളെയും നശിപ്പിക്കുകയും ചെയ്യത്തക്കരീതിയിൽ ഈ പദ്ധതി വിപുലീകരിക്കേണ്ടതാണ്. വിപുലമായ ബോധവല്ക്കരണ പരിപാടിയും ഇതോടൊപ്പം നടപ്പാക്കണം.

കാലിരോഗ നിയന്ത്രണ പദ്ധതി

സംസ്ഥാനത്ത് പടർന്നു പിടിക്കാൻ സാദ്ധ്യതയുള്ള കാലിവസന്ത, കുളമ്പുരോഗം, എന്നിവയെ നിയന്ത്രിക്കുവാനും ഈ പദ്ധതിയുലൂടെ പ്രതിരോധ കുത്തിവയ്പ് നല്കി വരുന്നുണ്ടെങ്കിലും അതിന്റെ പ്രയോജനം എല്ലാകർഷകർക്കും ലഭ്യമാകത്തക്കരീതിയിൽ വ്യാപകമാക്കണം.

പന്നിവളർത്തൽ വികസന പദ്ധതി

പന്നിയിറച്ചിയുടെ ഉല്പാദനവും ലഭ്യതയും വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയിലേയ്ക്ക് ആവശ്യമായ പന്നിക്കുട്ടികളെ ലഭ്യമാക്കുവാൻ കഴിയുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. സർക്കാർ ഫാമുകളാണ് ഇപ്പോൾ ഏക ആശ്രയം. മറ്റ് ഏജൻസികളുടെയും സ്വകാര്യസ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ പന്നിക്കുട്ടികളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുവാൻ കഴിയണം.

ആടുവളർത്തൽ പദ്ധതി

മലബാരി ആടുകളുടെ വംശനാശം ഒഴിവാക്കുവാൻ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നു.

ആടുവളർത്തലിന് കാഞ്ഞിരംകുളം പഞ്ചായത്ത് വളരെ അനുയോജ്യമായ ഒരു പ്രദേശമാണ്. ഈ പ്രദേശത്തിന്റെ വിഭവങ്ങളായ തേങ്ങോല, വാഴയില, പ്ലാവില, മുതലായവ പ്രയോജനപ്പെടുത്തി താല്പര്യമുള്ള എല്ലാ കർകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കത്തക്ക രീതിയിൽ പദ്ധതി വിപുലീകരിക്കണം. ദുർബലരായ കർഷകർക്കും പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കും ഈ പദ്ധതിയുടെ പ്രയോജനം സൗജന്യമായും മറ്റു താല്പര്യമുള്ള കർഷകർക്ക് ഈ പദ്ധതി നടപ്പിലാക്കുന്നതിനം വേണ്ട വായ്പാ സൗകര്യങ്ങളും പഞ്ചായത്തു തലത്തിൽ ക്രമീകരിച്ച് നല്കേണ്ടതാണ്.

അടുക്കള മുറ്റത്തെ കോഴി വളർത്തൽ

ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ രണ്ടുമാസം വരെ വളർത്തി പൊതു ജനങ്ങൾക്ക് വിതരണം ചെയ്യുന്ന പദ്ധതിയാണിത്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യമാണ് ഏറ്റവും പ്രധാന പ്രശ്നം. പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട ചുരുക്കം കർഷകർക്കും മാത്രമെ ഈ പദ്ധതിയുടെ പ്രയോജനം ഇപ്പോൾ ലഭിക്കുന്നുള്ളൂ.

മുട്ട ഉല്പാദനം വർദ്ധിപ്പിക്കുവാൻ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ പറ്റിയ ഏറ്റവും നല്ല പദ്ധതിയാണിത്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യമാണ് ഏറ്റവും വലിയ പ്രശ്നം. പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ട ചുരുക്കം കർഷകർക്കുമാത്രമെ ഈ പദ്ധതിയുടെ പ്രയോജനം ഇപ്പോൾ ലഭിക്കുന്നുള്ളൂ.

മുട്ട ഉല്പാദനം വർദ്ധിപ്പിക്കുവാൻ സംസ്ഥാനത്തു നടപ്പിലാക്കുവാൻ പറ്റിയ ഏറ്റവും നല്ല പദ്ധതിയാണിത്. കാഞ്ഞിരംകുളം പഞ്ചായത്തിൽ താല്പര്യമുള്ള എല്ലാ വീട്ടിലും നല്ലയിനത്തിൽപെട്ട 25 കോഴി വീതമെങ്കിലും വളർത്തത്തക്കരീതിയിൽ ഈ പദ്ധതി വിപുലമായി തന്നെ നടപ്പിലാക്കേണ്ട

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്
വളർത്തുമൃഗ സംഖ്യ

വാർഡ് നമ്പർ	കാള നാടൻ		കാള സങ്കര		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
	വംശവർദ്ധനവ്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഉള്ളത്	കറവ ഉള്ളത്	കറവ ഇല്ലാത്ത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
i		1		35			136	182	6	1		992	209	
ii				1			87	142		2		248	134	
iii						3	61	96	9	9	1	180	226	
iv				2			95	79		1		241	164	
v		5		7	3	2	46	66				129	79	
vi		1			1	1	147	153				333	349	
vii				2			100	125		2		258	159	
viii							195	185	2			327	252	
ix				2			165	176				172	174	

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്
വളർത്തുപക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻ കോഴി	പിടകോഴി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
i	305	926	492	5	22	
ii	247	679	399	1	4	
iii	342	1077	450	4	61	41
iv	632	1607	600	12	60	
v	105	761	454	4	7	
vi	661	1122	595	2	9	7
vii	400	2166	274	2	8	38
viii	578	2203	2924	6	4	
ix	325	650	275	5	8	

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്
രോഗവിവരങ്ങൾ (199596)

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11	12
1	ദഹനസംബന്ധമായവ Digestive disorders	1846	98	716	6	42	364				16
2.	ശ്വാസകോശസംബന്ധമായ Respiratory diseases	548	22	345		9	989				23
3.	ഉപാപചയ സംബന്ധം Metabolic diseases.	823	61	27							
4.	ത്വക്ക് രോഗങ്ങൾ Skin diseases.	1416	114	405	5	66	166				14
5.	ധാതുലവണങ്ങളുടെഅഭാവം Deficiency diseases.	1640	46	63	13	54	413				
6.	പരാദരോഗങ്ങൾ Parasitic diseases.	1640	145	316							
7.	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെടുക Gynacological disorders	330	18								
8.	വന്ധ്യത Infertility	160	26	62							
9.	അകിടുവീക്കം Mastitis	285									
10.	മുടന്തൻ പനി Ephemeral Fever	415	15	26							
11.	പകർച്ച വ്യാധികൾ Contagion diseases.						200				
കോഴിവസന്തയ്ക്കെതിരെ നടത്തിയ പ്രതിരോധ കുത്തിവയ്പ് (1995-96)							6449				

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്
പേവിബാധ-പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവെയ്പ് നൽകിയവരുടെ എണ്ണം	-	-	-	100	-	-
കടിയേറ്റതിനു ശേഷം കുത്തിവെയപു നടത്തിയവരുടെ എണ്ണം	16	4	36	88		

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്
കൃത്രിമബീജസങ്കലന വിവരങ്ങൾ

(1995-96 വർഷത്തിൽ ആശുപത്രീവഴിയും സബ്സെന്റർവഴിയും പ്രൈവറ്റ്വഴിയും നടത്തിയ കുത്തിവയ്പ്

	വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു			2064	316
കിടാരി			410	206
എരുമ			27	8

അനുബന്ധം 1
ജനന രജിസ്റ്റർ.

ഇനം	ജനിച്ച കുട്ടികളുടെ എണ്ണം	
	ആൺ	പെൺ
പശു	166	148
എരുമ	6	5

തുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുവാൻ മാവിള വാർഡിലുള്ള പൗൾട്രി യൂണിറ്റ് ഒരു ഹാച്ചറിയായി മാറ്റേണ്ടതും ഈ കുഞ്ഞുങ്ങളെ ആദ്യ രണ്ടുമാസം വളർത്തുവാനായി Egeer Nursary പദ്ധതി വിപുലമായി നടപ്പിലാക്കേണ്ടതുമാണ്. Egger Nursary പദ്ധതി നടപ്പിലാക്കുക വഴി ഓരോ വാർഡിലും അഭ്യസ്തവിദ്യരായ 5 യുവതീയുവാക്കൾക്കെങ്കിലും സ്വയം തൊഴിലിനുള്ള അവസരം ഉണ്ടാകുന്നതാണ്.

ഇറച്ചിക്കോഴി വളർത്തൽ പദ്ധതി

ഇറച്ചിക്കോഴി വളർത്തൽ മേഖല പ്രതീക്ഷയുണർത്തുന്ന മേഖലയാണ്. പക്ഷേ ഈ മേഖലയിലെ കർഷകർ വളരെ അസംഘടിതരാണ്. പ്രാദേശിക സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മുന്നോട്ടു പോയാലെ പ്രശ്നങ്ങൾക്കു പരിഹാരമാകൂ.

മൃഗ ചികിത്സാ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തൽ

കേരളത്തിലെ ഏതാണ്ട് എല്ലാ പഞ്ചായത്തിലും മൃഗാശുപത്രിയും കൃത്രിമ ബീജ ദാനകേന്ദ്രങ്ങളും നിലവിലുണ്ട്. ഇതിനുപുറമെ ഫാമുകൾ വേറെയും പക്ഷേ പല സ്ഥാപനങ്ങളിലും മോശമായ സാഹചര്യങ്ങളും അസൗകര്യങ്ങളുമാണുള്ളത്. കാഞ്ഞിരംകുളം പഞ്ചായത്തിൽ നെല്ലിയ്ക്കാക്കുഴി വാർഡിൽ ഒരു മൃഗാശുപത്രിയും ചാണിവാർഡിൽ ഒരു കൃത്രിമ ബീജദാന കേന്ദ്രവും നിലവിലുണ്ട്. ഏകദേശം 43 വർഷം മുൻപു തുടങ്ങിയ മൃഗാശുപത്രി ഇപ്പോഴും വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 2000ത്തിൽപരം കറവമാടുകൾ ഉള്ള ഈ പഞ്ചായത്തിൽ ആശുപത്രിക്കു പുറമെ ഒരു ബീജ ദാന കേന്ദ്രം മാത്രമെ നിലവിലുള്ളൂ.

ആശുപത്രിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും അത്യാവശ്യമായി കണ്ടെത്തണം. അതോടൊപ്പം ഒന്നിലധികം ഡാക്ടർമാരുടെ സേവനവും ആധുനിക ചികിത്സാ സൗകര്യങ്ങളും, രോഗനിർണ്ണയത്തിനുള്ള സൗകര്യങ്ങളും ഉള്ള ഒരു പോളി ക്ലിനിക്ക് ആയി ഉയർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ചികിത്സാ സൗകര്യം കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കത്തക്കരീതിയിൽ മൊബൈൽ സൗകര്യം ഉണ്ടാകണം, മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന പുതിയ മാറ്റങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് വേണ്ട പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സൗകര്യവും ആശുപത്രിയിൽ ഉണ്ടാകണം. ഡാക്ടറുടെ സേവനം 24 മണിക്കൂറും ലഭ്യമാകത്തക്കരീതിയിൽ ഷാർട്ടേഴ്സ് സൗകര്യം ആശുപത്രിയോടനുബന്ധിച്ച് ഉണ്ടാകണം. യോഗ്യതയില്ലാത്ത ആൾക്കാർ മൃഗ ചികിത്സ കൈകാര്യം ചെയ്യുന്നത് നിയന്ത്രിക്കുവാൻ പഞ്ചായത്തു തലത്തിൽ തന്നെ നടപടി ഉണ്ടാകണം.

കാഞ്ഞിരം കുളം പഞ്ചായത്തിൽ മൃഗ സംരക്ഷണ മേഖലയിൽ കാണുന്ന പ്രശ്നങ്ങൾ

1) കൃത്രിമ ബീജ സങ്കലനം വഴി ലഭ്യമാകുന്ന ഹോൾസ്റ്റയിൽ വർഗ്ഗത്തിൽപ്പെട്ട പശുകുട്ടികൾ നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമല്ലാത്തതും രോഗ പ്രതിരോധ ശക്തി വളരെ കുറവുള്ളതുമായിട്ട് അനുഭവത്തിൽ കാണുന്നു. സങ്കരയിനം പശുക്കളിൽ നല്ല സംരക്ഷണത്തിൽ നിൽക്കുന്ന പശുക്കൾപോലും ഉദ്ദേശിക്കുന്ന ഉല്പാദനക്ഷമത ഉള്ളതായി കാണുന്നില്ല. വളരെപെട്ടെന്ന് രോഗങ്ങൾ പിടിപെടുകയും ചെയ്യുന്നു.

2) ഗുണനിലവാരമുള്ള കാലിതീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിതവുമായ തീറ്റ വിലയും.

3) ഉല്പാദകന് കിട്ടുന്ന പാൽവില ഉല്പാദന ചെലവിന് അനുസൃതമല്ല.

4) ചുരുങ്ങിയ തീറ്റപ്പുൽ കൃഷി

5) വിപണന രംഗത്തെ അപര്യാപ്തത.

6)ഭാരിച്ച ചികിത്സാ ചെലവ്

7) വായ്പനല്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളുടെ വിമുഖത.

8) ഇൻഷ്വറൻസ് പരിരക്ഷയുടെ അപര്യാപ്തത

9) കർഷകരുടെ ആവശ്യാനുസരണം ലഭിക്കുന്നതിന് ഗുണമേന്മയുള്ള പക്ഷി മൃഗാദികളുടെ ദൗർലഭ്യം.

10. അശാസ്ത്രീയമായ മാംസോല്പാദന വിപണന രീതികൾ

11) വിവിധ ഏജൻസികളിലൂടെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രിതമല്ലാതെ കൈകാര്യം ചെയ്യുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ.

12) സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ മൃഗ ചികിത്സ

13) കാലാനുസൃതമല്ലാത്ത അടിസ്ഥാന സൗകര്യം

പോലുമില്ലാത്ത മൃഗാശുപത്രിയും, ഉപകേന്ദ്രവും

14. സമഗ്ര പേവിഷ നിയന്ത്രണ നയത്തിന്റെ ആസുത്രീത തുടർ പരിപാടിയുടെ അഭാവം.

15) ആവശ്യാനുസരണം പുതിയ പാൽ സൊസൈറ്റിയുടെ അഭാവം.

വാർഡ് തലത്തിൽ നടന്ന പ്രത്യേക ഗ്രാമ സഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾക്കും പൊതുവായ പ്രശ്നങ്ങൾക്കും പരിഹാരം കാണത്തക്ക രീതിയിലുള്ള പദ്ധതികൾക്കാണ് വരുന്ന പഞ്ചവത്സര പദ്ധതിയിൽ നാം രൂപം നല്കേണ്ടത്. ഒൻപതാം പദ്ധതിയിൽ ജനപങ്കാളിത്തത്തോടെ മൃഗസംരക്ഷണ മേഖലയിലെ വികസന പദ്ധതികൾക്ക് രൂപം നല്കുമ്പോൾ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുകയായിരിക്കണം നമ്മുടെ ഉദ്ദേശം.

ഉല്പാദന വർദ്ധന

പാൽ, മുട്ട, മാംസം, ഇവയുടെ ഉല്പാദനം വർദ്ധിപ്പിക്കണം.

ഉല്പാദന ക്ഷമത

ശാസ്ത്രീയമാർഗ്ഗങ്ങളിലൂടെ ഈ മേഖലയിൽ ഉല്പാദനക്ഷമതയും ഗുണമേന്മയും വർദ്ധിപ്പിക്കണം.

തൊഴിൽ സാധ്യത

ഈ മേഖലയിൽ മുഴുവൻ സമയതൊഴിൽ നേടുന്നവരുടെയും ഉപതൊഴിൽ സ്വീകരിക്കുന്നവരുടെയും എണ്ണം വർദ്ധിപ്പിക്കുക.

വായ്പയും വിപണനവും

ഈ മേഖലയിൽ തൊഴിലിൽ ഏർപ്പെടുന്നവർക്ക് വായ്പ ലഭ്യമാക്കാനും ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും ശ്രമിക്കണം.

സ്ത്രീകളുടെ പങ്കാളിത്വം

ഈ മേഖലയിൽ സ്ത്രീകളെ സ്വന്തമായി വരുമാനം ഉണ്ടാക്കുവാൻ പ്രാപ്തരാക്കുന്ന വിധത്തിൽ പരിശീലിപ്പിക്കുകയും പ്രത്യേക പരിഗണന നല്കുകയും ചെയ്യുക.

കാലിത്തീറ്റ

ന്യായമായവിലയ്ക്ക് ഗുണമേന്മയുള്ള കാലിതീറ്റ ലഭ്യമാകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

മൃഗാശുപത്രികൾ

ആശുപത്രി സൗകര്യങ്ങൾ ആധുനിക വല്ക്കരിക്കുകയും സേവനം കൂടുതൽ വ്യാപിപ്പിക്കുകയും ചെയ്യുക.

പേ വിഷനിർമ്മാജ്ജനം

ജനപങ്കാളിത്തത്തോടെ സമഗ്രമായ പേവിഷ നിർമ്മാജ്ജന പരിപാടി നടപ്പിലാക്കണം.

വിജ്ഞാന വ്യാപനം

ആധുനിക സാങ്കേതിക വിദ്യകൾ ഗ്രാമീണരിൽ എത്തിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

ജനപങ്കാളിത്തം

മൃഗാശുപത്രിയോടനുബന്ധിച്ച് ഒരു മൃഗസംരക്ഷണസമിതി രൂപികരിക്കുകയും ഈ പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് ഈ സമിതി നേതൃത്വം നല്കുകയും ചെയ്യണം.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുവാൻ കേരള സർക്കാർ മൃഗസംരക്ഷണ വകുപ്പുവഴി ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധികളുടെ പോരായ്മകൾ ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന രീതിയിൽ പരിഹരിക്കേണ്ടതും അതോടൊപ്പം ഈ പഞ്ചായത്തിന്റെ സാദ്ധ്യതകൾ കണക്കിലെടുത്ത് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിക്കേണ്ടതുമാണ്.

പൊതു നിർദ്ദേശങ്ങൾ

പാലുല്പാദനം ഡയറിയൂണിറ്റുകൾ

ചെറുകിട നാമമാത്രകർഷകരേയും കർഷകതൊഴിലാളികളെയും ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക ഉപതൊഴിൽ എന്ന രീതിയിലോ, മുഖ്യതൊഴിൽ എന്നരീതിയിലോ പ്രോത്സാഹനം നല്കുക, വീട്ടമ്മമാരുടെയും വിദ്യാർത്ഥികളുടെയും ഒഴിവു സമയം ഫലപ്രദമായി വിനിയോഗിക്കുക പാലിന്റെ ഉല്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുക എന്നിവയാണ് മുഖ്യലക്ഷ്യങ്ങൾ.

പദ്ധതികൾ

ഒരു വീട്ടിൽ ഒരു പശു

പശുവളർത്തലിൽ താല്പര്യവും സൗകര്യവുമുള്ള എല്ലാ കുടുംബങ്ങളിലും ഒരു പശു എങ്കിലും വളർത്തേണ്ടതാണ്. വീട്ടിലെ പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും ജൈവവളലഭ്യത ഉറപ്പുവരു

ത്തുന്നതിനും കുടുംബത്തിന് ചെറിയൊരു വരുമാനം ഉണ്ടാക്കുന്നതിനും ഇതു സഹായിക്കും.

മിനി ഡയറിയൂണിറ്റുകൾ

മൂന്നു പശുക്കൾ അടങ്ങുന്ന യൂണിറ്റാണ് യുക്തം. ഉപതൊഴിലായിതന്നെ ഇതു നടത്താവുന്നതാണ്. പദ്ധതി നടത്തിപ്പിനായി ബാങ്കു വായ്പ ലഭ്യമാക്കാം.

വനിതാ സംരഭകർക്കുള്ള പശു വളർത്തൽ പദ്ധതി

നമ്മുടെ പഞ്ചായത്തിലെ താല്പര്യ മുള്ളവനിതകളുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും. ഈ സംഘങ്ങളുടെ നേതൃത്വത്തിൽ ഡയറിയൂണിറ്റുകൾ തുടങ്ങുകയും ചെയ്യാവുന്നതാണ്. ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം സംഘങ്ങൾ രജിസ്റ്റർ ചെയ്യുവാൻ സാധിക്കും. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പാ സൗകര്യം ലഭിക്കുന്നതാണ്.

മുട്ട ഉല്പാദനം

നടപ്പു പദ്ധതികളായ വീട്ടുമറ്റത്തെ കോഴി വളർത്തലും Egger Nursary പദ്ധതിയും വളരെയധികം പ്രോത്സാഹിപ്പിക്കേണ്ടതാണ്. കൂടാതെ സ്കൂൾ പൗൾട്രി ക്ലബ്ബുകൾ രൂപീകരിച്ച് മുട്ട ഉല്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കും. കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴിവളർത്തലിൽ താല്പര്യവും ഉണ്ടാക്കുകയാണ് സ്കൂൾ പൗൾട്രിക്ലബുകളുടെ ലക്ഷ്യം. 5 രൂപാ അംഗത്വഫീസു നല്കി സ്കൂൾ പൗൾട്രി ക്ലബ്ബിൽ അംഗമാകുന്നവരെ പദ്ധതിയിൽ ഉൾപ്പെടുത്താം. ഒരു വർഷം 200 കുട്ടികൾക്കെങ്കിലും പ്രയോജനം ലഭിക്കും. താല്പര്യമുള്ള ഒരു അദ്ധ്യാപകനായിരിക്കണം ക്ലബിന്റെ ചുമതല. 60 ദിവസം പ്രായമുള്ള 3 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി ഗുണഭോക്താക്കളായ കുട്ടികൾക്ക് നല്കാവുന്നതാണ്.

മാസോല്പാദനം

ഇറച്ചിക്കോഴി വളർത്തൽ

മാംസോല്പാദനത്തിനുവേണ്ടി മാത്രം വികസിപ്പിച്ചെടുത്ത ബ്രോയിലർ കോഴിക്കുഞ്ഞുങ്ങൾ 7 മുതൽ 8ആഴ്ചയ്ക്കുള്ളിൽ ഉപയോഗത്തിനും വിപണനത്തിനും യോഗ്യമാകുന്നു. കുടുംബത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ഒഴിവുസമയം ഉപയോഗപ്പെടുത്തി രണ്ടാഴ്ചയിൽ ഒരിക്കൽ 250 ഇറച്ചിക്കോഴികളെ വീതം വില്പനയ്ക്ക് സജ്ജമാക്കാവുന്ന രീതിയിൽ പദ്ധതി ആവിഷ്കരിക്കണം. യുവതീയുവാക്കൾക്ക് ഒരു മുഖ്യതൊഴിലായും ഈ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാവുന്നതാണ്. പദ്ധതിയുടെ നടത്തിപ്പിന് ബാങ്ക് വായ്പ ലഭ്യമാക്കാം.

ആടുവളർത്തൽ

പാവപ്പെട്ടവരുടെ പശുവാണ് ആട്.കുറഞ്ഞമൂലധനം കൊണ്ടും

വീട്ടമ്മമാരുടെയും കുട്ടികളുചെയും അദ്ധ്വാനശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ടും ആടുവളർത്തൽ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കും. ഇടത്തരം കർഷകരുടെ സാമ്പത്തികപരിമിതികൾക്ക് അനുയോജ്യം. ചെറിയയൂണിറ്റുകളായും ഒരു മുഖ്യതൊഴിൽ എന്ന നിലയ്ക്കും പദ്ധതി നടപ്പിലാക്കാം.

പന്നി വളർത്തൽ

പഞ്ചായത്തിൽ സാദ്ധ്യതയുള്ള മേഖലകൾ കണ്ടുപിടിച്ച് ഈ പദ്ധതി നടപ്പിലാക്കാം. പന്നിയിറച്ചിയുടെ ഉല്പാദനവും ലഭ്യതയും വർദ്ധിപ്പിക്കുന്നതിനം ഇതു സഹായിക്കും. കൂടാതെ മുയൽ വളർത്തൽ, കാടവളർത്തൽ തുടങ്ങിയവയും മാംസോല്പാദനത്തിനായി ചെയ്യാവുന്ന പദ്ധതികളാണ്.

കീലത്തീറ്റ ഉല്പാദനം

സഹകരണാടിസ്ഥാനത്തിൽ ഒരു ചെറിയ കാലിത്തീറ്റ നിർമ്മാണയൂണിറ്റ് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ കർഷകർക്ക് ലഭ്യമാക്കാൻ ഇതുസഹായിക്കും. തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കന്നുക്കുട്ടി പരിപാലന പരിപാടികൾ പോലുള്ള ജനോപകരാപ പ്രദമായ പദ്ധതികൾ പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കുവാനും ഇതു സഹായിക്കും.

തീറ്റപ്പുൽ കൃഷി വ്യാപകമാക്കൽ

കാലിവളർത്തൽ ലാഭകരമാക്കാൻ തീറ്റപ്പുൽ കൃഷിവ്യാപകമായി നടപ്പിലാക്കേണ്ടത് വളരെ അത്യാവശ്യമാണ്. നമ്മുടെ പഞ്ചായത്തിൽ തെങ്ങിനിടയിൽ തീറ്റപ്പുൽ വ്യാപകമായി നടന്നുന്നതിതനുള്ള സൗകര്യമുണ്ട്. നല്ലയിനം പുൽവിത്തുകൾ ലഭ്യമാക്കുകയും, കൃഷിരീതിയെക്കറിച്ച് ശരിയായ വിജ്ഞാനം കർഷകർക്കു നല്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തടിസ്ഥാന

ത്തിൽ തന്നെ പുറമ്പോക്കു സ്ഥലങ്ങളിലും സർക്കാർ വക കെട്ടിടങ്ങളുടെ പരിസര പ്രദേശങ്ങളിലും തീറ്റപ്പുൽ കൃഷിവ്യാപകമായി ചെയ്യേണ്ടതും ഇത് ലേലം ചെയ്ത് കർഷകർക്ക് ലഭ്യമാക്കേണ്ടതുമാണ്.

ശാസ്ത്രീയമായ അറവു ശാലകൾ സ്ഥാപിക്കൽ

നമ്മുടെ പഞ്ചായത്തിൽ പല സ്ഥലങ്ങളിലായി വൃത്തികെട്ട ചുറ്റുപാടിൽ മൃഗങ്ങളെ കശാപ്പുനടത്തുകയും വൃത്തിഹീനമായ സ്ഥലങ്ങളിൽ വച്ച് വില്പന നടത്തുകയും വൃത്തിഹീനമായ സ്ഥലങ്ങളിൽ വച്ച് വില്പന നടത്തുകയും ചെയ്യുന്നുണ്ട്. ഉദാഹരണമായി കാഞ്ഞിരംകുളം ചന്തയ്ക്കകത്തുള്ള അറവുശാല വളരെ മോശമായ രീതിയിലാണ് നടന്നു വരുന്നത്. പൊതുജനാരോഗ്യം മുൻനിറുത്തി 150 ച:മീറ്റർ എങ്കിലും വിസ്തീർണ്ണമുള്ള ഒരു അറവുശാല പഞ്ചായത്തുവകയായി നിർമ്മിക്കണം. അവിടെ വെള്ളം, വൈദ്യുതി എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തണം. മാലിന്യങ്ങൾ നീക്കം ചെയ്യേണ്ട സംവിധാനം ഉണ്ടാക്കണം. ഇതിന് അർഹമായ പ്രാധാന്യം നല്കി ഒരു പദ്ധതി രൂപകല്പന ചെയ്യേണ്ടതാണ്. പഞ്ചായത്തു വകയായി മാതൃകാമീറ്റ്സ്റ്റാളുകൾ സ്ഥാപിക്കുകയും, മാംസവില്പന ഈ മീറ്റ് സ്റ്റാളുകൾ വഴി നടത്തേണ്ടതുണ്ട്.

വന്ധ്യതാനിവാരണ ക്യാമ്പുകൾ

മൃഗാശുപത്രിയുടെ ആഭിമുഖ്യത്തിൽ വാർഡുതലത്തിൽ വന്ധ്യതാനിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്.

ആനിമൽ ഹെൽത്ത് ക്യാമ്പുകൾ

ഗോരാക്ഷാ ക്യാമ്പുകൾ/വാക്സിനേഷൻ ക്യാമ്പുകൾ

പഞ്ചായത്തുതലത്തിൽ ആവശ്യാനുസരണം ഇത്തരം ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്.

പേ വിഷ നിർമ്മാജ്ജനം

പഞ്ചായത്തു തലത്തിൽ വളരെയധികം പ്രാധാന്യം കൊടുത്ത് നടപ്പിലാക്കേണ്ട ഒരു പദ്ധതിയാണിത്. പഞ്ചായത്തിൻ ഉള്ള നായ്ക്കളുടെ കണക്കെടുപ്പ്, ബോധവത്ക്കരണം, പട്ടികളുടെ ജനനനിയന്ത്രണം. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കൽ പ്രതിരോധ കുത്തുവയ്പ്പ് തുടങ്ങിയവ ഘട്ടംഘട്ടമായി നടപ്പിലാക്കുകവഴി ഈ പദ്ധതി വിജയപ്രദമായി നടപ്പിലാക്കുവാൻ സാധിക്കും. പൊതുജന പങ്കാളിത്തത്തോടുകൂടിയ പേവിഷനിർമ്മാജ്ജന പദ്ധതിക്ക് രൂപ കല്പന ചെയ്യുകയും 9-ാം പഞ്ചാവത്സര പദ്ധതിയിൽ കാഞ്ഞിരംകുളം പഞ്ചായത്തിനെ പേവിമുക്തമേഖലയായി പ്രഖ്യാപിക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തു തല മൃഗസംരക്ഷണ മേള

കന്നുകാലി പ്രദർശനം, ശാസ്ത്ര പ്രദർശനം, കർഷകസംഗമം എന്നിവ അടങ്ങുന്ന ഒരു മേള എല്ലാവർഷവും പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുകയും പഞ്ചായത്തു തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും നല്ല മൃഗസംരക്ഷകന് ഈ മേളയിൽ വച്ച് അവാർഡ് നല്കുകയും ചെയ്യേണ്ടതാണ്.

സമ്മിശ്ര മൃഗപരിപാലനം

മൃഗപരിപാലനത്തോടൊപ്പം കൃഷി, മത്സ്യം വളർത്തൽ, പശുവളർത്തൽ, കോഴിവളർത്തൽ, കോഴിവളർത്തൽ, ആടുവളർത്തൽ, പന്നിവളർത്തൽ, താറാവുവളർത്തൽ എന്നിവ സംയോജിപ്പിച്ച് ലഭ്യമായ കൃഷി സ്ഥലം പൂർണ്ണമായും ഉപയോഗപ്പെടുത്തി ഒരു സമ്മിശ്ര മൃഗപരിപാലന പദ്ധതിയ്ക്ക് രൂപം നല്കാവുന്നതാണ്.

സമഗ്ര ഇൻഷ്വറൻസ് പദ്ധതി

പഞ്ചായത്തു തലത്തിൽ എല്ലാ കറവമാടുകളെയും കുറഞ്ഞനിരക്കിൽ ഇൻഷ്വർ ചെയ്യുന്നതിനുള്ള ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതിയ്ക്ക് രൂപം നല്കേണ്ടതാണ്.

കർഷക പരിശീലനം

ആനുകാലികമായി മൃഗസംരക്ഷണ രംഗത്തുണ്ടാകുന്ന ശാസ്ത്രീയ പുരോഗതിയെ കുറിച്ച് കർഷകരെ ബോധവൽക്കരിക്കുവാൻ കർഷകപരിശീലന ക്ലാസ്സുകൾ മൃഗാശുപത്രിയുടെ നേതൃത്വത്തിൽ വാർഡുതലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

പാലിന്റെ വിപണനം

നിലവിലുള്ള പാൽ സൊസൈറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും പാൽ വിപണന സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ സൊസൈറ്റികൾ രൂപീകരിക്കുകയും ചെയ്യേണ്ടതാണ്. സൊസൈറ്റികളുടെ നേതൃത്വത്തിൽ കർഷകർക്ക് ആവശ്യാനുസരണം വായ്പകൾ ക്രമീകരിച്ച് നല്കേണ്ടതും വായ്പ തിരിച്ചടയ്ക്കുന്നതിന്

സൊസൈറ്റികൾ തന്നെ മുൻകൈ എടുക്കണം. പാലിന്റെ വിലയിൽ നിന്ന് ഒരി നിശ്ചിത തുക പ്രതി മാസം ഈടാക്കി വായ്പ തിരിച്ചടക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നല്കേണ്ടതാണ്. കന്നുകാലി ഇൻഷ്വറൻസ്, വന്ധ്യതാപരിശോധനാ ക്യാമ്പുകൾ, രോഗചികിത്സാ ക്യാമ്പുകൾ, കർഷക പരിശീലന ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിന് സൊസൈറ്റികൾ മുൻ കൈ എടുക്കേണ്ടതാണ്. കർഷകന് പാലിന് ന്യായമായ വില ലഭിയ്ക്കുന്നതിനും, ഗുണമേന്മയുള്ള കാലിത്തീറ്റയും ആവശ്യമുള്ള മരുന്നുകളും കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുന്നതിനും നല്ലയിനം പുൽവിത്തുകൾ ലഭ്യമാക്കുന്നതിനും ഉള്ള പദ്ധതികൾക്കും സൊസൈറ്റി രൂപം നല്കണം.

പാലുല്പന്നങ്ങളുടെ നിർമ്മാണ വിപണന യൂണിറ്റുകൾ

പാലിൽ നിന്നും ഉണ്ടാക്കാവുന്ന വിവിധതരം ഉല്പന്നങ്ങളുടെ നിർമ്മാണ, വിപണന, യൂണിറ്റുകൾ പഞ്ചായത്തു തലത്തിൽ സ്ഥാപിക്കേണ്ടതാണ്. ഈ സംരഭത്തിന് വനിതാ സംഘടനകൾക്ക് മുൻഗണന നല്കണം. പാലുല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ട പരിശീലനം ലഭിക്കുന്നതിനുള്ള ക്രമീകരണവും ചെയ്യേണ്ടതാണ്.

ജൈവവളനിർമ്മാണം

കമ്പോസ്റ്റുകുഴികൾ സ്ഥാപിക്കുന്നതിനും ജൈവവള ഉപയോഗം വ്യാപകമാക്കുന്നതിനും വേണ്ട പദ്ധതികൾക്ക് രൂപ കല്പന നല്കേണ്ടതാണ്.

ഊർജ്ജം

പശുവളർത്തലുമായി ബന്ധപ്പെടുത്തി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ബോധ വല്ക്കരണം നടത്തുകയും ആയതിനു വേണ്ട സാമ്പത്തിക സഹായങ്ങൾലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

ബീജദാന കേന്ദ്രങ്ങൾ

നിലവിൽ മൃഗാശുപത്രിക്കു പുറമെ ഈ പഞ്ചായത്തിൽ ഒരു ബീജദാന കേന്ദ്രം മാത്രമാണ് പ്രവർത്തിക്കുന്നത്. 500 കറവമാടുകൾക്ക് ഒരു കേന്ദ്രം എന്ന നിരക്കിൽ കൂടുതൽ ബീജദാന കേന്ദ്രങ്ങൾ തുടങ്ങുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

മൃഗസംരക്ഷണ രംഗത്തെ പ്രവർത്തന മേഖല പരിശോധിച്ച് ഒരു സമഗ്ര ആസൂത്രണ പദ്ധതി രൂപപ്പെടുത്തുകയും അതിന് ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആഹാരക്രമം, പോഷക ലഭ്യത, അദ്ധ്വാനം, ആരോഗ്യം എന്നിവയുമായി ബന്ധപ്പെടുത്തി ജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിയ്ക്ക് സഹായകമാക്കുകയും ചെയ്യുക എന്നതായിരിക്കണം ഒൻപതാം പഞ്ചാവത്സര പദ്ധതിക്കു വേണ്ടി പുതിയ പദ്ധതികൾക്ക് രൂപം നല്കുമ്പോൾ ഉണ്ടായിരിക്കേണ്ട ലക്ഷ്യം. ഗ്രാമതല ആസൂത്രണത്തിലൂടെ തീർച്ചയായും അത് സാധിതമാക്കാം.

വിദ്യാഭ്യാസം

തെക്കൻ തിരുവിതാംകൂറിൽ വിശിഷ്യ തിരുവനന്തപുരം ജില്ലയിൽ ഔപചാരിക വിദ്യാഭ്യാസത്തിന് ആരംഭം കുറിച്ച പ്രദേശമാണ് കാഞ്ഞിരംകുളം ഗ്രാമം. ഗുരുകുലം വിദ്യാഭ്യാസ മങ്ങിത്തുടങ്ങുകയും സാമൂഹിയരംഗം സജീവമായി ഉണരുകയും സാംസ്ക്കരിക മേഖലകളിൽ നമ്മുടെ കണ്ണും കാതും കടന്നു ചെല്ലുകയും ചെയ്ത. നവോത്ഥാന കാലഘട്ടത്തിൽ തന്നെ ഈ പ്രദേശത്ത് വിദ്യാദാഹം മൂലം ഉണർന്നിരുന്നുവെന്ന് ഊഹിക്കുവാൻ പ്രയാസമില്ല. അതിനു കാരണ വുമുണ്ട്. ഏകാദ്ധ്യാപക സ്ഥാപനങ്ങളായി പ്രവർത്തിച്ചിരുന്ന കുടിപ്പള്ളിക്കൂടങ്ങൾ ഈ ഗ്രാമത്തിന്റെ നാനാഭാഗങ്ങളിലും അക്കാലത്ത് വിജയകരാമായി പ്രവർത്തിച്ചിരുന്നു. അറിവിന്റെ അതിരുകൾ പടരുകയും, അതുനേടുവാനുള്ള പരിമിതികൾ ബോദ്ധ്യപ്പെടുകയും ചെയ്തതോടെ കുടിപ്പള്ളിക്കൂടങ്ങൾ പലതും ഒന്നിലധികം ഗുരുക്കന്മാർ ചേർന്ന് നടത്തുന്ന സ്ഥാപനങ്ങളായി അത്തരം സ്ഥാനപങ്ങൾ കേലവം സ്വകര്യസ്ഥാപനങ്ങളായി പ്രവർത്തിച്ചു. തുടങ്ങിയാതായിട്ടാണ് ചരിത്രം. ക്രമേണ സർക്കാർ ആംഗീകാരംത്തോട് കൂടി പ്രവർത്തരംഗത്തേക്ക് കടന്നുവന്ന പള്ളിക്കൂടങ്ങളും ഉണ്ടായി. എഴുത്തും വായനയും കണക്കും ഹൃദിസ്തമാക്കുകയെന്നതിനപ്പുറം അക്കാലത്ത് വിദ്യാഭ്യാസത്തിന് വ്യാപ്തിയുണ്ടായിരുന്നില്ല.

പരമ്പരാഗതമായി ചെപ്പേടുകളിലും താളിയോല ലിഖിതങ്ങളിലും തളച്ചു നിർത്തിയിരിക്കുന്ന വിജ്ഞാനാംശങ്ങൾ തലമുറത ലമുറകളായി കൈമാറപ്പെടുന്ന സമ്പ്രദായ മായിരുന്നു അന്നെല്ലാം. വൈദ്യശാസ്ത്രം, ജ്യോതിശാസ്ത്രം എന്നീ വിഷയങ്ങളിൽ ആവഴിക്ക് ജനമദ്ധ്യത്തിൽ വളരെ സ്വാധീനം പിടിച്ചു പറ്റുകയും ചെയ്തിരുന്നു. ദേശീയ നവോത്ഥാനവും വൈദീകരുടെ കടന്നുവരവും അതെതുർന്ന് ക്രീ സ്തീയ മിഷനറിമാരുടെ സാമൂഹ്യപ്രതിബദ്ധ തയോട് കൂടിയ പ്രവർത്തനങ്ങളും ഗ്രാമവാ സികളെ വിജ്ഞാന സമ്പാദന രംഗത്തേക്ക് കൂടുതൽ ആകർഷിക്കാനിടയായ ചരിത്രവും വിസ്മരിച്ചുകൂടാ. വിദ്യാഭ്യാസത്തിന്റെ വർദ്ധമാ നമായ പ്രസക്തി അതെടെ ഗ്രാമീണ ജനതയ്ക്ക് കൂടുതൽ ബോദ്ധ്യപ്പെടുകയായിരുന്നു. അങ്ങനെ വിദ്യാലയങ്ങൾ അങ്ങിങ്ങായി ഉടലെടുത്തു. ആക്കൂട്ടത്തിലാണ് ഈ ഗ്രാമപ്രദേശത്ത് യശ്ശ: ശരീരനായ ശ്രീ.പി.കെ. സത്യനേശൻ നാടാർ ഒരു ഉന്നത വിദ്യാലയം ഇവിടെ ആദ്യമായി സ്ഥാപിച്ചത്. നൂറ്റാണ്ട് പഴക്കമുള്ള ഈ വിദ്യാലയത്തിന്റെ (പി.കെ. സത്യനേശൻ ഹൈസ്കൂൾ) ആരംഭത്തോടു കൂടിയാണ് നമ്മുടെ ഗ്രാമത്തിന്റെ വിദ്യാഭ്യാസ ചരിത്രം ആരംഭിക്കുക.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ, കാഞ്ഞിരംകുളം ഗ്രാമം ഈ രംഗത്ത് അസൂയാർഹമായ വേഗതയിൽ മുന്നേറുകയായി. വിവിധ ശാഖകളിലൂടെ വിവിധ മേഖലകളിലേയ്ക്ക് അറിവിനുവേണ്ടിയുള്ള അന്വേഷണം പടർന്നു നീണ്ടു. വിവിധ ഭാഷകളും സംസ്ക്കാരങ്ങളും കൈനീട്ടപ്പറ്റാൻ നാട് സന്നദ്ധമായി. വിജ്ഞാന വ്യാപനം കാലഘട്ടത്തിന്റെ കൈവിടാനാവാത്ത കർത്തവ്യമായി ജനങ്ങൾ ഏറ്റെടുത്തു. ദേശീയവും ദേശാന്തരിയവുമായ ബന്ധങ്ങൾ കൂടുതൽ ശക്തമയി. മാനവികയ്ക്ക കരുത്തേറി. സ്വാതന്ത്ര്യ വാഞ്ചയും ജീവിതോൽക്കരർഷവും മൗലീക ലക്ഷ്യമായ വിദ്യാഭ്യാസ രംഗം കൂടുതൽ ഉയരത്തിലും ചടുലഭാവത്തിലും പുരോഗമിച്ചുകൊണ്ടിരുന്നു. ഗ്രാമഗ്രാമാന്തരങ്ങളിൽ വിവധതലങ്ങളിലുള്ള വിദ്യാലയങ്ങളും കാലാല

യങ്ങളും ജന്മംകൊണ്ടു. അങ്ങനെ ഈ വർത്തമാന യുഗത്തിലേക്ക് നാം കടന്നുവന്നു. ഇതു നമ്മുടെ ഗ്രാമത്തിന്റെ സംക്ഷിപ്തമായ വിദ്യാഭ്യാസ ചരിത്രം അല്ല കേവലം ഒരു രേഖാചിത്രം.

ഇന്നത്തെ അവസ്ഥ എന്താണ്?

സമഗ്രമായി അവഗ്രഥിക്കേണ്ടത് ആവശ്യമാണെങ്കിലും അതിനിവിടെ മുതിരുന്നില്ല. വളരെ സൂക്ഷ്മമായി മാത്രം ഒന്നു പരിശോധിക്കാം. 10.36 ഹെക്ടർ സ്കയർ വിസ്ത്രീർണ്ണമുള്ള കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിൽ 1991ലെ സെൻസസ് അടിസ്ഥാനമാക്കിനോക്കിയാൽ 3029 കുടുംബങ്ങളിലായി 17191 പേരാണ് മൊത്തം ജനസംഖ്യ എന്നു മനസ്സിലാക്കാം. ഇതിൽ 8706 പേർ പുരുഷന്മാരും 8485 പേർ സ്ത്രീകളുമാണ്. പുരഷന്മരിൽ 7058 പേരും സ്ത്രീകളിൽ 6571 പേരും സാക്ഷരരാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു

ഒൻപതു വാർഡുകളുള്ള കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിൽ 5 ലോവർ പ്രൈമറി സ്കൂളുകളും ഒരു അപ്പർ പ്രൈമറി സ്കൂളുകളും 4 ഹൈസ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസ സൗകര്യാർത്ഥം സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന ഒരു ഡിഗ്രി കോളേജും നിലവിലുണ്ട്.

പട്ടിക ചുവടെ ചേർക്കുന്നു.

1. ഗവ: LPS-കാഞ്ഞിരംകുളം	Std	1-4
2. MSc.LPS-വലിയവിള കാഞ്ഞിരംകുളം	Std	1-4
3.LMS.LPS-ചാണി	Std	1-4
4.LMS LPS-കരിച്ചൽ	Std	1-5
5.LMS LPS-പൂതകോട്	Std	1-4
6.ഗവ: UPS-നെല്ലിക്കാക്കുഴി	Std	1-7
7.ഗവ: ഗേൾസ് ഹൈസ്കൂൾ കാഞ്ഞിരംകുളം.	Std	5-10
8.P.K.S.H.S കാഞ്ഞിരംകുളം	Std	5-10
9.പഞ്ചായത്ത് ഹൈസ്കൂൾ, കാഞ്ഞിരംകുളം	Std	1-10
10.സെന്റ് ഹെലൻസ് ഹൈസ്കൂൾ, ലൂർദ്ദിപുരം	Std	1-10

കുഞ്ഞികൃഷ്ണൻ നാടാർ മെമ്മോറിയൽ ഗവ: ആർട്സ് ആന്റ് സയൻസ് കോളേജ്, കാഞ്ഞിരംകുളം.

മുകളിൽ പട്ടികയിൽ ചേർത്ത 10 വിദ്യാലയങ്ങളിലെല്ലാംകൂടി 1 മുതൽ 10 വരെ സ്റ്റാന്റാർഡുകളിലായ.6999വിദ്യാർത്ഥികൾ പഠിക്കുന്നു.അദ്ധ്യാപകരും കൂടാതെ അദ്ധ്യാപകേതര ജീവനക്കാരും (വ്യക്തമായ കണക്കുകൾ ലഭിച്ചിട്ടില്ല) മിക്കവാറും എല്ലാ വിദ്യാലയങ്ങൾക്കും അനുബന്ധമായി പ്രീ പ്രൈമറി പാഠശാലകളും പ്രവർത്തിക്കുന്നുണ്ട്. നേഴ്സറി ക്ലാസുകൾ മാത്രമായി നടത്തുന്ന സ്വതന്ത്രസ്ഥാപനങ്ങളും, അംഗനവാടികളും, മഹിളാസമാജങ്ങളും ഈ രംഗത്ത് എടുത്ത് പറയാവുന്ന സേവനമാണ് സമർപ്പിക്കുന്നത്.

മേൽ പറയപ്പട്ട വിദ്യാലയങ്ങൾക്ക് പലതിനും ആവശ്യംവേണ്ട സ്ഥലസൗകര്യങ്ങളില്ല. പഠന സാമഗ്രീകളോ, അകസാമാനങ്ങളോ, ഉപകരണങ്ങളോ മതിയായതരത്തിൽ ഉണ്ടെന്ന് അവകാശപ്പെടാൻ കഴിയില്ല. സ്കൂൾ ലൈബ്രറികളും, ലാബറട്ടറികളും നേരാംവിധം പ്രവർത്തിക്കുന്നില്ല. മതസ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിലുള്ള ചില വിദ്യാലയങ്ങൾ അതേ ആരാധനാലയങ്ങളിൽ തന്നെയാണ് അഭ്യസനവും നടത്തുന്നത്. പാഠശാലകളെന്നു പറയമെങ്കിലും പഠനപരമായ ഗുണനിലവാരം തുലോം ദയനീയമാണെന്ന് പറയേണ്ടിയിരിക്കുന്നു. എന്നു വരികിലും പഞ്ചായത്ത് പ്രദേശത്തെ 4 ഹൈസ്കൂളുകളിലെ എസ്.എസ്.എൽ.സി. വിജയശതമാനം പലപ്പോഴും 40 % ത്തിൽ താഴാറില്ലെന്നും മാത്രമല്ല ചിലപ്പോൾ 50 % ത്തിനും മുകളിലും കടന്നുചെല്ലുന്നുണ്ട്.

വിദ്യാലയങ്ങളുടെ എണ്ണവും അവയിൽ അഭ്യസനംതേടിയെത്തുന്ന വിദ്യാർത്ഥികളുടെ സംഖ്യയും താരതമ്യപ്പെടുത്തിയാൽ പുതിയ വിദ്യാലയങ്ങൾക്ക് ഇനിയും പ്രസക്തിയുണ്ടെന്ന് പറയാൻ കഴിയില്ല. എന്നാൽ കാലത്തിന്റെ മാറ്റത്തിന് അനുസരണമായുള്ള തൊഴിലധിഷഠിധ കോഴ്സുകൾ ഏർപ്പെടുത്തിവൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളായോ, അല്ലാത്തപക്ഷം പ്രീഡിഗ്രിക്ക് തുല്യമായ 'പ്ലസ്സ്ടു' ക്ലാസ്സുകൾ ഏർപ്പെടുത്തി ഉയർത്തുകയോ ചെയ്യേണ്ടതാണ്.

ഈ ജീല്ലയിലെ വിദൂര സ്ഥാപനങ്ങളിൽ പോയിചേന്ന് സാങ്കേതിക പഠനം നടത്തുന്ന ഐ.റ്റി.ഐ. വിദ്യാർത്ഥികൾ ഇന്നാട്ടിൽ ധാരാളം ഉണ്ട്. പഞ്ചായത്ത് പ്രദേശത്തിൽ പ്രവർത്തിക്കുന്ന ഒരു സ്വകാര്യസ്ഥാപനമേ ഈ രംഗത്തുള്ളു.

ആകെ കുട്ടികളുടെ എണ്ണം

ആകെ വിദ്യാർത്ഥികൾ	L.P		Up		H.S	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
6999	997	892	739	6/3	1797	1961

കുഞ്ഞികൃഷ്ണ നാടാർ മെമ്മോറിയൽ ഗവ: ആർട്സ് & സയൻസ് കോളേജ്, കാഞ്ഞിരംകുളം

കോഴ്സ്	വിദ്യാർത്ഥികൾ			ആദ്ധ്യാപകർ
	ആൺ	പെൺ	ആകെ	
ബി.എ.	125	166	219	20
പ്രീഡിഗ്രി	192	205	397	

ക്രമനമ്പർ	സ്കൂളിന്റെ പേര്	വിസ്ത്രീർണ്ണം	സ്റ്റാഫ് റൂം	ലാബ്	ലൈബ്രറി	മൂത്ര പുര	കക്കൂസ്	പാചക മുറി	വൈദ്യൂതി	കളിസ്ഥലം
1	ഗവ: L.P.S കാഞ്ഞിരംകുളം	21 1/2 സെന്റ്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
2.	M.S.C.L.P.S വലിയവിള	63 സെന്റ്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
3.	L.M.S. L.P.S ചാണി	അറിയില്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	അറിയില്ല
4.	L.M.S L.P.S കരിച്ചൽ	1ഏക്കർ 50സെന്റ്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
5.	L.M.S L.P.S പുതംകോട്	24.6 xm 6.60m)	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്
6.	ഗവ:U.P.S നെല്ലിക്കാക്കുഴി	61 സെന്റ്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്
7	.ഗവ: ഗേൾസ് ഹൈസ്കൂൾ കാഞ്ഞിരംകുളം	93 സെന്റ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
8.	P.K.S.H.S. കാഞ്ഞിരംകുളം	3 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
9.	പഞ്ചായത്ത് ഹൈസ്കൂൾ	1 ഏക്കർ	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്
10.	St.ഹെലൻസ് ഹൈസ്കൂൾ ലൂർദ്ദീപുരം	1.68 ഏക്കർ	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്

വിദ്യാലയവിവരങ്ങൾ (വർഷം 1996)

ക്രമനമ്പർ	സ്കൂളിന്റെപേര്	മനേജ്മെന്റ്	കുട്ടികളുടെ എണ്ണം			അദ്ധ്യപകകരുടെ എണ്ണം
			ആൺ	പെൺ	ആകെ	
1.	ഗവ : എൽ.പി.എസ്. കാഞ്ഞിരംകുളം	സർക്കാർ	205	154	359	11
2.	എം.എസ്.സി. എൽ.പി.എസ്. വലിയവിള	എയ്ഡഡ്	75	63	138	4
3.	എൽ.എം.എസ്. എൽ.പി.എസ്. ചാണി	എയ്ഡഡ്	116	106	218	6
4.	എൽ.എം.എസ്.എൽ.പി.എസ്. കരിച്ചൽ	എയ്ഡഡ്	128	99	227	7
5.	എൽ.പി.എസ്. പൂതംകോട്	എയ്ഡഡ്	63	50	113	3
6.	ഗവ: യു.പി.എസ്. നെല്ലിക്കാക്കുഴി	സർക്കാർ	176	127	303	13
7.	ഗവ: ഗേൾസ് ഹൈസ്കൂൾ	സർക്കാർ	154	433	597	24
8.	പി.കെ.എസ്.എച്ച്.എസ് കാഞ്ഞിരംകുളം	എയ്ഡഡ്	760	201	961	38
9.	പഞ്ചായത്ത് ഹൈസ്കൂൾ കാഞ്ഞിരംകുളം	എയ്ഡഡ്	116	107	223	123
10.	St.ഹെലൻസ് ഹൈസ്കൂൾ ലൂർദ്ദിപുരം	എയ്ഡഡ്	757	1220	1977	57

43

അവിടെ 50 വിദ്യാർത്ഥികൾക്ക് മാത്രമെ ഡ്രാഫ്റ്റ്സ്മാൻ സിവിൽ വിഭാഗത്തിൽ പഠനസൗകര്യങ്ങൾ ലഭിക്കുന്നുള്ളു. സാങ്കേതിക വിദ്യാഭ്യാസ സൗദ്ധ്യത ഇനിയും ഉണ്ടാവേണ്ട തായിട്ടാണിരീക്കുക. അതിനാൽ ഏത് മേഖല യിലായാലും ഐ.റ്റി.ഐകളും പോളിടെ ക്നിക്കുകളും കൂടുതൽ സ്ഥാപിച്ച് പ്രവർത്തി ക്കുവാനുള്ള നടപടികൾ കൈക്കൊളേളണ്ടതാണ്. സാങ്കേതികവിദ്യാഭ്യാസരംഗത്ത് നമ്മുടെ പഞ്ചാ യത്തിൽ നെടിയകാലഹരിജൻ കോളനിയിൽ പട്ടികജാതി പട്ടികവാർഗ്ഗങ്ങൾക്ക് മാത്രമായി സംവരണം ചെയ്തുകൊണ്ടും നടത്തുന്ന ഒരു ഇൻഡസ്ട്രീയൽ ട്രെയിനിംഗ് സെന്ററും, നെല്ലിക്കാക്കുഴിയിൽ പെൺകുട്ടികൾക്ക് തയ്യൽ പരിശീലനം നല്കി വരുന്ന ഒരു വൊക്കേഷണൽ ട്രയിനിംഗ് സെന്ററും പ്രവർത്തിക്കുന്നുമണ്ട്. അവയുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെ ടുത്തേണ്ടതുമാണ്. നമ്മുടെ പഞ്ചായത്തിൽ തന്നെ 6-ാം വാർഡിൽ കോട്ടുക്കാൽ ഗ്രാമപഞ്ചായത്ത് അതിർത്തിയോട് ചേർന്നുള്ള ഒരു ഭാഗത്ത്, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ മികച്ചരീതിയിൽ പ്രവർത്തിപ്പിക്കാൻ മതിയായ സ്ഥല സൗകര്യങ്ങളും മറ്റും തനതായുള്ള ഒരു ട്രസ്റ്റ് നിലവിലുണ്ട്. വ്യവസ്ഥാപിതമായി മുമ്പോട്ടു വരുന്ന ഇത്തരം സംഘടനകളെയും, സ്പോൺ സറിംഗ് ഏജൻസികളെയും ഈ രംഗത്ത് പ്രോത്സാഹിപ്പിക്കാവുന്നതാണ്.

സമാന്തരവിദ്യഭ്യാസ രംഗവും നമ്മുടെ ഗ്രാമപ്രദേശത്ത് വികസിച്ചിട്ടുണ്ട്. ചെറുതും വലിതുമായി പത്തോളം പാരലൽ കോളേജുകളും, ട്യൂട്ടോറിയൽ സ്ഥാപനങ്ങളും ഇവിടെ പ്രവർത്തിച്ചു വരുന്നു. ഓരോസ്ഥാപനത്തലും നൂറുകണക്കിന് വിദ്യാർത്ഥികൾ പ്രൈവറ്റായി പഠന നടത്തിന്നുണ്ട്. എസ്.എസ്.എൽ.സി. മുതൽ ബിരുദവും ബിരുദാനന്തരബിരുദവും നേടാൻവരെ കഴിയുന്ന ആദ്ധ്യയനം ഈ സമാന്തര വിദ്യഭ്യാസമേഖലയിൽ വിദ്യാർത്ഥികൾക്ക് ലഭ്യമാണ്. തൊഴിൽ രഹിതരായ ഒരു കൂട്ടം അഭ്യസ്ത വിദ്യർക്ക് ആശ്വാസം അരുളുന്ന ഒരു തൊഴിൽ മേഖലയായി കൂടി ഈ സമാന്തര വിദ്യാഭ്യാസ രംഗം പരിഗണി ക്കപ്പെടേണ്ടതാണ്.

ഈ ഗ്രാമവാസികളുടെ ഒരു ദീർഘകാല സ്വപ്നം സാക്ഷാത്കരിക്കപ്പെടുകായയിരുന്നു. 1982 ഒക്ടോബർ 27 ന് കാഞ്ഞിരംകുളം കുഞ്ഞപ കൃഷ്ണൻ നാടാർ മെമ്മോറിയൽ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് ഉത്ഘാടനം ചെയ്യപ്പെട്ടത്. പ്രീഡിഗ്രിക്ക് ആർട്സ് വിഭാഗത്തൽ iii-iv ഗ്രൂപ്പുകളിലായി 80 വിദ്യാർത്ഥികൾ വീതമുള്ള രണ്ട് ബാച്ചുകൾ അനുവദിച്ചുകൊണ്ടാണ് പ്രവർത്തനം ആരംഭിച്ചത്. ഇതിനകം അതെ വിഷയങ്ങൾക്ക് ഡിഗ്രി ക്ലാസുകളും ആരംഭിച്ചിട്ടുണ്ട്. ആർട്സ് വിഭാഗത്തിൽ തന്നെ വിശേഷിച്ചും ചരിത്ര വിഭാഗത്തിൽ ബിരുദാനന്തര ബിരുദം പഠന സൗക ര്യർത്ഥം പുതിയ കോഴ്സുകൾ ആരംഭി ക്കണ്ടതുണ്ട്.

ഇപ്പോൾ ഈ കലാലയത്തിൽ പ്രീഡിഗ്രി തല ത്തിൽ 397 വിദ്യാർത്ഥികളും ഡിഗ്രി തലത്തിൽ 291 വിദ്യാർത്ഥികളുമാണ് പഠിക്കുന്നത്. ഇവിടെ ഇപ്പോൾ 20 അദ്ധ്യാപകരും അത്രയും വരുന്ന അദ്ധ്യാപകേതര ജീവനക്കാരും പ്രവർത്തിയെടു ക്കുന്നു. നമ്മുടെ ഗ്രാമാന്തരീക്ഷത്തിന്റെ മുഖഛാ യക്കു തന്നെ കാര്യമായൊരു മാറ്റം വരുത്താൻ മഹ ത്തായ ഈ സ്ഥാപനത്തിനും അതിന്റെ പ്രവർത്ത നത്തിനും സാധിച്ചിട്ടുണ്ട്. എങ്കിലും കുറവുംകളുടെ കൂമ്പാരം വേറെ. ഇപ്പോൾ രണ്ട് ഏക്കറിൽ താഴെ മാത്രം വിസ്തൃതിവരുന്ന സ്ഥലമേ കോളേജിന് സ്വന്തമായി അവകാശപ്പെടാനുള്ളു. അതിനുള്ളിൽ ഈ അടുത്ത കാലത്തായി ഒരു ഇരുനില കെട്ടിടം പണി പൂർത്തിയാക്കി പ്രവർത്തിപ്പിക്കുന്നു. അത്യാ വശ്യം വേണ്ട സ്ഥല സൗകര്യത്തിന്റെ ഒരു ഭാഗമേ അതുകൊണ്ടായിട്ടുള്ളു. അടിയന്തിരമായി അടുത്ത് ഒരു നിലയും കൂടി പണിത് കോളെജിന്റെ പ്രവർത്തനം ഭദ്രമാക്കേണ്ടതുണ്ട്. കുട്ടികളുടെ പഠ നാവശ്യങ്ങൾക്കുപോലും സ്ഥലം പരിമിതി തടസ്സം നില്ക്കുമ്പോൾ കളിസ്ഥലം തുടങ്ങിയ പാഠ്യേതര ആവശ്യങ്ങൾ എങ്ങനെ പരിഹരിക്കപ്പെടാനാണ്. കൂടുതലായി വേണ്ടിയിരിക്കുന്ന സ്ഥലം അക്വയർ ചെയ്യാനുള്ള നടപടികൾ എത്രയും സത്വരമായി ഉണ്ടാവേണ്ടിയിരിക്കുന്നു. കുട്ടികൾക്ക് ഇരുന്നു പഠി ക്കാനും അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവ നക്കാർക്കും അത്യാവശ്യം വേണ്ട ഫർണിച്ചറുകളും അകസാമാനങ്ങളും തീർത്തും അപര്യാപ്തമാണ്. മൊത്തത്തിൽ കോളേജിനുള്ളിൽ ആവശ്യം വേണ്ട സാമഗ്രികളുടെ പരിമിതി പരിതാപകരമെന്നേ പറ യേണ്ടൂ. എന്തൊക്കെയാണന്നോ എത്രയെല്ലാം വേണമെന്നോ അക്കമിട്ടു നിരത്തുന്നില്ല.

കോളേജ് സ്ഥാപിച്ചെടുക്കുക എന്ന സ്വപ്നം സാക്ഷാൽക്കരിക്കപ്പെട്ടുവെങ്കിലും അതിന്റെ ഫലം പൂർണ്ണതയിൽ പ്രാപ്തമാകണമെങ്കിൽ ഈ സ്ഥാപനത്തിൽ സയൻസു വിഷയങ്ങൾ ആരംഭിക്കാനുള്ള അനുവാദം ഉടൻ ഉണ്ടാവേണ്ടിയിരിക്കുന്നു. അതു സാധിക്കണമെങ്കിൽ അനുബന്ധമായ ലബോറട്ടറി സൗകര്യങ്ങൾ ഉണ്ടാകണം. അതിനുമതിയായ ജീവനക്കാരും പ്രവർത്തന സാഹചര്യങ്ങളഉം ഉണ്ടാവണം. ഇതൊക്കെ കഠിനമായ സാമ്പത്തിക ബാദ്ധ്യതവരുത്തുന്ന വസ്തുതകളാണെങ്കിലും ഇന്നാട്ടിലെ ഉന്നത വിദ്യാഭ്യാസമേഖലയിലെ ഒരേയൊരു ആശാകേന്ദ്രമായ സർക്കാർ സ്ഥാപനമെന്ന നിലയിൽ കുറവുകൾ നികത്താൻ സർക്കാർ ബാദ്ധ്യസ്തമാണ്. തദ്ദേശ ഭരണസാരഥികളുടെ സജീവശ്രദ്ധപതിയേണ്ടതുമാണ്.

ഒരു ഡിഗ്രി കോളേജിന് മതിയായ ലൈബ്രറി സൗകര്യങ്ങളും ഈ സ്ഥാപനത്തിനില്ല. ഉള്ളതു കൊണ്ടു പ്രവർത്തിപ്പിക്കുവാനും പ്രയോജനപ്പെടുത്തുവാനും കൂടി സാധിക്കാത്ത അവസ്ഥയിലാണ്. അത്യാവശ്യം വേണ്ട ഫർണിച്ചറുകളുടെ കുറവുതന്നെയാണ് ഇതിനുകാരണം. അടിയന്തിര പരിഹാരം കണ്ടേകഴിയൂ.

വിദ്യാഭ്യാസ രംഗത്ത് നമ്മുടെ ഗ്രാമത്തിന് ഉന്നതമായ പാരമ്പര്യം അവകാശപ്പെടാമെങ്കിലും ചരിത്ര പശ്ചാത്തലം അതിന് ഉപോൽതബലകമായിട്ടുണ്ടെന്ന് വരികിലും വർത്തമാന കാല അനുഭവങ്ങളിൽ നിന്നു ഈ രംഗത്ത് ഗുണ പരമായി ഇന്ന് തളർച്ചയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നു കാണാം. ഈ ദു:സ്ഥിതിക്കു പരിഹാരം കണ്ടെത്തി നവ ചൈതന്യം കൈവരിക്കാൻ നമ്മുടെ ജനകീയ ആസൂത്രണ പദ്ധതികൾ വഴിയും, വികസന പരിപാടികൾ മുഖാന്തിരവും സാദ്ധ്യമാവുമെന്ന് പ്രത്യാശിക്കാം.

പൊതുജനാരോഗ്യം കുടിവെള്ളം

തിരുവനന്തപുരം ജില്ലയോടും നെയ്യാറ്റിൻകര പട്ടണത്തോടും അടുത്ത് കിടക്കുന്ന കാഞ്ഞിരംകുളം പഞ്ചായത്ത് ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് ജനസാന്ദ്രത വളരെ കൂടുതലാണ്. യാതൊരുവിധ ആസൂത്രണവുമില്ലാതെ ഒരേ കാലയളവിലും പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ഉടലെടുത്ത നാല് സെന്റും, 8 സെന്റും കോളനികളിൽ നിന്നും വിസർജ്യ വസ്തുക്കൾ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ദൈനംദിനം ഉയർന്നുവരുന്ന പ്രാഥമിക സൗകര്യങ്ങളില്ലാത്ത കൊച്ചു വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വലിച്ചെറിയുന്ന പോളിത്തീൻ കവറുകളും മറ്റ് അവശിഷ്ടങ്ങളും ഓടകളിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ എന്നിവ പൊതു ജനാരോഗ്യ രംഗത്ത് വൻ ഭീഷണിയായി തീർന്നിട്ടുണ്ട്. ഈ പഞ്ചായത്തിനെ സംബന്ധിച്ചടത്തോളം ആരോഗ്യ സംരക്ഷണത്തിനം പരിസര മലിനീകരണ നിർമാർജ്ജനത്തിന് മുൻതൂക്കം നൽകികൊണ്ടുള്ള പദ്ധിതികൾ ആവിഷ്കരിക്കേണതാണ്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ കോളനി പ്രദേശങ്ങളിലും പ്രധാനപ്പെട്ട കവലകളിലും ആവശ്യമായ ഇതര സ്ഥലങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി കുപ്പതൊട്ടികൾ സ്ഥാപിക്കുകയും വിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ സമയാസമയങ്ങളിൽ നീക്കം ചെയ്യാൻ സംവിധാനം ഏർപ്പെടുത്താൻ നടപടി വേണം. വിവിധ മേഖലകളിൽ നിന്ന് നീക്കം ചെയ്യുന്ന മാലിന്യങ്ങൾ ഏതെങ്കിലും മേഖലകളിൽ നിക്ഷേപിച്ച് പരിസര മലിനീകരണം സംജാതമാക്കാതിരിക്കാൻ മാലിന്യങ്ങൾ സംസ്കരിക്കപ്പെട്ടത് പഞ്ചായത്തിലെ ആഭ്യന്തര ഉപഭോഗത്തിന് വളമായി ഉപയോപ്പെടുത്തി. വരുമാനമുണ്ടാക്കാവുന്നതും ഈ പദ്ധതിക്ക് വരുന്ന ചിലവിലേക്ക് മുതൽ കൂട്ടാവുന്നതുമാണ്. ഈ മാലിന്യങ്ങളും ചവറുകളും സംസ്ക്കരിക്കുന്നതിന് ഇൻസുനേറ്റർ സ്ഥാപിക്കേണ്ടതാണ്.

2. പഞ്ചായത്തിലെ പൊതു സ്ഥലങ്ങളും വഴിയോരങ്ങളും വൃത്തിയാക്കുന്നതിന് തൂപ്പ്കാരെ നിയമിക്കേണ്ടത് ആവശ്യമാണ്.

3. പഞ്ചായത്തിലെ കോളനികളിൽ അടിയന്തിരമായ ട്രയിനേജ് സംവിധാനം ഏർപ്പെടുത്തി വിസർജ്ജ ജലം നീക്കേണ്ടതുമാണ്. പഞ്ചായത്തിലെ മൊത്തം പരിസര സംരക്ഷണത്തിനായി ബൃഹത്തായ ട്രയിനേജ് സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.

4. പകർച്ച വ്യാധികൾ തടയുന്നതിനായി കൊതുക് നിവാരണ പദ്ധതികൾ പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കണം.

5. പഞ്ചായത്തിൽ കാഞ്ഞിരംകുളം മാർക്കറ്റിലെ അറവ്ശാലയിൽ നിന്നും മാലിന്യങ്ങൾ മലിനംകുളത്തിലേയ്ക്ക് പോകുന്ന ഓടയിലിറങ്ങി ദുർഗന്ധം വമിക്കുകയും പകർച്ചവ്യാധികൾക്കും ഇടയാകുന്നു. കൂടാതെ പഞ്ചായത്തിലെ പല ഭാഗങ്ങളിലും കോർപ്പറേഷൻ ചവറുകൾ ആളുകൾ ദിവസങ്ങളോളം ഇറക്കിയിടുന്നതു മൂലം മാലിന്യങ്ങൾ വർദ്ധിക്കുകയും സാംക്രമിക രോഗങ്ങൾ എന്നിവ ഉണ്ടാകുന്നു.

6. കാഞ്ഞിരംകുളം ജംഗ്ഷനിലെ ഹോട്ടലുകളിൽ നിന്ന് പുറത്തേയ്ക്ക് ഒഴുക്കിവിടുന്ന ക്രമാതീതമായ മാലിന്യങ്ങളും ഓടകളിൽ നിക്ഷേപിക്കുന്ന ചവറുകളും ടി ഹോട്ടലുകളിൽ തന്നെ സംസ്കരിച്ച് മാലിന്യ രഹിതമാക്കാൻ നടപടികൾ സ്വീകരക്കേണ്ടതാണ്.

7. ഹോട്ടൽ ഭക്ഷണത്തിൽ കൂടെയും രോഗങ്ങൾ പകരുന്നത് തടയുന്നതിനായ് പഞ്ചായത്തിനകത്ത് വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ

വർഷം	ജല ജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണി ജന്യരോഗങ്ങൾ	മറ്റുള്ളവ
1993–94	67	15	–	3
1994–95	189	18	1	14
1995–96	30	14	–	–

വർഷം	സർക്കാർതലചികിത്സയുടെ ഗുണഭോക്താക്കൾ
1992–93	37219
1993–94	41005
1994–95	44647
1995–96	44184

ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും സംവിധാനം

8. പഞ്ചായത്തിലെ കോളനികൾക്ക് സമീപം പൊതുശ്മശാനം സ്ഥാപിക്കേണ്ടതാണ്.

9. ശുചീകരണ പ്രവർത്തനങ്ങളെ കുറിച്ച് പൊതുജനങ്ങളുടെ ബോധവൽക്കരണം സന്നദ്ധസംഘടനകളെ ഏൽപ്പിച്ച് നടത്തേണ്ടതാണ്.

10.പഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളിൽ കുപ്പതൊട്ടികൾ സ്ഥാപിക്കേണ്ടതും അവ നീക്കം ചെയ്യാൻ ജീവനക്കാരെ നിയമിക്കേണ്ടതാണ്.

11. പഞ്ചായത്തിൽ കക്കൂസ് ഇല്ലാത്ത ദുർബ്ബല ജന വിഭാഗങ്ങൾക്ക് സൗജന്യമായി കക്കൂസ് നിർമ്മിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ചികിത്സാരംഗം

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിൽ മൂന്ന് ഗവ: ഡിസ്പെൻസറികളും ഒരു ആശുപത്രിയും നിലവിലുണ്ട്.

1. ഗവ: ആയൂർവ്വേദ ഡിസ്പൻസറി

2. ഗവ: മർമ്മ ആയൂർവ്വേദ ആശുപത്രി

3. ഗവ: ഹോമിയോ ഡിസ്പെൻസറി

4. നന്ദകുമാർ സ്മാരക ഗവ: പ്രൈമറി ഹെൽത്ത് സെന്റർ.

തിരുവന്തപുരം സിറ്റിയിലെ മെഡിക്കൽ കോളേജിന്റെ സാമീപ്യം പഞ്ചായത്ത് നിവാസികൾക്ക് ആധുനിക ചികിത്സാരീതികൾ ലഭിക്കുന്നതിന് വളരെയേറെ സഹായകരമാണ്. തന്മൂലം പഞ്ചായത്തിലെ മരണനിരക്ക് സംസ്ഥാന ശരാശരിയിൽ അല്പം കുറവാണ് ശിശുമരണ നിരക്ക് വളരെകുറവാണ്.

പഞ്ചായത്തിലെ നെല്ലിക്കാകുഴി വാർഡിൽ ഗവ: ഹോമിയോ ഡിസ്പെൻസറിയും, നന്ദകുമാർ സ്മാരക ഗവ: പ്രൈമറി ഹെൽത്ത് സെന്ററും, കാഞ്ഞിരംകുളം വാർഡിൽ ഗവ: ആയൂർവ്വേദ ഡിസ്പെൻസറിയും മാവിള വാർഡിൽ ഗവ : മാർമ്മ ആയുർവേദ ആശുപത്രിയും സ്ഥിതി ചെയ്യുന്നു.

സ്വകാര്യമേഖലയിൽ ധാരാളം ചെറുകിട ആശുപത്രികൾ സ്ഥിതിചെയ്യുന്നു. ഇങ്ങനെയൊക്കെയൊന്നെങ്കിലും ദുർബ്ബല ജന വിഭാഗങ്ങൾ ചികിത്സയ്ക്കായി ഗവ: ആശുപത്രികളെ പ്രയോജനപ്പെടുത്തുന്ന പ്രവണത കുറെ വർഷങ്ങളായി വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

കഴിഞ്ഞ മൂന്ന് വർഷങ്ങൾ പരിശോധിച്ചാൽ 1994-95 വർഷങ്ങളിലാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ജല ജന്യരോഗങ്ങൾ ഉണ്ടായിട്ടുള്ളത്. എന്നാൽ വായുജന്യ രോഗങ്ങൾ, പ്രാണിജന്യരോഗങ്ങൾ എന്നിവ വളരെയധികം കുറഞ്ഞിട്ടുണ്ട്. എന്നാൽ സ്ഥായിയായ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചു വരുകയാണ് ദാരിദ്ര്യജന്യരോഗങ്ങൾ ഇതുവരെയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

നിലവിലുള്ള ഹെൽത്ത് സെന്ററുകളിൽ മാതൃശിശു സംരക്ഷണ പദ്ധതികൾ ഉണ്ടെങ്കിലും ഭൂരിഭാഗം ജനങ്ങളും അവ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നില്ല.

ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആശുപത്രികളും ഡിസ്പെൻസറികളും പല സങ്കീർണ്ണ പ്രശ്നങ്ങളെയും അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നു.

നന്ദകുമാർസ്മാരക പ്രൈമറി ഹെൽത്ത്സെന്റർ

1995 ജൂലൈ 19ന് പ്രവർത്തനം ആരംഭിച്ച പ്രൈമറി ഹെൽത്ത് സെന്റർ ഇന്നും വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.

ഗ്രാമസഭയുടെ നിർദ്ദേശങ്ങൾ

1) ഹെൽത്ത് സെന്ററിൽ ഇപ്പോഴുള്ള ജല ദൗർലഭ്യം പരിഹരിക്കാൻ കെട്ടിടത്തിനുള്ളിൽ പ്ലംബിംഗ് സംവിധാനം നടപ്പിലാക്കണം.

2) പ്രൈമറി ഹെൽത്ത് സെന്ററിൽ ഇപ്പോഴുള്ള രോഗികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാൻ പുറത്ത് കക്കൂസ് നിർമ്മിക്കുകയും ചുറ്റുമതിൽ നിർമ്മിക്കുകയും ചെയ്യണം.

3) ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്നും ഇപ്പോൾ ലഭിക്കുന്ന മരുന്നുകൾ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ആവശ്യത്തിന് തികയാത്തതിനാൽ കൂടുതൽ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

4) പ്രൈമറി ഹെൽത്ത് സെന്ററിനെ ഒരു 50 കിടക്കകൾ ഉള്ള മാതൃശിശു സംരക്ഷണ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

കാഞ്ഞിരംകുളം ഗവ:ഹോമിയോ ഡിസ് പെൻസറി

1996 എപ്രിൽ പ്രവർത്തനം ആരംഭിച്ച ഗവ:

ഹോമിയോ ഡിസ്പെൻസറി ഇന്നും വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. ടി. ആശുപത്രിയെ സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഹോമിയോ ചികിത്സാ രംഗം ഇന്ന് മറ്റ് ചികിത്സാ സമ്പ്രദായങ്ങളോടൊപ്പം തന്നെ ജനങ്ങൾക്ക് വളരെയധികം ഉപയോഗ പ്രദമായ ചികിത്സാ സമ്പ്രദായമായി മാറി കൊണ്ടിരിക്കുകയാണല്ലോ ആ താത്പര്യം ഉൾകൊണ്ട് രോഗികളെ ചികിത്സിക്കുന്നതിന് ഉപയുക്തമായ രീതിയിൽ സംവിധാനം ഉണ്ടാക്കണം.

കാഞ്ഞിരംകുളം ഗവ: ആയൂർവ്വേദ ഡിസ് പെൻസറി

ഉദ്ദേശം 40 വർഷങ്ങൾക്ക് മുൻപ് അതായത് 25-8-56 ൽ പ്രവർത്തനം തുടങ്ങിയ ഈ സ്ഥാപനം 14-3-1959 മുതൽ സ്വന്തമായി ഒരു കെട്ടിടവും 10സെന്റ് സ്ഥലവും നിലവിലുണ്ട്.ജീവനക്കാർ - 4

മെഡിക്കലാഫീസർ - 1 അറ്റൻഡർ - 1

ഫാർമസിസ്റ്റ് - 1 പാർട്ട് ടൈം സ്വീപ്പർ - 1

25-8-56 ൽ പ്രവർത്തനം തുടങ്ങിയ ഈ സ്ഥാപനം 40 വർഷം പിന്നിട്ടിട്ടും ഒരു ഡിസ്പെൻസറിയായി തന്നെ തുടരുന്നു. മറ്റു സ്ഥലങ്ങളിൽ 10 വർഷം പിന്നിട്ട ഡിസ്പെൻസറികൾ സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് നാട്ടുകാരുടെ ശ്രമ ഫലമായി ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. പൂവ്വാർ, കരുംകുളം, തിരുപുരം, കാഞ്ഞിരംകുളം പഞ്ചായത്തുകളിലെ നിരവധി കടലോരഗ്രാമങ്ങളിൽ നിന്നുമുൾപ്പടെ ഇവിടെയെത്തുന്ന പാവപ്പെട്ട രോഗികൾ ഈ സ്ഥാപനത്തെ ആശ്രയിച്ചാണ് വരുന്നത്. ദിവസേന നൂറിൽ കൂടുതൽ രോഗികൾ എത്തുന്ന ഈ സ്ഥാപനത്തിൽ എല്ലാവർക്കും രോഗാനുസരണം മരുന്ന് കൊടുക്കണമെങ്കിൽ ഒരു മാസം 5000/ രൂപയുടെയെങ്കിലും മരുന്ന് ആവശ്യമായിരിക്കുന്നു. മരുന്നിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടി ഉണ്ടാകണം മാത്രമല്ല ഈ സ്ഥാപനം കുറഞ്ഞത് 20 കിടക്കകളോട് കൂടിയ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

പാവപ്പെട്ട വളരെ രോഗികൾ പഞ്ചകർമ്മ ചികിത്സ അർഹിക്കുന്നവരാണ് ഇവിടെ പഞ്ചകർമ്മ ചികിത്സ വിഭാഗം തുടങ്ങിയാൽ അത് ഈ നാട്ടിലെ പാവപ്പെട്ട രോഗികൾക്ക് ആശ്വാസമായിരിക്കും.

ഈ ഡിസ്പെൻസറി കെട്ടിടം 1994ൽ വെള്ള പൂശിപെയിന്റ് ചെയ്തുവെങ്കിലും അടുക്കള ഭാഗത്ത് ധാരാളം ഓടുകൾ പൊട്ടി മഴവെള്ളം ചോർന്നൊലിച്ച അകവശം വൃത്തികേടാക്കുന്നു. ആയതു അടിയന്തിരമായി റിപ്പയർ ചെയ്യുന്നതിനോടൊപ്പം ആവശ്യമായ ഫർണ്ണിച്ചർ (4 കസേര, 2 അലമാര) വാങ്ങി തരുന്നതിന് നടപടിയുണ്ടാകണം.

കാഞ്ഞിരംകുളം ഗവ: ആയൂർ: മർമ്മാശുപത്രി

1979ൽ 10 കിടക്കകളോടു കൂടിയ പ്രവർത്തനം ആരംഭിച്ച കേരളത്തിലെ ഏകസ്ഥാപനം ഇപ്പോഴും പൂർവ്വസ്ഥിതിയിൽ 10 കിടക്കകളുള്ള മർമ്മാശുപത്രിയായി തുടരുന്നു.

ആശുപത്രി വികസനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

1. ആശുപത്രിയ്ക്ക് സ്വന്തമായി കെട്ടിടങ്ങളും അതോടനുബന്ധിച്ചുള്ള പരിസരവും നിർമ്മിക്കുക.

2. ആശുപത്രി കുറഞ്ഞത് 50 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുകയും പേ വാർഡ് സൗകര്യവും ഉണ്ടാക്കുക.

3. ഈ സ്ഥാപനം 'ഗവ: ആയൂർവ്വേദ മർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാക്കി' ഉയർത്തുക.

4. കേരളത്തിൽ ആകെയുള്ള ഒരു മർമ്മാശുപത്രിയാകയാൽ മർമ്മ സംബന്ധമായ രോഗികൾ ധാരാശമായി ഇവിടെ ചികിത്സയ്ക്ക് എത്തുന്നതുകൊണ്ടും മർമ്മ ചികിത്സയ്ക്ക് ഗവേഷണം നടത്താൻ ഇതുപോലെ സൗകര്യമുള്ള മറ്റൊരു ആശുപത്രി കേരളത്തിൽ വേറെ ലഭ്യമല്ല. മാത്രമല്ല ഗവ: ആയൂർവ്വേദ കോളേജുമായി അടുത്ത് സ്ഥിതി ചെയ്യുന്നതുകൊണ്ടും ഗവേഷണ വിദ്യാർത്ഥികൾക്ക് ഈ ആശുപത്രിസൗകര്യം ഉപയോഗപ്പെടുത്താവുന്നതും അതുപോലെ മർമ്മ ചികിത്സയുടെ വികസനത്തിന് വേണ്ടിയും ആശുപത്രി വികസിപ്പിക്കാൻ നടപടി സ്വീകരിക്കണം.

5. ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡിപ്പാർട്ട് മെന്റിലെ മെഡിക്കലാഫീസർമാർക്ക് മർമ്മ ചികിത്സയിൽ പരിശീലനം നൽകാൻ ഈ ആശുപത്രി സൗകര്യപ്പെടുത്താം.

6. മാസ്സിയർ ട്രെയിനിംഗ് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ ഈ ആശുപത്രി സൗകര്യം ഉപയോഗപ്പെടുത്താം.

7. ആയൂർവ്വേദ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ് നൽകാൻ ഈ ആശുപത്രി സൗകര്യം ഉപ

യോഗപ്പെടുത്താം.

8. ആശുപത്രിയിൽ B.A.M.S ഹൗസ് സർജൻസി നടത്തുന്ന വിദ്യാർത്ഥികളെ ഇവിടെ ഒരു മാസത്തേയ്ക്ക് പോസ്റ്റ് ചെയ്താൽ അവർക്കും പ്രയോജനപ്രദമായിരിക്കും. അതുപോലെ പൊതുജനങ്ങൾക്കും.

9. ആശുപത്രിയിൽ ഒരു X'stay unit, ECG, ക്ലിനിക്കൽ ലബോറട്ടറി എന്നിസൗകര്യങ്ങൾ ഏർപ്പെടുത്തുക അതിനാവശ്യമായ നടപടി സർക്കാർ തലത്തിൽ സ്വീകരിക്കുക.

10. അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായ കോവളത്തോട് അടുത്ത് സ്ഥിതിചെയ്യുന്ന ഈ സ്ഥാപനത്തിൽ വിദേശികളായ ടൂറിസ്റ്റുകൾക്ക് ആയൂർവ്വേദ ചികിത്സയുടെ പ്രയോജനം ഉപയോഗപ്പെടുത്താൻ ടൂറിസം ഡിപ്പാർട്ടുമെന്റുമായി യോജിച്ച് വേണ്ട നടപടികൾ സ്വീകരിക്കുക. അവർക്ക് വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കുക.

11. ആശുപത്രിക്ക് ആവശ്യമായ ഔഷധങ്ങൾ, ബാന്റേജ്, തുണി, പഞ്ഞി, പ്ലാസ്റ്റർ ഓഫ് പാരീസ്, എന്നിവ തടസ്സം കൂടാതെ ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

12. ആശുപത്രിയിൽ ടെലിഫോൺ സൗകര്യം ഉണ്ടാക്കുക.

13. ആശുപത്രിക്ക് 'സ്റ്റാഫ് കോർട്ടേഴ്സ്' നിർമ്മിക്കുക.

14. ആശുപത്രിക്ക് വേണ്ട ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക.

ഗ്രാമസഭനിർദ്ദേശങ്ങൾ

1) എല്ലാ വാർഡുകളിലും ഉപയുക്തമായ രീതിയിൽ എല്ലാ സംവിധാനങ്ങളോടും കൂടിയ മാതൃശിശു സംരക്ഷണ കേന്ദ്രം തുടങ്ങേണ്ടതും ആയതിന്റെ സേവനം ലഭ്യമാക്കേണ്ടതുമാണ്.

2) പഞ്ചായത്തിലെ തെരുവ് നായ്ക്കളെ ഇല്ലായ്മ ചെയ്യാനും വളർത്തു നായ്ക്കളെ കുത്തിവെയ്പ്പ് നടത്താനും പരിപാടികൾ ആവിഷ്കരിക്കണം.

3) പഞ്ചായത്തിന്റെ ശുചീകരണ പ്രവർത്തനങ്ങളിൽ ആരോഗ്യ കേന്ദ്രങ്ങളുടെ പങ്കാളിത്തം കൂടെ നടപ്പാക്കണം.

4) ആരോഗ്യ സംരക്ഷണത്തെപ്പറ്റിയും വിവിധ ചികിത്സാ സമ്പ്രാദ്യങ്ങളെപ്പറ്റിയും വാർഡുതല സെമിനാറുകൾ നടത്തി ജനങ്ങളെ ബോധവൽക്കരിക്കണം.

കുടിവെള്ളം

കാഞ്ഞിരംകുളം പഞ്ചായത്തു പ്രദേശത്തു പ്രകൃതി ദത്തമായ ജല സ്രോതസുകൾ ഒന്നു തന്നെ ഇല്ല. എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. അതു കൊണ്ടുതന്നെ ഇവിടത്തെ ജനങ്ങൾ പൈപ്പു വെള്ളത്തെയാണ്. ആശ്രയിക്കുന്നത്. നിലവിലുള്ള സംവിധാനം അനുസരിച്ച് 12 ദിവസത്തിലൊരിക്കൽ മാത്രമാണ് കുടിവെള്ളം ലഭിച്ചു വരുന്നത് എന്നാൽ വേനൽക്കാലത്ത് ഈ രീതിയിൽ പോലും കുടിവെള്ളം ലഭ്യമാകാത്ത അവസ്ഥയാണ് ഇന്നുള്ളത്. അതുകൊണ്ടുതന്നെ കാഞ്ഞിരംകുളം പഞ്ചായത്തിന്റെ വികസന റിപ്പോർട്ടിൽ പ്രഥമ സ്ഥാനം കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി നൽകേണ്ടതാണ്.

കാഞ്ഞിരംകുളം പഞ്ചായത്തു പ്രദേശത്തു വിതരണം ചെയ്യുന്ന കുടിവെള്ളം 5 ശുദ്ധജല പദ്ധതികളിൽ നിന്നുമാണ്. അവ കുമിളി ശുദ്ധജല വിതരണ പദ്ധതി, കരിച്ചൽ ശുദ്ധജല വിതരണ പദ്ധതി, നെടിയകാല ശുദ്ധജല വിതരണ പദ്ധതി, അരറിയന്നൂർ ശുദ്ധജല വിതരണ പദ്ധതി, കോട്ടുകാൽ വേങ്ങപൊറ്റ ശുദ്ധജല വിതരണ പദ്ധതി.

കുമിളി ശുദ്ധജല വിതരണ പദ്ധതി

സംസ്ഥാന രൂപീകരണത്തിനു ശേഷം റൂറൽ വാട്ടർ സപ്ലൈ സ്കീം പ്രകാരം ആദ്യ കാലഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളിലൊന്നാണ്. കുമിളി ശുദ്ധജല വിതരണ പദ്ധതി. ഈ പദ്ധതി നടപ്പിൽ വരുമ്പോൾ വളരെ കുറച്ചു പ്രദേശങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്. ഈ പദ്ധതിയ്ക്ക് ആവശ്യമായ ജലം സംഭരിക്കുന്നത് തിരുപുറം പഞ്ചായത്തിലെ കുമിളി പ്രദേശത്തു നിന്നുമാണ്. ടി പ്രദേശം പ്രകൃതിദത്തമായ ജലസ്രോതസിനാൽ അനുഗ്രഹീതമാണ്. ടി. ജലസ്രോതസുകളിൽ നിന്നും പ്രവഹിക്കുന്ന ജലം പൂർണ്ണമായും സംഭരണം ചെയ്തു വിതരണം ചെയ്യാൻ സാധിച്ചാൽ കാഞ്ഞിരംകുളം പഞ്ചായത്തു പ്രദേശത്തിന്റെ തീരാദു:ഖമായ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സാധിക്കും. എന്നാൽ നാളിതുവരെ ആ നിലയ്ക്കുള്ള ഒരു സ്കീം തയ്യാറാക്കി നടപ്പിലാക്കുന്നതിന് വേണ്ടപ്പെട്ട അധികാരികൾക്കോ പഞ്ചായത്തു അധികൃതർക്കോ സാധിച്ചിട്ടില്ല എന്നത്. ഒരു ദു:ഖ സത്യമാണ്. എന്നാൽ ഇന്ന് പദ്ധതി പ്രദേശം മണ്ണ്

ഇട്ട് നികത്തി തെങ്ങിൻ തോട്ടങ്ങളാക്കി മാറ്റി അനുഗ്രഹീതമായ ഈ ജലസ്രോതസ്സു നശിച്ചു കൊണ്ടിരിക്കുകയാണ്. ആയതിനാൽ ടി പ്രദേശത്തെ ചുരുങ്ങിയത് 5 ഏക്കർ സ്ഥലം എങ്കിലും അക്വയർ ചെയ്തു ഒരു ശുദ്ധജല തടാകമാക്കി അതിൽ നിന്നും ജലം സംഭരിക്കാൻ കഴിഞ്ഞാൽ നാം ഇന്ന് അനുഭവിക്കുന്ന ശുദ്ധജല ക്ഷാമം പൂർണ്ണമായും പരിഹരിക്കാൻ സാധിക്കും.

എന്നാൽ ഇന്ന് കുമിളി വാട്ടർ സപ്ലൈ സ്കീമിൽ ആരംഭഘട്ടത്തിൽ ഉണ്ടായിരുന്ന 10 സെന്റ് സ്ഥലവും പമ്പ് ഹൗസ് സ്ഥാപിച്ചിരിക്കുന്ന സ്ഥലവും കൂടാതെ ഒരു ഓപ്പൺ ഗ്യാലറിയും ഉൾപ്പടെ ഏകദേശം 15 സെന്റ് സ്ഥലവും മാത്രമാണ് ഉണ്ടായിരുന്നത്. കൂടാതെ ഇപ്പോൾ അഡിഷണൽ ഗ്യാലറി നിർമ്മിക്കുന്നതിന് 19.5 സെന്റ് സ്ഥലം വാങ്ങിയതുൾപ്പടെ ഏകദേശം 45 സെന്റ് സ്ഥലം മാത്ര മാത്രമാണ്പദ്ധതി പ്രദേശത്തു ആകെയുള്ളത്. അശാസ്ത്രീയമായ സംഭരണ വിതരണ സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത് ടി പദ്ധതിയിൽ നിന്നാണ് കാഞ്ഞിരംകുളം പഞ്ചായത്തിലും തിരുപുറം പഞ്ചായത്തിന്റെ കുറച്ചു ഭാഗത്തും അതിയന്നൂർ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിലും കുടിവെള്ളം വിതരണം ചെയ്തു വരുന്നത്.

പഴകിയ ഒരു പമ്പിംഗ് ലൈനാണ് ഇപ്പോൾ നിലവിലുള്ളത് അതുപോലെ തന്നെ പമ്പുകളുടെയും മോട്ടോറുകളുടെയും സ്ഥിതി ശുദ്ധജലം സംഭരിച്ച് വിതരണം ചെയ്യുന്നതിന് ഒരു ലോ ലെവിൽ ടാങ്കും രണ്ട് ഹൈലെവിൽ ടാങ്കും ഉണ്ട് ഹൈലെവിൽ ടാങ്കും ഉണ്ട് അതിൽ ഒരു ഹൈലെവിൽ ടാങ്ക് ഇപ്പോൾ ഉപയോഗ ശൂന്യമാണ് ശുദ്ധജല വിതരണം ചെയ്യുന്നതിനുള്ള ലൈനുകളും പഴകിയ GI, HD പൈപ്പുകളാണ്. ആദ്യ കാലഘട്ടത്തു കുറച്ചു പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നതിന് വേണ്ടി സ്ഥാപിച്ചിട്ടുള്ള ചെറിയ പൈപ്പു ലൈനുകളാണ് ഇപ്പോൾ നിലവിലുള്ളത്. കൂടുതൽ പ്രദേശങ്ങളിലേക്ക് കണക്ഷൻ നീട്ടികൊടുക്കുന്നതിനനുസരിച്ച് വർദ്ധിച്ചുവരുന്ന ഹൗസ് കണക്ഷനുകൾക്കനുസരിച്ച് വലിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനോ നാളിതുവരെ കഴിഞ്ഞിട്ടില്ല. അതുകാരണം ഉയർന്ന പ്രദേശങ്ങളായ ചാണി, ആനമരംവലിച്ച, കൈവൻവിള, മാവിള, കുഴിവിള, മേലെവിളാകം, പോലീസ് സ്റ്റേഷൻ എന്നീ സ്ഥലങ്ങൾ വർഷങ്ങളായി ശരിയ്ക്കും കുടിവെള്ളം ലഭക്കാത്ത പ്രദേശങ്ങളാണ്. അഡീഷണൽ പമ്പ് ഹൗസ് കുമിളി പദ്ധതി പ്രദേശത്തു സ്ഥാപിക്കണം. കൂടാതെ അഡീഷണലായി ഒരു പബ്ലിംഗ് ലൈനും സ്ഥാപിച്ച് പമ്പു ചെയ്യുകയും അതോടൊപ്പം തന്നെ കാഞ്ഞിരംകുളം ജംഗ്ഷൻ വരെ ഒരു പാരലൽ ലൈനും സ്ഥാപിക്കണം. കൈവൻവിളയിലും, ചാണിയിലും 2 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള സോണൽ ടാങ്കുകളും പമ്പിംഗ് ലൈനുകളും സ്ഥാപിക്കണം. 150 HP യുടെ രണ്ട് മോട്ടോറുകൾ സ്ഥാപിക്കണം. നിലവിലുള്ള വിതരണ ലൈനുകൾ മാറ്റി പുനസംവിധാനം ചെയ്യണം അശാസ്ത്രീയമായ വാൽവ് നിയന്ത്രണങ്ങൾ ഒഴുവാക്കണം.

നെടിയകാല ശുദ്ധജല വിതരണ പദ്ധതി

പഞ്ചായത്തിലെ മറ്റൊരു ജല സ്രോതസാണ് നെടിയകാല ഭാഗത്തുള്ള കുഴൽ കിണർ ഇത് ശുദ്ധമായ വറ്റാത്ത ഒരു ശുദ്ധ ജല ഉറവിടമാണ് ഇപ്പോൾ ഇവിടത്തെ ജലം വിതരണം ചെയ്യുന്നത്. കാഞ്ഞിരംകുളം പഞ്ചായത്തിലെ കോളനികൾ സ്ഥിതി ചെയ്യുന്നതും ഹരിജനങ്ങൾ തിങ്ങി പാർക്കുന്നതുമായ നെടിയകാല, കരിച്ചൽ എന്നി വാർഡുകളിൽ ഈ പദ്ധതിയിലെ ജലമാണ് ലഭിക്കുന്നത്. കൂടാതെ കരുംകുളം പഞ്ചായത്തിലെ കുറച്ചുപ്രദേശങ്ങളിൽ ഈ ഉറവയിലെ ജലമാണ് ഉപയോഗിക്കുന്നത് ജലം കുറവല്ലാതെ ഉണ്ടങ്കിലും ആഴ്ചയിൽ ഒരു ദിവസം മാത്രമാണ് ഈ പദ്ധതിയി ൽ കൂടി ജലം ലഭിക്കുന്നത്.

ഈ പദ്ധതി കൂടുതൽ കാര്യക്ഷമാക്കുന്നതിന് നെടിയകലാഭാഗത്ത് ഒരു ഹൈലെവിൽ ടാങ്ക് സ്ഥാപിച്ച് (2 ലക്ഷം ലിറ്റർ ശേഷിയുള്ളത്) ജലം വിതരണം ചെയ്യേണ്ടതാണ്.

കൂടാതെ അഡിഷണലായി ഒരു ട്യൂബ്വെല്ലുകളും കൂടുതൽശോഷിയുള്ള പമ്പും സ്ഥാപിക്കേണ്ടതാണ്. എന്നാൽ മാത്രമേ തൂർച്ചയായി ഈ പദ്ധതിപ്രദേശത്ത് കുടിവെള്ളം എത്തിയ്ക്കാൻ സാധിക്കുകയുള്ളു.

പമ്പ് ഹൗസുകളിൽ പവ്വർകട്ട് ഒഴുവാക്കി തുർച്ചയായി പമ്പ് ചെയ്യുന്നതിന് സഹായകരമായ നിലപാട് സ്വീകരിക്കേണ്ടതാണ്.

കേട് വരുന്ന പമ്പുകൾ കാലതാമസം കൂടാതെ റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പബ്ലിക്ക് ടാപ്പ്കളിൽ കൂടി ജലം ദുർവിനിയോകം കുറയ്ക്കുന്നതിന് ചെറിയ വാട്ടർ

ടാപ്പുകൾ സ്ഥാപിക്കേണ്ടതാണ്.

കഞ്ഞിരംകുളം പഞ്ചായത്തിലെ മാവിള, മേലേ വിളാകം, കുഴിവിള എന്നി ഭാഗങ്ങളിൽ ശുദ്ധജല ദൗർലഭ്യം തീർക്കുന്നതിന് ഊറ്ററ ഭഗവതി ക്ഷേത്രത്തിനടുത്ത് 12 ഇഞ്ച് വ്യാസത്തിലുള്ള ട്യൂബ് വെൽ കുഴിച്ച് മാവിള ഭാഗത്ത് ഹൈലെവിൽ ടാങ്കും പമ്പിംഗ് ലൈനും സ്ഥാപിച്ച് വിതരണം ചെയ്യാൻ നടപടികൾ യുണ്ടകണം.

കരിച്ചൽശുദ്ധജല വിതരണപദ്ധതി

കാഞ്ഞിരംകുളം, കരിംകുളം, പൂവ്വാർ എന്നി പഞ്ചായത്തുകളിലെയും തീര ദേശങ്ങളിൽ ശുദ്ധജ ലവിതരണം നടത്തുന്നത് കരിച്ചൽ ശുദ്ധ ജലവിതരണ പദ്ധതിയിൽ നിന്നു മാണ്.കരിച്ചൽ വാട്ടർ സൈപ്ല സ്കീം നടപ്പാക്കു ന്നതിന്. 1 ഏക്കർ ഭൂമി അകയർ ചെയ്തു എങ്കിൽ ഏകദേശം 15 സെന്റ് സ്ഥലത്താണ് കിണറും പമ്പ് ഹൗസും സ്ഥിതി ചെയ്യുന്നത് ബാക്കി സ്ഥലം മാലിന്യ വസ്തുക്കൾ അടിഞ്ഞുകൂടി ഒരു കുളമായി അവശേഷിക്കുന്നു. വേലിയേറ്റ സമയങ്ങളിൽ കടൽ ജലം കറരിയാണ് കുളം ഉപയോഗശുന്യമായി തീരുന്നത് ആയതിനാൽ പ്രസ്തുത കുളം മാലിന്യ വസ്തുക്കൾ മാറ്റി കൂടുൽ താഴത്തി കടൽ കടൽ ജലം കയറാൻ സാദ്ധ്യതയുള്ള ഭാഗങ്ങളിൽ ബണ്ടുകൾ കെട്ടി ബാലപ്പെടുത്തിയാൽ പ്രസ്തുത കുളം ജലം സംഭരിച്ചു വിതരണം ചെയ്യുന്നതിനുള്ള ഗ്യാറിയായി ഉപയോഗിക്കുന്നതിന്. കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന കാഞ്ഞി രംകുളം പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്നതിന് സാധിക്കും ഒന്നിലധികം പാമ്പുകൾ ടി പ്രദേശത്ത് സ്ഥാപി ച്ചിട്ടുണ്ടു എങ്കിലും പമ്പ് ചെയ്യുന്ന കിണറ്റിൽ തുടർച്ചയായി പമ്പ് ചെയ്യുന്നതിനുള്ള ജലം ലഭിക്കുന്നില്ല. അതുകൊണ്ട് അടിയന്തിരമായി മകളിൽ പറഞ്ഞ ഉപയോഗശൂന്യമായി കിടക്കുന്ന കുളം ഉപയോഗപ്രദമാക്കി ജലം സംഭരിക്കാൻ സാധിച്ചാൽ മാത്രമേ ശുദ്ധജലവിതരണം ഒരളവ് വരെ പരിഹാരം കണ്ടെത്താൻ സാധിക്കും.

അതിയന്നൂർ ശുദ്ധജലവിതരണപദ്ധതി

കാഞ്ഞിരംകുളം പഞ്ചായത്തിൽ കഴിവൂർ വാർഡിലെ ചില പ്രദേശങ്ങളിലാണ് ഈ പദ്ധതിയിൽ നിന്നും കുടിവെള്ളം ലഭിക്കുന്നത്. ടി പ്രദേശങ്ങളിൽ ഇന്ന് 15 ദിവസങ്ങളിൽ ഒരിക്കൽ പോലും ശുദ്ധജലം ലഭിക്കാത്തസ്ഥിതിയാണ്. ഈ ദുസ്ഥിതിയ്ക്ക് കാരണം പമ്പ് ചെയ്യുന്നതിന് ആവശ്യമായ ജലം സ്രോതസ്സുകളിൽ ലഭിക്കുന്നില്ല എന്നതുതന്നെ. അയതിന് പരിഹാരമായി പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തുകയോ, ട്യൂബ് വെല്ലുകൾ സ്ഥാപിക്കുകയോ ചെയ്യാൻ മാത്രമേ ഈ പദ്ധതിപ്രദേശം ഉൾക്കൊള്ളുന്ന ഭാഗത്തുള്ള ജനങ്ങൾക്ക് കുടിവെള്ളം ഒരു പരിധിവരെ ലഭ്യമാക്കാൻ സാധിക്കും.

കോട്ടുകാൽ വേങ്ങപ്പൊറ്റ ശുദ്ധജലവിതരണ പദ്ധതി

ഈ പദ്ധതിയിൽ നിന്ന് കഴിവൂർ വാർഡിന്റെ കുറെ ഭാഗങ്ങളിലും ഊറ്ററ വാർഡിലെ കുറെ ഭാഗങ്ങളിലും ആണ് കുടിവെള്ളം ലഭിക്കുന്നത്. ടി പദ്ധതയിൽ നിന്ന് ഒരു ആഴ്ചയിൽ ഒന്നിലധികം ദിവസം ജലം ലഭിക്കുന്നുണ്ട്. എങ്കിലും ലഭിക്കുന്ന ജലം ചെളിയും, മാലിന്യങ്ങളും കൊണ്ട് നിറഞ്ഞതാണ്. അതുപോലെ തന്നെ സ്ഥാപി ച്ചിട്ടുള്ള പൈപ്പ്ലൈൻ അശാ സ്ത്രീയ മായിട്ടാണ് സ്ഥാപിച്ചിട്ടുള്ളത്. ഇത് പരിഹരിക്കാണമെങ്കിൽ പുതിയ സംവിധാനങ്ങളോട് കൂടിയ ഫിൽറ്റർ ഹൗസും, പൈപ്പ് ലൈനും സ്ഥാപിച്ചാൽ ഒരു പരിധിവരെ ഈ പദ്ധതിപ്രദേശത്തെ ആളുകൾക്ക് കുടിവെള്ളം എത്തിയ്ക്കാൻ സാധിക്കും.

ഈ പഞ്ചായത്തു പ്രദേശത്തിന്റെ 90 ശതമാനം സ്ഥലങ്ങളിലും 200 അടിയിൽ അധികം താഴ്ത്തിയാൽ മാത്രമേ ഭൂഗഭജലം ലഭിക്കുകയുള്ളു. അതുകൊണ്ട് തന്നെ കിണറുകൾ കുഴിച്ച് ജലം കണ്ടെത്തുക അസാധ്യമാണ്. അതിനാൽ മുകളിൽ വിവരിച്ചപ്രകാരം നിലവിലുള്ള പദ്ധതികളെ കാലാനുസൃതമായി ശാസ്ത്രീയ രീതിയിൽ പുന: സംവിധാനം ചെയ്യുകയും കൂടാതെ ഈ പഞ്ചായത്തിൽ ഉൾപ്പെട്ട ഭാഗവതിക്ഷേത്രനട, കഴിവൂർ മൂന്നുമുക്ക് ജംഗ്ഷനിൽ തുടങ്ങിയ സ്ഥാലങ്ങളിൽ ട്യൂബ് വെല്ലുകളും സ്ഥാപിക്കണം ഭഗവതി ക്ഷേത്രനടയിൽ സ്ഥാപിക്കുന്ന ട്യൂബ് വെല്ലിൽ നിന്ന് മാവിളപ്രദേശത്ത് ഹൈലെവൽ ടാങ്കുകെട്ടി ജലം സംഭരിച്ചാൽ മാവിളയിലും പോലീസ് സ്റ്റേഷൻ പ്രദേശത്തും ജലം എത്തിക്കുന്നതിന് സാധികും അതുപൊലെ തന്നെ കഴിവൂർമൂന്നുമുക്കിൽ സ്ഥാപിക്കുന്ന ട്യൂബ് വെല്ലിൽ നിന്ന് പ്ലാങ്കാല എന്ന സ്ഥലത്ത് ഒരു ഹൈലവൽ ടാങ്ക് കെട്ടിജലം സംഭരിച്ചാൽ പ്ലാങ്കാല പണ്ടാരവിള, പ്ലാവിള ഹരിജൻ കോളനി, താഴംകാട് ഹരിജൻ കോളനി, പെരുംകുളം ഹരിജൻ കോളനി തുടങ്ങിയസ്ഥലങ്ങളിൽ ഒരളവ് വരെ ജലം എത്തിക്കുന്നതിന് സാധികും.

വ്യവസായം

ഒൻപതാം പഞ്ചവത്സര പദ്ധതിയിലേയ്ക്ക് കാലുകുത്താൻ വെമ്പൽ കൊണ്ടു നിൽക്കുന്ന കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്നുവെന്ന് ആദ്യമായി പറയട്ടെ. വ്യാവസായികമായി വളരെ പിന്നിലാണെങ്കിലും വിദ്യാഭ്യാസപരമായും സാംസ്കാരികമായും മുന്നിൽ നിൽക്കുന്ന ഒരു പഞ്ചായത്താണെന്ന് അഭിമാനപൂർവ്വം പറയാം. വിദ്യാഭ്യാസപരമായി മുന്നിൽ നിൽക്കുന്നു എന്നു പറയുമ്പോൾ തന്നെ തൊഴിലില്ലായ്മ വിദ്യാസമ്പന്നരിലും സാധാരണക്കാരിലും മുഖ്യപ്രശ്നമായി നിലനിൽക്കുന്നു. വിദ്യാസമ്പന്നരായ ആളുകളെ മാറ്റി നിറുത്തി സാധാരണ ജനങ്ങളെപ്പറ്റി പഠിക്കുമ്പോൾ അധികമാളുകളും പരമ്പരാഗത ചെറുകിട വ്യവസായങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

കാഞ്ഞിരം കുളം ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വ്യവസായ സ്ഥാപനങ്ങളില്ല. അൻപതോളം ചെറുകിട നെയ്ത്തു ശാലകളും ഇരുപതോളം തേങ്ങ ആട്ടുമില്ലുകളും അഞ്ചോളം തടിയറുപ്പുമില്ലുകളും മാത്രമാണ് ചെറുകിട വ്യവസായ സ്ഥാപനങ്ങളായി ഇപ്പോൾ നിലവിലുള്ളത്.

പ്രധാന നാണ്യവിളയായ നാളികേരത്തിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണന സാധ്യത ഈ പഞ്ചായത്തിൽ വളരെകുറവാണ്. വിദൂര സ്ഥലങ്ങളിൽ വിപണത്തിനായി എത്തിക്കുമ്പോൾ ഉത്പാദകന് വളരെയധികം നഷ്ടമുണ്ടാകുന്നു.

ചെറുകിട നെയ്ത്തു ശാലകളുടെയും സ്ഥിതി മറിച്ചല്ല. സർക്കാർ അനുവദിക്കുന്ന ധനസഹായവും റിബേറ്റും ഇടനിലക്കരായ കൈത്തറി സഹകരണ സംഘങ്ങൾ കൊയ്തെടുക്കുമ്പോൾ തൊഴിലാളികൾക്ക് പട്ടിണിമാത്രം. എട്ട് പഞ്ചവത്സര പദ്ധതികൾ പിന്നിട്ടുവെങ്കിലും യാതൊരുവിധ ആസൂത്രണവും മില്ലാതെ നടപ്പിലാക്കിയ പല പദ്ധതികളും പ്രയോജനം ലഭിക്കാതെ തകരുകയാണുണ്ടായത്.

വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ

സ്ഥലസൗകര്യത്തിന്റെ അഭാവം മൂലധന വായ്പാ സൗകര്യങ്ങളുടെ കുറവ് വിവിധ ലൈസൻസുകൾ ലഭിക്കാനുള്ള തടസങ്ങൾ തുടങ്ങി നിരവധി പ്രശ്നങ്ങൾ ഉണ്ട്. വ്യവസായങ്ങൾ സ്ഥാപിക്കുവാൻ പറ്റിയ സ്ഥല സൗകര്യങ്ങൾ പഞ്ചായത്തിൽ ഉണ്ട് എങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള താമസം ഉണ്ടാകുന്നു. വ്യവസായവകുപ്പ് പഞ്ചായത്ത് എന്നിവ ഒഴികെയുള്ള സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ലഭിക്കാൻ താമസം നേരിടുന്നു. അസംസ്കൃത സാധനങ്ങളുടെ ലഭ്യതയും സംസ്കൃത സാധനങ്ങളുടെ ട്രാൻസ്പോട്ടേഷനും വ്യവസായ സംരംഭകരെ ഈ മേഖലയിലേക്ക് മുതൽ മുടക്കന്നതിന് തടസ്സം നിൽക്കുന്നു.

നമ്മുടെ പഞ്ചായത്തിന്റെ വ്യവസായം, തൊഴിൽ എന്നീരംഗങ്ങളിലെ പ്രശ്നങ്ങൾ.

നാളികേരസംസ്ക്കരണം

ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന തേങ്ങ ആട്ടുമില്ലുകളിലെല്ലാം പഴയകാല യന്ത്രചക്കുകളാണ് ഉപയോഗിക്കുന്നത്. തന്മൂലം വൻതോതിലുള്ള സംസ്ക്കരണം നടക്കുന്നില്ല. നാളികേരം ഉത്പാദനം കൂട്ടുന്ന സമയങ്ങളിൽ ഈ പ്രദേശത്ത് ഉത്പാദിപ്പിക്കപ്പെടുന്ന നാളികേരം വൻ തോതിൽ ശേഖരിച്ചു സംസ്ക്കരിക്കാൻ കഴിയാത്തതിനാൽ നാളികേര കർഷകന് ന്യായമായ വില ലഭിക്കുന്നില്ല. പഞ്ചായത്തു തന്നെ ഒരു നാളികേര സംസ്കരണ ശാല ആധുനിക സൗകര്യങ്ങളോടുകൂടി നടത്തുകയാണെങ്കിൽ കർഷകർക്ക് ന്യായമായ വിലയും

തൊഴിൽ രഹിതരായ ആളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കും.

കൊപ്ര ഉണക്കുന്നതിനും ആധുനിക രീതിയിലുള്ള യന്ത്രങ്ങൾ സ്ഥാപിച്ചാൽ ഉത്പാദന ചെലവു കുറയുകയും വരുമാനം വർദ്ധിക്കുകയും ചെയ്യും.

സംസ്ക്കരിച്ചുണ്ടാക്കുന്ന എണ്ണകൊണ്ട് സുഗന്ധ ലേപനങ്ങളും ശുദ്ധിചെയ്ത വെളിച്ചെണ്ണയും മറ്റു ഉൽപന്നങ്ങളും നിർമ്മിച്ച് വിപണനം ചെയ്യാനുള്ള ഒരു വ്യവസായ ശാല സ്ഥാപിച്ചാൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും.

നാളികേരത്തിൽ നിന്നും ലഭിക്കുന്ന ഉപ ഉൽപ്പന്നമായ പുണ്ണാക്ക് സംസ്ക്കരണം നടത്താനുള്ള ഒരു യൂണിറ്റ് സ്ഥാപിച്ചാൽ നമ്മുടെ പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് കുറഞ്ഞ ചെലവിൽ കാലിതീറ്റ ഉത്പാദിപ്പിച്ച് വിതരണം നടത്താൻ കഴിയും.

അതുപോലെ തന്നെ നാളികേരം സംസ്കരിക്കുമ്പോൾ വെറുതെ കളയുന്ന നാളികേരവെള്ളം ഉപയോഗിച്ച് ആധുനിക സംവിധാനത്തോടുകൂടിയ ശീതളപാനീയ നിർമ്മാണ സംരംഭം ആരംഭിച്ചാൽ നമ്മുടെ നാടിന്റെ തൊഴിലില്ലായ്മ ഒരു പരിധിവരെയെങ്കിലും പരിഹരിക്കുവാൻ സാധിക്കും എന്നതിൽ സംശയമില്ല. കാഞ്ഞിരംകുളം പഞ്ചായത്ത് പ്രദേശത്തെ ഏറ്റവും വലിയ കാർഷിക വിളയായ നാളികേരം ഉപയോഗിച്ച് മുകളിൽ പറഞ്ഞിരിക്കുന്ന സംസ്കരണശാലകൾ ആരംഭിച്ചാൽ ഈ പ്രദേശത്തെ ഏറ്റവും വലിയ ശാപമായ തൊഴിലില്ലായ്മക്ക് ഒരു പരിഹാരവും നാളികേര കർഷകന് ന്യായമായ വിലലഭിക്കുകയും തന്മൂലം കാർഷിക മേഖല പുഷ്ടിപ്പെടുകയും ചെയ്യുമെന്ന് ആശ്വസിക്കാം.

കയർനിർമ്മാണം

സുലഭമായി ലഭിക്കുന്ന പച്ചത്തൊണ്ട് ഇവിടെ നിന്നും ശേഖരിച്ച് വ്യാവസായിക ആവശ്യത്തിനായി മറ്റു സ്ഥലങ്ങളിൽ കൊണ്ടു പോകുകയാണ്. ഇവിടെ ലഭിക്കുന്ന തൊണ്ടിന്റെ നേരിയ ശതമാനം മാത്രമെ കയർ നിർമ്മാണത്തിന് ഉപയോഗിക്കുന്നുള്ളൂ. ജലസ്രോതസ്സുകൾ കുറവായതിനാൽ പരമ്പരാഗത രീതിയിൽ തൊണ്ട് അഴുകി കയർ ഉത്പാദിപ്പിക്കുന്നത് പ്രയോഗികമല്ല. അതുകൊണ്ട് പച്ചത്തൊണ്ട് സംസ്ക്കരിച്ച് കയറും കയറുൽപ്പന്നങ്ങളും നിർമ്മിക്കാൻ ആധുനിക രീതിയിലുള്ള സംസ്കരണ ശാലകൾ സ്ഥാപിക്കാൻ കഴിഞ്ഞാൽ കർഷകന് ന്യായമായ വില ലഭിക്കുകയും അതോടൊപ്പം തന്നെ സ്ത്രീകളുൾപ്പെടെയുള്ള തൊഴിലാളികൾക്ക് ഇത് ഒരു അനുഗ്രഹമായിത്തീരും. അതിനുവേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

തീപ്പെട്ടി നിർമ്മാണം

തീപ്പെട്ടി വ്യവസായത്തിനാവശ്യമായ സോഫ്ട് വുഡ്ഡുകളുടെ ലഭ്യത വച്ചുനോക്കുമ്പോൾ ഈ പ്രദേശത്ത് വളരെ മെച്ചമായി നടത്തുവാൻ കഴിയുന്ന ഒരു ചെറുകിടവ്യവസായമാണ് തീപ്പെട്ടി വ്യവസായം. കൂടുതൽ മുതൽ മുടക്കോ സാങ്കേതിക വിദ്യയോ ആവശ്യമില്ലാത്ത ഈ വ്യവസായത്തിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഉത്പ്പന്നങ്ങളുടെ വിപണനത്തിനായി വലിയ വിപണി കണ്ടുപിടിക്കണമെന്നില്ല. പ്രസ്തുത വ്യവസായത്തിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ കണ്ടെത്തുവാനും പ്രയാസമില്ല. അസംസ്കൃത സാധനങ്ങളുടെയും തൊഴിലാളികളുടെയും ലഭ്യത ഈ വ്യവസായത്തിന് എളുപ്പത്തിൽ വളരുവാൻ സാധിക്കും. തീപ്പെട്ടി വ്യവസായത്തിലൂടെ തൊഴിലില്ലാത്ത അനേകമാളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കുന്നു. തീപ്പെട്ടി വ്യവസായത്തിന് ആവശ്യമായ തടി മുറിപ്പു മുതൽ തീപ്പെട്ടി പാക്കിംഗ് ചെയ്ത് വിതരണം നടത്തുന്നതുവരെ അനേകം തൊഴിലാളികളുടെ സേവനം ആവശ്യമായി വരുന്നു. തീപ്പെട്ടിയുടെ ഇന്നർ, ഔട്ടർ, ഫ്രെയിം വർക്കുകൾ വീടുകളിൽ വച്ച് ചെയ്യാവുന്നതായതിനാൽ തൊഴിലില്ലാത്ത് സ്ത്രീകൾക്ക് തൊഴിൽ സാധ്യതയേറുന്നു. ഈ പഞ്ചായത്തിൽ ഒരു തീപ്പെട്ടി വ്യവസായം ആരംഭിക്കാൻ കഴിഞ്ഞാൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും അതോടൊപ്പം ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും കഴിയും.

പാൽസംഭരണവും സംസ്ക്കരണവും

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ധാരാളം കന്നുകാലികളെ വളർത്തുന്ന ഒരു പ്രദേശമാണ്. ഇവിടത്തെ ക്ഷീരകർഷകർ മേൽത്തരം കന്നുകാലികളെ വളർത്തുന്നതിനാൽ ധാരാളം പാൽ ഉത്പാദിപ്പിക്കുന്നു. ഉത്പാദിപ്പിക്കപ്പെടുന്ന പാലിന് ന്യായമായ വില ലഭിക്കാത്തതിനാൽ ഈ മേഖലയിലെ കർഷകർക്ക് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. പാല് സംസ്കരിക്കുന്നതിന് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഒരു ചില്ലിംഗ് പ്ലാന്റ് സ്ഥാപിക്കുകയും സംസ്കരിച്ച പാൽ വിതരണത്തി

നാവശ്യമായ മറ്റൊരു പ്ലാന്റ് ആരംഭിക്കുകയും ചെയ്താൽ ധാരാളം ജനങ്ങൾക്ക് നേരിട്ട് തൊഴിൽ ലഭിക്കും. കൂടാതെ പാൽ സംസ്ക്കരിച്ച് പാലിൽ നിന്നുള്ള ഉത്പന്നങ്ങൾ നിർമ്മിക്കാനുള്ള ഒരു യൂണിറ്റ് സ്ഥാപിച്ചാൽ തൊഴിലവസരങ്ങൾ കൂടുന്നതിനോടൊപ്പം കർഷകന് പാലിന് ന്യായമായ വിലയും ലഭിക്കുന്നു. നമ്മുടെ കർഷകർ ഉത്പാദിപ്പിക്കുന്ന പാൽ കുറഞ്ഞ വിലയ്ക്ക് വിൽക്കുകയും പാൽ ഉത്പന്നങ്ങൾ കൂടിയ വിലയ്ക്ക് വാങ്ങുകയും ചെയ്യുന്ന ഇന്നത്തെ അവസ്ഥ മാറികിട്ടും.

നെയ്ത്ത് വ്യവസായം

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നെയ്ത്തു ശാലകളിൽ നിന്നും ഉത്പാദിക്കുന്ന ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാഞ്ഞത് ഈ മേഖല ക്ഷയിക്കുന്നതിനു കാരണമാകുന്നു. ഇത്പന്നങ്ങളുടെ വിപണനം വളരെ കുറവായതിനാൽ ഉത്പാദകർക്ക് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാനതലത്തിൽ ഒരു സഹകരണ സ്ഥാപനം സ്ഥാപിച്ച് തൊഴിലാളികൾക്കും ഉത്പന്നങ്ങൾക്കും സംരക്ഷണം ഉറപ്പുവരുത്തിയാൽ ഈ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നത്തിന് പരിഹാരമാകും.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

നെയ്ത്തു തൊഴിലാളികളെ സഹായിക്കാൻ നൂലും, ചർക്കയും നെയ്ത്തുശാലയും ഗവ:തലത്തിൽ സ്ഥാപിച്ചാൽ വിപുലമായ തോതിൽ ഉത്പാദനം നടത്തുവാൻ സാധിക്കും. ഇത്തരം വ്യവസായ ശാലകളിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ വിപണനത്തിനായി വിദേശ വിപണികൾ കണ്ടുപിടിക്കുകയും വൻകിട വ്യവസായ കേന്ദ്രങ്ങൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുകയും ചെയ്താൽ അംഗങ്ങളായ തൊഴിലാളികൾക്ക് ലാഭവിഹിതം ലഭിക്കും.

ഈ പഞ്ചായത്തിൽ ഒരു സ്പിന്നിംഗ് മിൽ സ്ഥാപിച്ചാൽ തൊഴിലില്ലാത്ത നിരവധിയാളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കുന്നു.

നാളികേര ഉത്പാദനവും സംസ്കരണവും ആധുനിക വൽക്കരിച്ചാൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കും. തേങ്ങ ആട്ടുമില്ലുകൾ കുടിൽ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നവയാണെങ്കിലും അതിൽനിന്നും ലഭിക്കുന്ന വെളിച്ചെണ്ണ സംസ്കരണത്തിന് ആവശ്യമായ വ്യവസായ സ്ഥാപനം ഇവിടെ ആവശ്യമാണ്.

ഇവിടെ ഉത്പാദിപ്പിക്കുന്ന കൊപ്രാ പിണ്ണാക്ക് ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മിക്കുന്നതിനുള്ള ഒരു വ്യവസായ ശാല ആരംഭിച്ചാൽ ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാകും. അസംസ്കൃത വസ്തുവായ ചിരട്ടയിൽ നിന്നും കരകൗശല വസ്തു നിർമ്മാണയൂണിറ്റ് ഉണ്ടാക്കിയാൽ തൊഴിലവസരങ്ങൾ ഉണ്ടാകും.

പച്ചതൊണ്ടിൽനിന്നും ചകിരി ഉത്പാദിപ്പിക്കുവാൻ ഒരു വ്യവസായശാല സ്ഥാപിച്ചാൽ കഴിവൂർ, ഊറ്ററ വാർഡുകളിലെ പരമ്പരാഗതമായി ഈ തൊഴിലിൽ ഏർപ്പെട്ടിപിക്കുന്നവർക്ക് ഒരു അനുഗ്രഹമായിരിക്കും.

ക്ഷീരകർഷകരിൽ നിന്നും ലഭിക്കുന്ന പാൽ സംസ്കരണത്തിന് ആവശ്യമായ ഒരു സംസ്കാരണയൂണിറ്റ് സ്ഥാപിച്ച പാലിൽനിന്നും ഉത്പന്നങ്ങൾ നിർമ്മിച്ച് വിതരണം നടത്തുവാൻ ആവശ്യമായ ഒരു വ്യവസായശാല പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്.

ഊർജ്ജം

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിൽ നെയ്യാറ്റിൻകര സബ് സ്റ്റേഷനിൽ നിന്നും വിഴിഞ്ഞം സബ്സ്റ്റേഷനിൽ നിന്നുമാണ് വൈദ്യുതി ലഭിക്കുന്നത്. ആവശ്യമായ സാധനസാമഗ്രികളുടെ ലഭ്യതയും ജീവനക്കാരുടെ കുറവും യഥാസമയം കണക്ഷനുകൾ നൽകാൻ കഴിയുന്നില്ല. തന്മൂലം 1995-96 വർഷത്തിൽ പട്ടികജാതി/പട്ടികവർഗ്ഗകോളനികളിൽ സൗജന്യ വൈദ്യുതീകരണം നടന്നിട്ടില്ല. പ്രസരണനഷ്ടം ഒഴിവാക്കാനുള്ള നടപടികൾ യഥാമസയം സ്വീകരിക്കേണ്ടതാണ്.

പ്രതിമാസം 7400 രൂപ വൈദ്യുതി ബോർഡിന് കറണ്ട്ചാർജ് ഇനത്തിൽ കൊടുത്തുവരുന്നു. വീടുകളുടേയും റോഡുകളുടെയും എണ്ണം വർദ്ധിപ്പിച്ചിട്ടും സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം വർദ്ധിച്ചിട്ടില്ല. 500 ഓളം നിർദ്ധന കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകേണ്ടതായിട്ടുണ്ട്.

ഗ്രാമസഭ നിർദ്ദേശങ്ങൾ

1. കാഞ്ഞിരംകുളം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് മേജർ സെക്ഷൻ ഓഫീസായി ഉയർത്താൻ നടപടി ഉണ്ടാകണം. പണം അടയ്ക്കാൻ എത്തുന്ന ർക്ക് മഴയും വെയിലും കൊള്ളാതെ നിർക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം.

2. പഞ്ചായത്തിലെ 40% വീടുകൾക്ക് ഇനിയും വൈദ്യുതി ലഭ്യമായിട്ടില്ല. കണക്ഷൻ അത് അടിയന്തിരമായി പരിഹരിക്കണം.

3. വോൾട്ടേജ് ക്ഷാമം പരിഹരിക്കാന്നതിനും പ്രസരണ തകരാറുകൾ ഇല്ലാതാക്കാനും നടപടിയുണ്ടാകണം.

4. മീറ്റർ റീഡിംഗ് യഥാസമയം നടക്കാത്തതിനാൽ ഉപഭോക്താവ് പിഴയടയ്ക്കേണ്ടതായും വരുന്നു.

ഈ പ്രദേശത്ത് കൃഷി വ്യവസായം എന്നീ ആവശ്യങ്ങൾക്കായി വൈദ്യുതി ഉപയോഗിക്കുന്നു. വീട്ടാവശ്യങ്ങൾക്ക്, വിറക്, മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി എന്നിവ ഉപയോഗിക്കുന്നു. കൃഷി ആവശ്യങ്ങൾക്കുള്ള പമ്പുസെറ്റുകൾ വൈദ്യുതി ഉപയോഗിച്ചും പ്രവർത്തിക്കുന്നു. ഗാർഹികാവശ്യങ്ങൾക്കായി ഇപ്പോൾ അനുവദിച്ചിട്ടു ള്ള മണ്ണെണ്ണ വളരെകുറവാണ്.

5. പ്രശ്ന പരിഹാരത്തിന് പാരമ്പര്യേതര ഊർജ്ജസ്രോതസുകൾ ഉപയോഗിച്ച് വൈദ്യുതി ഉത്പാദനം സാദ്ധ്യമാണോ എന്ന് പരിശോധിക്കണം. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചും സൗരോർജ്ജം ഉപയോഗിച്ചും വൈദ്യുതി ഉത്പാദനം നടത്തുന്നതിനെ പറ്റിയും പഠനം നടത്തേണ്ടതാണ്.

6. കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുകൾ കാലതാമസം കൂടാതെ നൽകുന്നതിനുള്ള നടപടി ഉണ്ടാകണം.

7. കുടിവെള്ളം മുടങ്ങാതിരിക്കാൻ പ്രത്യേക ലൈനുകൾ വഴി പമ്പുഹൗസുകളിലേക്ക് കണക്ഷൻ നൽകുക.

8. വസ്തു ഉടമയുടെ സമ്മതമില്ലാതെ തന്നെ വൈദ്യുതി കണക്ഷൻ നൽകാനുള്ള നടപടി സ്വീകരിക്കുക.

9. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നെടിയകാല, തവ്വാവിള, താഴനിന്ന്, വണ്ടിപ്പുര ഭാഗങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

10. കാരനിന്നവെള്ളലുമ്പ് ലൈൻ ത്രീഫെയിസ് ആക്കുക.

11. മുലയൻതാന്നി ദേവീക്ഷേത്രം മുതൽ പഞ്ചായത്തുസ്കൂൾ വഴി ആശാൻ വിളവരെ തെരുവ് വിള

ക്കുകൾ സ്ഥാപിക്കുക.

12. കഴിവൂർ പേച്ചൻ കുളിക്കടവിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കുക.

13. വെൺകുളത്തുനിന്ന് കന്നുവാംമൂട് വഴി ആന മരം വലിച്ച റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

14. മർമ്മാശുപത്രിയുടെ മുന്നിൽ കൂടെ തെക്കോട്ട് കുനൻ വിളവരെ വൈദ്യുതീകരിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

15. മുഴക്കോൽകുന്ന് ഹരിജൻ കോളനി റോഡിൽ തെരുവ് വിളക്ക് സ്ഥാപിക്കുക.

16. കാമരാജ് റോഡ്, വൈ.എം.സി.എ മൂലവിള റോഡ്, പഞ്ചായത്ത് അതിർത്തിറോഡ് എന്നിവിടങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.

17. കാഞ്ഞിരംകുളം മലിനംകുളം റോഡ് തെക്കത്തേരി മേലെവിളാകം റോഡ് പെരുന്താന്നി അപ്പട്ടുവിളറോഡ് വൈദ്യുതീകരിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

18. സ്മിതാ കോളേജ് റോഡിൽ ലൈൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

19. തടത്തിക്കുളം ദർഭവിള ലൈൻ വൈദ്യുതീകരിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

20. മുലയൻതാന്നിഎട്ടുകുറ്റിചാനൽക്കര റോഡ് വൈദ്യുതീകരിക്കുക.

21. കൈവൻവിള ജംഗ്ഷൻ മുതൽ ആർ.സി. ചർച്ച് റോഡ് വൈദ്യുതികരിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

22. മുലയൻ താന്നിഎട്ടുകുറ്റിപണ്ടാരവിള റോഡ് വൈദ്യുതീകരിച്ച് തെരുവ് വിളക്ക് സ്ഥാപിക്കുക.

23. മുലയൻതാന്നികഴിവൂർ റോഡ് വൈദ്യുതീകരിക്കുക.

24. മരപ്പാലംപോലീസ് സ്റ്റേഷൻ റോഡ് വൈദ്യുതീകരിച്ച് തെരുവ് വിളക്ക് സ്ഥാപിക്കുക.

25. കരിച്ചൽ- ഉമാംതോട്ടം- സി.എസ്.ഐ ചർച്ച് വരെ വൈദ്യുതീകരിച്ച് തെരുവ് വിളക്ക് കത്തിക്കുക.

26. ഭഗവതി ക്ഷേത്രം നട മുതൽനാലാമ്പ്രവഴി കഴിവൂർ ചാനൽക്കരവരെ വൈദ്യുതീകരിച്ച് തെരുവ് വിളക്ക് സ്ഥാപിക്കുക.

27. മണ്ണക്കല്ല് ഹരിജൻ കോളനി ഇടയ്ക്കണം വരെ വൈദ്യുതീകരിച്ച്തെരുവ് വിളക്ക് സ്ഥാപിക്കുക.

28. തൻപോന്നൻ കാല പള്ളംറോഡ് പനനിന്ന ജംഗ്ഷൻ പൊട്ടക്കുളം റോഡ് തെരുവ് വിളക്ക് കത്തിക്കുക.

29. അനുപമ ആശുപത്രി ജംഗ്ഷൻ മാങ്കാല റോഡ് വൈദ്യുതികരിത്ത് തെരുവ് വിളക്ക് കത്തിക്കുക.

30. പൊട്ടക്കുളം – മേലെവിളാകം റോഡ്

മുളനിന്ന ജംഗ്ഷൻ- മുത്താംവാഴ്ക റോഡ്

മുത്താംവാഴക- അയണിനിന്ന റോഡ്

അയണിനിന്ന- കാക്കത്തോട്ടം റോഡ്

കാക്കത്തോട്ടം- കല്ലുവെട്ടാംകുഴി റോഡ്

വൈദ്യുതികരിച്ച് തെരുവ് വിളക്കുകൾ കത്തിക്കുക.

31. മൂന്ന് മുക്ക് ജംഗ്ഷൻ, കൈൻവിള ജംഗ്ഷൻ, പോലീസ് സ്റ്റേഷൻ ജംഗ്ഷൻ, പഞ്ചായത്ത് ഓഫീസ് ജംഗ്ഷൻ, കുനൻവിള ജംഗ്ഷൻ, ചാണിജംഗ്ഷൻ, പരണിയം ജംഗ്ഷൻ പനനിന്ന ജംഗ്ഷൻ, പണ്ടാരവിള ജംഗ്ഷൻ നെല്ലിക്കാക്കുഴി വൈ.എം.സി.എ ജംഗ്ഷൻ എന്നിവിടങ്ങളിൽ സൗരോർജ്ജവിളക്ക് സ്ഥാപിക്കുക.

32. അപ്പട്ടുവിള പെരുന്താന്നിറോഡ് പൊട്ടക്കുളം കാട്ടുപ്ലാവുനിന്ന റോഡ് തെരുവ് വിളക്ക് സ്ഥാപിക്കുക.

33. പെരുന്താന്നി- തട്ടുനാല്ചാനൽക്കര റോഡ് പ്ലാവിള- ചാനൽക്കര, പെരുന്താന്നി- ചാനൽക്കര, തടത്തിക്കുളം- പുളിനിന്ന, മേലെവിളാകം- പറയൻവിളാകം, മാങ്കാല ചാനൽക്കര- തുണ്ട് വിളറോഡ്

വൈദ്യുതീകരിച്ച് തെരുവ് വിളക്ക് സ്ഥാപിക്കുക.

34. നെല്ലിക്കാക്കുഴി- സത്യമൂർത്തി റോഡ്

നെല്ലിക്കാക്കുഴി സർക്കാർ കിണർ- മുഴക്കോൽകുന്ന് റോഡ്, എട്ടുകുറ്റി കുഴിച്ചാണി ചാണിറോഡ് മുഴക്കോൽകുന്ന്, വലിയവിള റോഡ്

വൈദ്യുതീകരിച്ച് തെരുവ് വിളക്ക് സ്ഥാപിക്കുക.

✠✠✠

മാർക്കറ്റ്, ഗതാഗതം

തെക്കൻകേരളത്തിലെ അറിയപ്പെടുന്ന ഒരു ഗ്രാമപഞ്ചായത്താണ് കാഞ്ഞിരംകുളം. K.S.R.T.C. ബസ്സ് സർവ്വീസ് കാഞ്ഞിരംകുളം ജംഗ്ഷനിലും പ്രാന്തപ്രദേശങ്ങളിലും കൂടി കടന്നുപോകുന്നു. വർദ്ധിച്ചുവരുന്ന യാത്രാക്ലേശം ഒഴിവാക്കുന്നതിന് കാഞ്ഞിരം കുളം കേന്ദ്രമാക്കി ഒരുസബ്ബ് ഡിപ്പോ സ്ഥാപിക്കാൻ അടിയന്തിപ ശ്രദ്ധ പതിയേണ്ടതാണ്. വിദ്യാഭ്യാസസ്ഥാപനങ്ങൾ, ഗവ: ആശുപത്രികൾ, സർവ്വീസ് സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് ശാഖ, ഫെഡറൽ ബാങ്ക് ശാഖ, സബ്ബ് രജിസ്ട്രാർ ആഫീസ്, വൈദ്യുതി ആഫീസ്, ജല അതോറിട്ടി ആഫീസ്, മൃഗ സംര ക്ഷണ വകുപ്പ് ആഫീസ്, റീസർവ്വേ സൂപ്രണ്ട് ആഫീസ്, P.W.D ആഫീസ്, പോലീസ് സ്റ്റേഷൻ തുടങ്ങിയ നിരവധി സ്ഥാപങ്ങളാല്ഡ നിബിഡമായ കാഞ്ഞിരംകുളത്ത് യാത്രാക്ലേശം അനുദിനം വർദ്ധി ച്ചുവരുന്നു.

പ്രശ്ന പരിഹാരം

1. സിറ്റി ഫാസ്റ്റിനു പുറമേ ഓർഡിനറി സർവ്വീസ്സു കൾ കൂടി നടത്തുക.

2. തിരുവനന്തപുരം കാഞ്ഞിരംകുളം ലിമിറ്റഡ് ഓർഡിനറി സർവ്വീസ് അനുവദിച്ചു നടപ്പിലാക്കുക.

3. കാഞ്ഞിരംകുളം– ബാലരാമപുരം, കാഞ്ഞിരം കുളംപൂവ്വാർ, കാഞ്ഞിരംകുളം– പുല്ലുവിള, കാഞ്ഞി രംകുളം– നെയ്യാറ്റിൻകര, ഷട്ടിൽ സർവ്വീസുകൾ കൂടുതൽ അനുവദിച്ചു നടപ്പിലാക്കുക.

4. തിരുവനന്തപുരം വിഴിഞ്ഞം കാഞ്ഞിരം കുളം തീരദേശ റയിൽവേ അനുവദിച്ചു നടപ്പിലാക്കുക.

മാർക്കറ്റ്

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിൽ അംഗീ കൃത മാർക്കറ്റ് ഒന്നെയുള്ളൂ. എന്നാൽ ചെറുതും വലുതുമായ അന്തിച്ചന്തകൾ ചിലഭാഗങ്ങളിൽ കാണ പ്പെടുന്നു. ഉല്പന്നങ്ങളുടെ ശേഖരണം, വിപണനം തുടങ്ങിയവരുടെ സാദ്ധ്യതകൾ മനസ്സിലാക്കി മാർക്ക റ്റുകൾ സ്ഥാപിക്കേണ്ടതുണ്ട്. ചാവടി, ചാണി, പര ണിയം, കഴിവൂർ മൂന്നുമുക്ക, കരിച്ചൽ C.S.I. ചർച്ചിനു സമീപം എന്നിവിടങ്ങളിൽ ആദ്യം മാർക്ക റ്റുകൾ തുടങ്ങുകയും പിന്നാലെ വാർഡടിസ്ഥാന ത്തിൽ മാർക്കറ്റുകൾ തുടങ്ങേണ്ടതുമാണ്.

നിലവിലുള്ള കാഞ്ഞിരം കുളം മാർക്കറ്റി വിപ ണനത്തിനെത്തുന്ന പ്രധാന ഉല്പന്നം നാളികേര മാണ്. കുരുമുളക്, പച്ചക്കറി, തുടങ്ങിയ ഉല്പന്ന ങ്ങളും മാർക്കറ്റിൽ വന്നെത്താറുണ്ട്. ആറാലുംമൂട്, കളിയിക്കാവിള തുടങ്ങിയ മേൽത്തരം മാർക്കറ്റുക ളിൽ നിന്നും വാഴക്കുല, പച്ചക്കറി സാധനങ്ങൾ തുട ങ്ങിയവ ചെറുകിട കച്ചവടക്കാർ വാങ്ങി കൊണ്ടു വന്ന ഗ്രാമവാസികൾക്ക് വിപണനം ചെയ്തുവ രുന്നു.

പ്രശ്നങ്ങൾ

ഗ്രാമവാസികളുടെ ദൈനംദിനാവശ്യങ്ങൾക്കുവേ ണ്ടിവരുന്ന ഉല്പന്നങ്ങൾ ന്യായവിലയ്ക്കു ലഭ്യമാ കാൻ മാർക്കറ്റ് നികുതി കുറ്റമറ്റതാകണം.

മാർക്കറ്റ് നികുതി നിരക്കിനു വിധേയമായി ലേല വ്യവസ്ഥ പാലിക്കേണ്ടതും രസീതിൻ പടിയോ ബോർഡിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്കനുസ രിച്ചോ നികുതി ഈടാക്കുന്ന സംവിധാനം 1997–98 മുതൽ നടപ്പിലാക്കണം.

ഇറച്ചി വില്പനശാല ശാസ്ത്രിയമായി പരിഷ്ക രിച്ച് വിപണന സ്ഥലം നിർണ്ണയിച്ച് ഗ്രാമപഞ്ചായ ത്തിന്റെ നിയന്ത്രണത്തിലും ചുമതലയിലുമാകണം.

ഇറച്ചി അവശിഷ്ടങ്ങൾ അറവുശാലയിൽനിന്നും പൊതുജനങ്ങൾക്ക് ഉപദ്രവമില്ലാത്ത സ്ഥലത്ത് ഇടു ന്നതിനു നിർദ്ദേശം നൽകേണ്ടതും മാർക്കറ്റിൽ കുമി ഞ്ഞുകൂടുന്ന ചപ്പുചവറുകൾ മറ്റു വിസർജ്ജ്യവസ്തു ക്കൾ തുടങ്ങിയവ സംസ്കരിക്കുന്നതിന് ഇൻസു നേറ്റർ സ്ഥാപിക്കുകയും വേണം.

നിർമ്മാണം പൂർത്തിയാക്കി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിതീർക്കേണ്ട റോഡുകൾ

1. നെല്ലിക്കാക്കുഴി- വൈ.എം.സി.എ.- മൂലവിള റോഡ് (നീളം 500 മീറ്റർ)
2. നെല്ലിക്കാക്കുഴി- കാമരാജ് റോഡ് (നീളം 400 മീറ്റർ)
3. മേലെവിളാകം- പറയംവിളാകം റോഡ് (നീളം 400 മീറ്റർ)
4. മാങ്കാലചാനൽകര- തുണ്ടുവിള റോഡ് (നീളം 500 മീറ്റർ)
5. കാഞ്ഞിരംകുളം- സ്മിതാകോളേജ് ആനമരംവലിച്ച റോഡ് (നീളം 700 മീറ്റർ)
6. ദർപ്പവിള പെരുംതാന്നി റോഡ് (നീളം 600 മീറ്റർ)
7. കിണറ്റടി- ചുണ്ടയ്പ്പട്ടുവഴി തടത്തിക്കുളം റോഡ് (നീളം 400 മീറ്റർ)
8. പെരുംന്താന്നി- പണ്ടാരവിള അപ്പട്ടുവിള പ്ലാങ്കാല റോഡ് (നീളം 800 മീറ്റിർ)
9. പൊട്ടക്കുളം- കാട്ടുപ്ലാവുനിന്ന റോഡ് (നീളം 500 മീറ്റർ)
10. ചാമപഴിഞ്ഞി- കൊറ്റംപഴിഞ്ഞി റോഡ് (നീളം 500 മീറ്റർ)
11. തട്ടുനാലുപ്ലാവിള- ചാനൽകര റോഡ് (നീളം 240 മീറ്റർ)
12. തടത്തിക്കുളം- പുളിനിന്ന പെരുംതാന്നി റോഡ് (നീളം 300 മീറ്റർ)
13. അപ്പട്ടുവിള- കഴിവൂർ റോഡ് വീതികൂട്ടി ചാനൽപാലം പുതുക്കിപണിത് ടാർ ചെയ്യണം (നീളം 650 മീറ്റർ)
14. നെല്ലിക്കാക്കുഴി- കാക്കലക്കാനം റോഡ് (നീളം 350 മീറ്റർ)
15. നെല്ലിക്കാക്കുഴി അതിർത്തി റോഡ് (നീളം 350 മീറ്റർ
16. അയണിനിന്ന- കാക്കത്തോട്ടം റോഡ് (നീളം 900 മീറ്റിർ)
17. മൂന്നാം വാഴ്ക- കരനിന്ന റോഡ് (നീളം 600 മീറ്റർ)
18. വരത്തുലുമ്പ്- ആർ. സി. ചർച്ച് റോഡ് വീതികൂട്ടി ടാർ (നീളം 300 മീറ്റർ)
19. ശ്രീപുരം റോഡ് (നീളം 400 മീറ്റർ)
20. പഞ്ചായത്തു സ്കൂളിനു തെക്കുഭാഗത്തുള്ള റോഡ് (നീളം 200 മീറ്റർ)
21. പ്ലാവിള ലക്ഷം വീട് കളനിമുതൽ താഴംകാട് റോഡിൽ പലംപണിത് ടാർചെയ്യണം. (നീളം 400 മീറ്റർ)
22. കന്നുമാംമൂട്- ആനമരം വലിച്ച് റോഡ് (നീളം 300 മീറ്റർ)
23. വണ്ടിപ്പുര- തൻപൊന്നൻകാല റോഡ് ടാർ ചെയ്യണം (നീളം 400 മീ.)
24. തെക്കുനട- തൻപൊന്നൻകാല പള്ളം റോഡ് (നീളം 600 മീ.)
25. പനനിന്ന- പൊട്ടക്കുളം റോഡ് (നീളം 400 മീ.)
26. കോളേജ് ജംഗ്ഷൻ- കൂനൻവിള റോഡ് (നീളം 750 മീ.)
27. പോലീസ് സ്റ്റേഷൻ- പുലിയടിച്ചാൻവിള റോഡ് (നീളം 100 മീ.)

28. മാങ്കാല- വലിയവിള റോഡ്	(നീളം 300 മീ)
29. മുളനിന്ന- പൊട്ടക്കുളം റോഡ്	(നീളം 400 മീ)
30. പനനിന്ന- വടക്കേമുണ്ടു വിരാലി വഴി നെല്ലിനിന്ന കോളനി റോഡ്	(നീളം 540 മീ)
31. പരണിയം- പഴവിള റോഡ്	(നീളം 450 മീ)
32. കൈവൻകാല- വണ്ടാഴനിന്ന റോഡ്	(നീളം 250 മീ)
33. ലൂർദ്ദിപുരം- പോട്ടുപനനിന്ന റോഡ്	(നീളം 250 മീ)
34. നെല്ലിക്കാക്കുഴി- സത്യമൂർത്തി റോഡ്	(നീളം 250 മീ)
35. നെല്ലിക്കാക്കുഴി- സർക്കാർ കിണർ മുതൽ മുഴക്കോൽകുന്ന് റോഡ്	(നീളം 470 മീ)
36. എട്ടുക്കുറ്റി- കുഴിച്ചാണി റോഡ്	(നീളം 900 മീ)
37 മുഴക്കാൽകുന്ന്- വലിയവിള റോഡ്	(നീളം 540 മീ)
38. തടത്തിക്കുളം- കിഴക്കേവിള ദർപ്പ റോഡ്	(നീളം 400 മീ)
39. പഞ്ചായത്ത് സ്കൂൾ ജംഗ്ഷൻ- ഭഗവതി ക്ഷേത്രനടറോഡ്	(നീളം 400 മീ)
40. ആശാൻ വിള നിന്നും ചുണ്ടുവിളാകം റോഡ്	(നീളം 400 മീ)
41. ആശാൻ വിള നിന്നും ചുണ്ടവിളാകം റോഡ്	(നീളം 750 മീ)
42. കിണകടി ജംഗ്ഷൻ മുതൽ ആശാൻവിളവരെയുള്ള റോഡ്	(നീളം 400 മീറ്റർ)
43. മുലയൻതാന്നി ക്ഷേത്രം- ആർ.സി.ചർച്ച് റോഡ്	(നീളം 250 മീറ്റർ)
44. മുലയൻതാന്നി ക്ഷേത്രം- മാങ്കാല ചാനൽകരറോഡ്	(നീളം 200 മീ)
45. ഊറ്ററ ചിദംബര നാഥക്ഷേത്രം റോഡ്സൈഡ് വാൾകെട്ടി ടാർ ചെയ്യണം	(നീളം 1750 മീ)
46. മണ്ണക്കല്ല് ഭഗവതി ക്ഷേത്രം റോഡ്	(നീഴം 1000 മീ)
47. ഉമാംതോട്ടം- കരിച്ചൽ റോഡ്	(നീളം 600 മീ)
കാഞ്ഞിരംകുളം പഞ്ചായത്ത്	
48. മുലയൻ താന്നിക്ഷേത്രം- എട്ടുകുറ്റി പണ്ടാരവിള റോഡ്	(നീളം 600 മീറ്റർ
49. നെല്ലിക്കാക്കുഴി C.S.I ചർച്ച് മുതൽ തെക്കോട്ട് ചെമ്പരുക്കവഴി കിക്കോട്ട് കുളം വരെയുള്ള റോഡ്	750 ാ ടാർ ഠാ
50 എട്ടുകുറ്റി എൽപി സ്കൂൾ ജംഗ്ഷൻ മുതൽ തെക്കോട്ട് തവ്വാവിള വരെയുള്ള റോഡ്	10000 ടാർഠാ
51. ചാണിമുതൽ കിഴക്കോട്ട് തവ്വാവിള ജംഗ്ഷൻ വരെ	

യുള്ള റോഡ്	1000 m ടാർ 6m
52. നെടിയകാലമുതൽ കിഴക്കോട്ട് ചാണി ജംഗ്ഷൻ വരെയുള്ള റോഡ്	11000 ടാർ 6m
53. മലിനംകുളം മുതൽ കഴിവൂർ മൂന്നമുക്ക് വരെയുള്ള റോഡ്	1300 m ടാർ 6m
54. കൈവൻ വിള മുതൽ മുലയൻതാന്നി വരെയുള്ള റോഡ്	300 ാ ടാർ 5m
55. വെൺകുളം മുതൽ പടിഞ്ഞാറോട്ട് കൂടം വരെയുള്ള റോഡ്	650 m ടാർ 5 m
56. ചാമപ്പഴഞ്ഞി ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് ഉരംകോരിയിട്ട ജംഗ്ഷിൻ വരെയുള്ള റോഡ്	600 m ടാർ 5 m
57. നന്ദൻനഗർ മുതൽ കിഴക്കോട്ട് ആനമരം വലിച്ച വരെയുള്ള റോഡ്	860 m ടാർ 8m
58. പഴവിള ജംഗ്ഷൻ മുതൽ തെക്കോട്ട് പരണിയം ജംഗ്ഷൻ വരെയുള്ള റോഡ് 450 m (മൺ) 6ാ	450 m(ടാർ)
59 കൂനൻ വിളമുതൽ പടിഞ്ഞാറോട്ട് ഊറ്ററക്ഷേത്രംവരെയുള്ള റോഡ്	175m ടാർ8m
60. നെടിയവിരാലി ജംഗ്ഷൻ മുതൽ കിഴക്കോട്ട് കിണറു വെട്ടിയ ജംഗ്ഷൻവരെയുള്ള റോഡ്	450 m (മൺ)4m

61. മുണ്ടുവിരാലി ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് ചാണിജംഗ്ഷൻ വരെയുള്ള റോഡ്

62 .ചാണിജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് നെടിയകാല ജംഗ്ഷൻ വരെയുള്ള റോഡ്

63. കരുമരക്കാല കിഴക്കേ ജംഗ്ഷൻ മുതൽ തെക്കോട്ട് മുണ്ടുവിരാലി ജംഗ്ഷൻ വരെയുള്ള റോഡ്

64, ചെമ്പകം ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് പഴയ വീട്ടടിപാടും മുഴക്കോൽകുന്നു വഴി ചാണി വരെയുള്ള റോഡ്

65. ചാവടി ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് മാവുനിന്ന വഴി വലിയ കരിച്ചൽ വരെയുള്ള റോഡ്

66 കൂനനൽവിള ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് കരിച്ചൽ C.S.I. ചർച്ച് വഴി മാറാമംഗലംവരെയുള്ള റോഡ്

67. പള്ളിക്കര മുതൽ മരപ്പാലം വരെയുള്ള റോഡ്

68. ഉദിനിന്ന ജംഗ്ഷൻ മുതൽ വടക്കോട്ട് മൂലവിളവരെയുള്ള റോഡ്

69. മുലയൻതാന്നിക്ഷേത്രം മുതൽ തെക്കോട് കഴിവൂർ വടക്കേ ജംഗ്ഷൻ വരെയുള്ള റോഡ്

70. കഴിവൂർ വടക്കേജംഗ്ഷൻ മുതൽ കഴിവൂർ തെക്കേജംഗ്ഷൻ വരെയുള്ള റോഡ്

71. മലിനംകുളം മുതൽ പടിഞ്ഞാറോട്ട് കാട്ടുപ്ലാവുനിന്നവരെയുള്ള റോഡ്
72. കാട്ടുപ്ലാവു നിന്ന ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് മേലേവിളാകം മലിനംകുളം വരെയുള്ള റോഡ്
73. പെരുന്താന്നി ജംഗ്ഷൻ മുതൽ തെക്കോട്ട് അപ്പട്ടു വിളവരെയുള്ളറോഡ്
74. പ്ലാങ്കാല ജംഗ്ഷൻ മുതൽ വടക്കോട്ട് പെരുന്താന്നി വരെയുള്ള റോഡ്
75. പോലീസ് സ്റ്റേഷൻ ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് മരപ്പാലം വരെയുള്ള റോഡ്
76. പോലീസ് സ്റ്റേഷൻ മുതൽ തെക്കോട്ട് കയ്യാല വളഞ്ഞ വരെയുള്ള റോഡ്
77. കഴിവൂർ പെരുങ്കുളം മുതൽ തെക്കോട്ട് മരപ്പാലം വരെയുള്ള റോഡ്
78. കഴിവൂർ ചേറ്റുകുഴി മുതൽ മരപ്പാലം വരെയുള്ള റോഡ്
79. പെരുംകുളം മുതൽ വടക്കോട് നാലംപറവരെയുള്ള റോഡ്
80. വണ്ടിപ്പുര നിന്ന തെക്കോട്ട് പോട്ടുപനനിന്ന വരെയുള്ള റോഡ്
81. പോട്ടുപനനിന്ന മുതൽ പടിഞ്ഞാറോട്ട് രാക്കിയാൻ വിളവരെയുള്ള റോഡ്
82. ലൂർദ്ദിപുരം ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് പോട്ടുപനനിന്ന വരെയുള്ള റോഡ്
83. കാരനിന്ന മുതൽ തെക്കോട്ട് താഴ നിന്ന വരെയുള്ള റോഡ്
84. വെള്ളലുമ്പ് മുതൽ കിഴക്കോട്ട് കാക്കത്തോട്ടം വരെയുള്ള റോഡ്
85. നെടിയകാല മുതൽ പടിഞ്ഞാറോട്ട് വലിയ വിള വരെയുള്ള റോഡ്
86. വലിയവിളമുതൽ തെക്കോട് പുല്ലുവിള P.H.C വരെയുള്ള റോഡ് 6000 300 m(ടാർ)6 m
87. വണ്ടിപ്പുര പടിഞ്ഞാറെ ജംഗ്ഷൻ മുതൽ വടക്കോട്ട് അപ്പട്ടുവിള വരെയുള്ള കുഞ്ഞുകൃഷ്ണൻ നാടാർ റോഡ് 5400 (മൺ) 4m
88. വണ്ടിപ്പുര കഴക്കേ ജംഗ്ഷൻ മുതൽ വടക്കോട്ട് തൻപൊന്നൻ കാലവരെയുള്ള റോഡ് 6000 (മൺ) 6m
89. നെടിയകാലവടക്കേ ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് അപ്പനിന്നവഴി പുലിയടിച്ചൻവിള വരെയുള്ള റോഡ് 525 m(മൺ)5 m
90 മുത്താം വാഴ്ക ജംഗ്ഷിൻ മുതൽ തെക്കോട്ട് കാരനിന്ന വരെയുള്ള റോഡ് 2000 (മൺ) 4 മീ
91. പറയം വിളാകം മുതൽ പെരുംകുളം വരെയുള്ള റോഡ്
92. പെരുംകുളം ജംഗ്ഷൻ മുതൽ വടക്കോട്ട്കോണം വരെയുള്ള റോഡ്
93. കിണറ്റടി ജംഗ്ഷൻ മുതൽ തെക്കോട്ട് ചാനൽക്കരവരെയുള്ള റോഡ്
94. ആനമരം വലിച്ച വടക്കേ ജംഗ്ഷൻ മുതൽ തെക്കോട്ട് സബ് രജിസ്ട്രർ ആഫീസ് വരെയുള്ള കാമരാജ് റോഡ് 1000 മീ 5m
95. ദർപ്പവിള ജംഗ്ഷൻ മുതൽ കിഴക്കോട്ട് ആനമരം വലിച്ചവരെയുള്ള റോഡ് 400 m (മൺ)5 ാ

96. കന്നുമാമുട് മുതൽ പടിഞ്ഞാറോട്ട് വെൺകുളം വരെയുള്ള റോഡ്	4500 50 (ടാർ)
97. കരിച്ചൽ C.S.I. ചർച്ച് മുതൽ തെക്കോട്ട് ഉമാംതോട്ടം വരെയുള്ള റോഡ്	600 മീ (മൺ) 4 മീ
98. ഒലിപ്പിൻ കരമുതൽ വടക്കോട്ട് ഉമാംതോട്ടം വരെയുള്ള റോഡ്	200മീ(മൺ)4മീ
99. കരിച്ചൽ C.S.I ചർച്ച് മുതൽ വടക്കോട്ട് ഭഗവതി ക്ഷേത്രം വരെയുള്ള റോഡ്	300 മീ(മൺ)4 മീ
100.മുണ്ടുവിള ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് കരിച്ചൽ (വലിയ കരിച്ചൽ) വരെയുള്ള റോഡ്	625 മീ (മൺ)5 മീ
101.ആശാൻ വിള കിഴക്കേ ജംഗ്ഷൻ മുതൽ കിഴക്കോ പെരുംതാന്നിവരെയുള്ള റോഡ്	1200 മീ (മൺ) 4മീ
102.ഉഴുന്നുവിള ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് മുണ്ടുവിരാലി വരെയുള്ള റോഡ്	
103.കാഞ്ഞിരംകുളം P.K.S.H.S.ജംഗ്ഷൻ മുതൽ തെക്കോട്ട് പഴയ വീട്ടടി ജംഗ്ഷൻ വരെയുള്ള റോഡ്	560 മീ (മൺ) 450 മീ
104. നെല്ലിക്കാക്കുഴി C.S.I ചർച്ച് ജംഗ്ഷൻ മുതൽ വടക്കോട്ട് കൊടിതൂക്കിയ വഴി മൂലവിളവരെയുള്ള റോഡ്	500 മീ.(മൺ)5 മീ
105.ആനമരം വലിച്ച കിഴക്കേ ജംഗ്ഷൻ മുതൽ തെക്കോട്ട് ചീനിവിള വരെയുള്ള റോഡ്	365 മീ (ടാർ)5 മീ
106.നെടിയവിരാലി ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് ലൂർദ്ദുപുരം വരെയുള്ള റോഡ്	650 മീ(ടാർ)6 മീ
107 വണ്ടാഴനിന്ന ജംഗ്ഷൻ മുതൽ കൈവൻകാല വരെയുള്ള റോഡ്	225 മീ(മൺ)5മീ
108.താന്നിനിന്ന മുതൽ മുണ്ടുവിളവരെയുള്ള റോഡ്	
109. കരുമരക്കാല കിഴക്കേ ജംഗ്ഷൻ മുതൽ കൈവൻകാല വരെയുള്ള റോഡ്	900 മീ (മൺ)5 മീ
110. നെല്ലിക്കാക്കുഴി കിഴക്കേ ജംഗ്ഷൻ മുതൽ കൈവൻകാല വരെയുള്ള കുളത്തിൽ തങ്കയ്യൻ നാടാർ റോഡ്	750 മീ(മൺ)6 മീ
111 വണ്ടിപ്പുര ജംഗ്ഷൻ മുതൽ പനനിന്ന വരെയുള്ള റോഡ്	1100 മീ (ടാർ) 6മീ.
112. പെരുംകുളം മുതൽ വടക്കോട്ട് ചാനൽകര വരെയുള്ള റോഡ്	

113. കിണറുവെട്ടിയ പടിഞ്ഞാറെ ജംഗ്ഷൻ മുതൽ വടക്കോട്ട് പഴവിളപടിഞ്ഞാറെ ജംഗ്ഷൻ വരെയുള്ള റോഡ്	
114. പനനിന്ന പൊട്ടക്കുളം റോഡ്	400 മീ(മൺ)4 മീ
115. മാവുനിന്ന മുതൽ പടിഞ്ഞാറോട്ട് കരച്ചൽ വരെയുള്ള റോഡ്	1065 മീ 440 മീ (ടാർ) 5 മീ
116. കഴിവൂർ മുതൽ വടക്കോട്ട് മുലയൻതാന്നികാവു വരെയുള്ള റോഡ്	750 മീ (മൺ)6 മീ
117. തറവർകോണംമുൽ കഴിവൂർ വരെയുള്ള റോഡ്	200 മീ(മൺ)4മീ.
118. കിണറ്റടി ജംഗ്ഷൻ മുതൽ വടക്കോട്ട് പെരുംന്താന്നിവരെയുള്ള റോഡ്	400മീ (മൺ)5 മീ
119. കാഞ്ഞിരംകുളം ഫെഡറൽ ബാങ്ക് ജംഗ്ഷൻ മുതൽ ആനമരം വലിച്ച ഇരുവൈക്കോണെ വരെ (സ്മിതാകോളേജ് റോഡ്)	1100 മീ
120 കാഞ്ഞിരംകുളം ഹരിജൻ കോളനി റോഡ്	
121. തീയേറ്റർ ജംഗ്ഷൻ മുതൽ കുനൻവിളവരെയുള്ള റോഡ്	
122. ദർഭവിളപെരുന്താന്നി അപ്പട്ടുവിള വരെയുള്ള റോഡ്	
123. നെല്ലിക്കാക്കുഴി സർക്കാർ കിണർമുതൽ മുഴക്കോൽകുന്നു ഹരിജൻ കോളനി റോഡ്	
124. കുഴിച്ചാണി ചാണിറോഡ്	
125 മുഴക്കോൽകുന്നു മുതൽ വലിയവിളവരെയുള്ള റോഡ്	
126. പ്ലാവിള കോളനി കല്ലുമല റോഡ്	
127. കാക്കത്തോട്ടം കോളനി പോട്ടുപനനിന്ന റോഡ്	
128. കുഴിഞ്ഞവിള കാണവിള കോളനി റോഡ്	
129. മാവിള പുല്ലുവിള ആശുപത്രി റോഡ്	
130. തടത്തിക്കുളം പ്ലാങ്കാല റോഡ്	
131. പെരുന്താന്നി ചരുവിള ചാനൽക്കര റോഡ്	
132. നെല്ലിക്കാക്കുഴി P.K.S.H.S ആനമരം വലിച്ച റോഡ്	
133. ഭഗവതി ക്ഷേത്രം കോണം വഴി പ്ലാവിള ചാനൽക്കര റോഡ്	
134. മണ്ണക്കല്ല് ഹരിജൻ കോളനി ഭഗവതി ക്ഷേത്രം റോഡ്	
135. മൂന്നുമുക്ക് പറയൻ വിളാകം റോഡ്	
136. പരുന്തോട്ടം ഭഗവതി ക്ഷേത്രം റോഡ്	
137. ദർഭവിള തടത്തിക്കുളം റോഡ്	

മാർക്കറ്റ്

കഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിൽ അംഗീകൃത മാർക്കറ്റ് ഒന്നേയുള്ളൂ. എന്നാൽ ചെറുതും വലുതുമായ അന്തിച്ചന്തകൾ ചില ഭാഗങ്ങളിൽ കാണപ്പെടുന്നു. ഉല്പന്നങ്ങളുടെ ശേഖരണം, വിപണനം തുടങ്ങിയവയുടെ സാദ്ധ്യതകൾ മനസ്സിലാക്കി മാർക്കറ്റുകൾ സ്ഥാപിക്കേണ്ടതുണ്ട്. ചാവടി, ചാണി, പരണിയം, കഴിവൂർ മുന്നുമുക്ക്, കരിച്ചൽ C.S.I ചർച്ചിനു സമീപം എന്നിവടങ്ങളിൽ ആദ്യം മാർക്കറ്റുകൾ തുടങ്ങുകയും പിന്നാലെ വാർഡ് അടിസ്ഥാനത്തിൽ മാർക്കറ്റുകൾ തുടങ്ങേണ്ടതുമാണ്.

നിലവിലുള്ള കാഞ്ഞിരംകുളം മാർക്കറ്റിൽ വിപണനത്തിനെത്തുന്ന പ്രധാന ഉല്പന്നം നാളികേരമാണ്. കുരുമുളക്, പച്ചക്കറി, തുടങ്ങിയ ഉല്പന്നങ്ങളും മാർക്കറ്റിൽ വന്നെത്താറുണ്ട് ആറാലുംമൂട്, കളിയിക്കാവിള തുടങ്ങിയ മേൽത്തരം മാർക്കറ്റുകളിൽ നിന്നും വാഴക്കുല, പച്ചക്കറി തുടങ്ങിയ സാധനങ്ങൾ ചെറുകിട കച്ചവടക്കാർ വാങ്ങി കൊണ്ടു വന്ന് ഗ്രാമവാസികൾക്ക് വിപണനം ചെയ്തു വരുന്നു.

പ്രശ്നങ്ങൾ

ഗ്രാമവാസികളുടെ ദൈനം ദിനാവശ്യങ്ങൾക്കു വേണ്ടി വരുന്ന ഉല്പന്നങ്ങൾ ന്യായവിലയ്ക്കു ലഭ്യമാകാൻ മാർക്കറ്റ് നികുതി കുറ്റമറ്റതാകണം.

മാർക്കറ്റ് നികുതി നിരക്കിനു വിധേയമായി ലേല വ്യവസ്ഥ പാലിക്കേണ്ടതും രസീതിൻപടിയോ ബോർഡിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്കനുസരിച്ചോ നികുതി ഈടാക്കുന്ന സംവിധാനം 1997-98 മുതൽ നടപ്പിലാക്കണം.

ഇറച്ചി വില്പനശാല ശാസ്ത്രീയമായി പരിഷ്ക്കരിച്ച് വിപണന സ്ഥലം നിർണ്ണയിച്ച് ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലും ചുമതലയിലുമാക്കണം.

ഇറച്ചി അവശിഷ്ടങ്ങൾ അറവുശാലയിൽ നിന്നും പൊതുജനങ്ങൾക്ക് ഉപദ്രവമില്ലാത്ത സ്ഥലത്ത് ഇടുന്നതിനു നിർദ്ദേശം നൽകേണ്ടതും മാർക്കറ്റിൽ കുമിഞ്ഞുകൂടുന്ന ചപ്പുചവറുകൾ മറ്റു വിസർജ്ജ്യ വസ്തുക്കൾ തുടങ്ങിയവ സംസ്കരിക്കുന്നതിന് ഇൻസുനേറ്റർ സ്ഥാപിക്കുകയും വേണം.

പാർപ്പിടം
സാമൂഹ്യക്ഷേമം

ഓലചായ്ക്കാനൊരു വീട് ഏതൊരു മനുഷ്യന്റെയും ആഗ്രഹമാണ് എന്നാൽ ഒരു വിഭാഗം ജനങ്ങൾക്ക് ആ ആഗ്രഹം ഇന്നും നിറവേറ്റാത്ത് സ്വപ്നമായി അവശേഷിക്കുന്നു. ഒരു സോഷ്യലിസ്റ്റ് സാമൂഹ്യ വ്യവസ്ഥയിൽ വീട് ഉണ്ടായിരിക്കുക എന്നത് ഒരു പൗരന്റെ അവകാണമാണ്. ഇതു കൊണ്ട് ഈ പ്രശ്നം ഒരു സാമൂഹ്യ പ്രശ്നമായി വീക്ഷിക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങളിൽ പാർപ്പിട പ്രശ്നത്തിന് അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് മുൻഗണന നൽകേണ്ടതാണ്.

പഞ്ചായത്തിലെ സ്ഥിതി വിവരകണക്കുകൾ

പഞ്ചായത്തിൽ 9 വാർഡുകളിലായി ആകെ 5592 വീടുകളാണ് ഉള്ളത്. പഞ്ചായത്തിലെ ജനസംഖ്യ 17191 ആണ്. ഇതിൽ നികുതി ഈടാക്കാവുന്ന വീടുകൾ 3765 ഉം ബാക്കി 1797 വീടുകൾ നികുതി ഈടാക്കാത്ത കൂടിലുകളുമാണ്.

വാർഡ് നമ്പർ	വീടുകളുടെ എണ്ണം
1	471
2	484
3	572
4	625
5	792
6	507
7	901
8	551
9	572
ആകെ	5522 എണ്ണം

പഞ്ചായത്തിലെ എല്ലാവിടുകളും പാർപ്പിടയോഗ്യമാക്കേണ്ട പ്രവൃത്തി ഭാരിച്ച് ചിലവുകൾ വരുന്ന ഒന്നാണെന്ന് കാണാവുന്നതാണ്. ഈ പ്രശ്നം എങ്ങനെ പരിഹരിക്കാമെന്ന് ഉന്നതങ്ങളിൽ ചർച്ച ചെയ്യേണ്ടതാണ്. പഞ്ചായത്തിൽ ഇന്നുള്ള കോളനികൾ ചുവടെ ചേർക്കുന്നു.

1. കാക്കത്തോട്ടം കോളനി
2. കാണവിള കോളനി
3. മാവിള കോളനി
4. വലിയവിള ലക്ഷം വീട് കോളനി
5. നെടിയകാല ലക്ഷം വീട് കോളനി
6. മേടവിള കോളനി
7. നെല്ലിനിന്ന കോളനി
8. മുഴക്കോൽകുന്നി പഴയ കോളനി
9. മുഴക്കോൽകുന്ന് പുതിയ കോളനി
10. കൊറ്റംപഴിഞ്ഞി ലക്ഷംവീട് കോളനി
11. പ്ലാവിള ലക്ഷംവീട് കോളനി
12. കാഞ്ഞിരംകുളം ഹരിജൻ കോളനി

എന്നിവയാണ്. കോളനിയിലെ വീടുകൾ മിക്കതും പഴകി ദ്രവിച്ചതും ഇടിയാറായതുമാണ്. ദാരിദ്രരേഖയ്ക്ക് താഴെവരുന്നവരുടെ ഭവനങ്ങൾ പുനരുദ്ധരിക്കേണ്ടത് ആവശ്യമാണ്. ഇതിന് പഞ്ചായത്ത് തലത്തിൽ ബൃഹത്തായ പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്.

പഞ്ചായത്തിൽ വീടില്ലാത്ത മുഴുവൻ ആളുകൾക്കും പാർപ്പിടം

സ്വകാര്യ ഏജൻസികൾ, ബാങ്കുകൾ എന്നിവയുമായി ബന്ധപ്പെട്ട് ചെയ്യാവുന്ന മാതൃക പദ്ധതി

മാർഗ്ഗരേഖയായി സമർപ്പിക്കുന്നു. സ്വന്തമായി ഒരു വീട് കാംക്ഷിക്കുന്ന പാവപ്പെട്ടവർക്ക് അപ്രകാരം ഒരു വീട് സ്വന്തമാക്കുവാൻ വേണ്ടി ഒരു ആസൂത്രണം നടത്തുവാൻ അവരെ സഹായിക്കാവുന്നതാണ്. ഇതിലെക്കുവേണ്ടി ഭവന രഹിതരുടെ ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് വിശദീകരിക്കുകയും അവരിൽ ഇതിനെ സംബന്ധിച്ച് ബോധവർക്കരണം നടത്തുകയും വേണം.

ഈ ലക്ഷ്യം കൈവരിക്കാൻ വേണ്ടി സ്വകാര്യ ഏജൻസികൾ, സന്നദ്ധ സംഘടനകൾ ക്രിസ്ത്യൻ സംഘടനകൾ, ബാങ്കുകൾ എന്നിവരെ ഇതിലെ പങ്കാളികളാക്കണം.

പാർപ്പിട പദ്ധതിയുടെ വിഭവ സമാഹരണം

വിഭവ സമാഹരണം നടത്തുന്നതിനായി നേരിൽ പിരിക്കുവാൻ കഴുയുന്ന പണം കൂടാതെ ഗവൺമെന്റിൽ നിന്നും ദുർബലവിഭാഗങ്ങൾക്ക് വേണ്ടി നടപ്പിലാക്കുന്ന ധാരാളം ഭവന പദ്ധതികൾ ഇന്ന് നിലവിലുണ്ട്. ഈ പദ്ധതികളെ സംബന്ധിച്ച് ബോധവർക്കരണം നടത്തുന്നതിന് പുറമേ ഈ സഹായങ്ങൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുവാൻ പഞ്ചായത്തിന് തന്നെ നടപടികൾ കൈക്കൊള്ളേണ്ടതാണ്. സഹായധനങ്ങൾ ലഭ്യമായ പദ്ധതികളിൽ പ്രാധാന്യം അർഹിക്കുന്നവ താഴെകൊടുക്കുന്നു..

1. എൻ. ആർ. ഇ. പി. സ്കീം
2. എസ്.സി./ എസ്. ടി. ഹൗസിംഗ് സ്കീം
3. ആർ. ഐ. ജി. പി. ഹൗസിങ്ങ് സ്കീം
4. ജവഹർ യോജന ഹൗസിങ്ങ് സ്കീം
5. ഇന്ദിര ആവാസ് യോജന
6. നബാർഡ് നഗര വികസന പദ്ധതി.
7. കൈരളി
8. രാജീവ് ദശലക്ഷപദ്ധതി
9. എച്ച്. ഡി. എഫ്. സി. സ്കീം.

കൂടാതെ L.I.C തുടങ്ങിയ പദ്ധതികളിൽ നിന്നും പഞ്ചായത്തിനു നേരിട്ട് വായ്പ എടുക്കാവുന്നതാണ്. ഇത് പഞ്ചായത്തിന്റെ ഭവന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകും.

ഗ്രാമസഭ നിർദ്ദേശം

1. നിലവിലുള്ള വ്യവസ്ഥകൾ വച്ച് ഹൈസിംഗ് ലോൺ അനുവദിക്കുന്നത് അശാസ്ത്രീയമാണ്. ഇത് ശാസ്ത്രീയമായി പരിഷ്ക്കരിക്കുക.

2. ഒരു ഹൗസിംഗ് സഹകരണ സംഘം പഞ്ചായത്തിൽ സ്ഥാപിക്കുക.

3. ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ ഭവന നിർമ്മാണ പദ്ധതിയിൽ സാധുക്കൾക്ക് അപര്യാപ്തമാണ് പ്രദേശികനിരക്കുകൾ അനുസരിച്ച് വീട് നിർമ്മിക്കുവാൻ സാധിക്കുകയില്ല് അതിനാൽ ടി തുക 50000/ രൂപയാക്കി ഉയർത്താൻ നടപടി സ്വീകരിക്കുക.

4. ദുർബല വിഭാഗത്തിന് അനുവദിച്ച വീടുകൾ പുനരുദ്ധരിക്കുന്നതിന് 25000/ രൂപ ഗ്രാന്റായോ, ലോണായോ അനുവദിക്കുക.

5. പട്ടികജാതി/വർഗ്ഗക്കാരുടെ പാർപ്പിട സൗകര്യം വളരെ ശോചനീയമാണ്, ഓല, മണ്ണ് എന്നിവ കൊണ്ട് നിർമ്മിച്ച വീടുകൾ കോൺക്രീറ്റ് ആക്കുവാൻ നടപടി സ്വീകരിക്കുക.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ പ്രവർത്തന രംഗത്ത് അതീവ ശ്രദ്ധ ചെലുത്തുകയുംദുർബല ജനവിഭാഗങ്ങൾക്കും സമൂഹത്തിലെ പിന്നോക്കം നിൽക്കുന്നവർക്കും വേണ്ടി പ്രത്യേക ആശ്വാസ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുള്ള പഞ്ചായത്താണ് കാഞ്ഞിരംകുളം പഞ്ചായത്ത്.

പഞ്ചായത്തിന്റെ വിവിധ മേഖലകളിലായി ക്രഷ്, നേഴ്സറി, ബലവാടി എന്നിവ പ്രവർത്തിച്ചുവരുന്നു. ഇതിൽ ചില സ്ഥാപനങ്ങളൊഴിച്ച് ബാക്കിയുള്ളതിന് വിവിധ ഏജൻസികളിൽ നിന്നും സഹായധനം ലഭിക്കുന്നുണ്ട്. കൂടാതെ സ്വകാര്യ ഏജൻസികൾ നടത്തുന്ന നഴ്സറികളും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപങ്ങളിലെ അദ്ധ്യാപകർക്ക് ഈ രംഗത്ത് ആവശ്യമായ പരിശീലനം ലഭിച്ചവരല്ല. പഞ്ചായത്തിനകത്തെ മഹിളാസമാജങ്ങളും ക്ഷേമപ്രവർത്തനങ്ങൾ നടത്തി വരുന്നു.

വിവധ സാമൂഹ്യ ക്ഷേമപദ്ധതി പ്രകാരം കാർഷിക തൊഴിലാളി പെൻഷൻ, വികലാംഗ

പെൻഷൻ തൊഴിലില്ലായ്മ വേതനം എന്നിവ ലഭിക്കുന്നവർ ധാരാളം ഈ പഞ്ചായത്തിലുണ്ട്. കർഷകതൊഴിലാളി പെൻഷന് അർഹതപെട്ടവരായി അപേക്ഷ സമർപ്പിച്ചിട്ടും പെൻഷൻ ലഭിക്കാത്തവരും, അർഹതപെട്ട് അപേക്ഷ കൊടുക്കാത്തവരും നിരവധിയുണ്ട്. തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവർ ഉണ്ടെങ്കിലും അർഹതപ്പെട്ടവർക്ക് പലർക്കും ഇതു ലഭിക്കുന്നില്ലന്നു മാത്രമല്ല അനർഹരായ പലർക്കും ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആയതു ലഭ്യമാക്കാൻ വളരെയധികം കാലതാമം വരുന്നുണ്ട്. സാമൂഹ്യക്ഷേമ പദ്ധതി പ്രകാരമുള്ള പെൻഷൻ വിതരണം പഞ്ചായത്തുകളെ ഏൽപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടെങ്കിലും പൂർണ്ണമായി ഇതിന്റെ ഗുണഫലങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിച്ചു തുടങ്ങിയിട്ടുമില്ല.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുടുംബനാഥന് അപകടമരണം സംഭവിക്കുകയോ ചെയ്താൽ കുടുംബത്തിന് സഹായം നൽകുന്നതിന് കാലതാമസം വരുന്നുണ്ട്.

മുൻ സാമ്പത്തിക വർഷങ്ങളിൽ ക്ഷേമപദ്ധതി പ്രകാരം ദുർബ്ബല ജനവിഭാഗങ്ങളുടെ 354 ഭവനങ്ങൾക്ക് വയറിംപണി പൂർത്തീകരിച്ച് സൗജന്യ വൈദ്യുതീകരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. സാമൂഹ്യ രംഗത്ത് നിലനിൽക്കുന്ന വിപത്തുകളായ മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ ശരിയായ തോതിലുള്ള പ്രചാരണം പഞ്ചായത്തിൽ നടക്കുന്നില്ല. ദുർബ്ബല ജനവിഭാഗങ്ങൾ ധാരാളം അധിവസിക്കുന്ന ഈ പഞ്ചായത്തിൽ സാമൂഹ്യക്ഷേമ പദ്ധതികൾ ഇനിയും വർദ്ദിച്ച തോതിൽ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

ഗ്രാമസഭ നിർദ്ദേശങ്ങൾ

1 ജനസംഖ്യാനുപാതത്തിൽ എല്ലാ വാർഡുകളിലും ബാലവാടികളും ഫീഡിംഗ് സെന്ററുകളും സ്ഥാപിക്കുക. നിലവിൽ സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചുവരുന്ന നേഴ്സറികൾ പഞ്ചായത്തു ഏറ്റെടുക്കുകയും അതിലെ അദ്ധ്യാപികമാർക്ക് ആവശ്യമായ പരിശീലനം കൊടുത്ത് വിപുലുകരിക്കുകയും വേണം. കളിസ്ഥലമില്ലാത്ത വർഡുകളിൽ പ്രത്യേകിച്ച് കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്കും ആവശ്യമായ രീതിയിൽ കളിസ്ഥലങ്ങൾക്ക് സൗകര്യം ഏർപ്പെടുത്തുകയും വിദ്യാഭ്യാസ ഉന്നമനത്തിന് പഞ്ചായത്തിൽ കഞ്ഞിരംകുളം ജംഗ്ഷനിൽ ഒരു റഫറൽ ലൈബ്രറി സ്ഥാപിക്കുകയും വേണം.

2 .സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മിക്കാൻ സാമ്പത്തിക സഹായം നൽകാനും ഇവരുടെ വൈദ്യുതികരിക്കാത്ത വീടുകൾ വൈദ്യുതികരിക്കാനും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപടികൾ സ്വീകരിക്കണം.

3. വാർഡ് അടിസ്ഥാനത്തിൽ മഹിളാസമാജങ്ങളും അവയൊടനുബന്ധിച്ച് തൊഴിൽ പരിശീലന കേന്ദ്രങ്ങളും സ്ഥാപിക്കണം.

4. മദ്യവും മയക്കുമരുന്നും നിർത്തലാക്കുന്നതിന് പഞ്ചായത്തു മുൻകൈ എടുത്ത് ബോധവർക്കരണം നടത്തണം.

5. പഞ്ചായത്തിനകത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉച്ചക്കഞ്ഞി പദ്ധതിക്ക് ഇപ്പോൾ നൽകുന്ന ധനസഹായത്തിൽ വർദ്ധനവരുത്തി എല്ലാ സ്ഥാനങ്ങളിലും ഉച്ചക്കഞ്ഞി വിതരണം ഉറപ്പു പരുത്തുകയും വേണം.

6. വിവിധ പെൻഷൻ പദ്ധതികളിൽ നിന്നുള്ള ആനുകൂല്യം അർഹതപ്പെട്ട എല്ലാവർക്കും ലഭ്യമാക്കണം പെൻഷൻ വിതരണത്തിനുള്ളകാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

7. തൊഴിലില്ലായ്മ വേതനം അർഹതപ്പെട്ടവർക്ക് എല്ലാവർക്കും നൽകാനും ഈ ആനുകൂല്യം ലഭിക്കുന്ന അനർഹരെ ക്ഷേമപദ്ധതിയിൽ നിന്ന് നീക്കം ചെയ്യാനും നടപടികൾ ഉണ്ടാക്കണം.

8. പഞ്ചായത്തിലെ ഓലപുരയുള്ള കുടുംബങ്ങളെ ഭവനനിർമ്മാണ പദ്ധതിയിൽ പെടുത്തി വീട് നിർമ്മിക്കുവാൻ സാമ്പത്തിക സഹായം നൽകണം.

10പഞ്ചായത്തിലെ സ്ഥായിയായ നിർദ്ധന രോഗികൾക്ക് ചികിത്സാ സഹായം നൽകുന്ന പദ്ധതി ഉടനെ തന്നെ നടപ്പിലാക്കണം.

11 പഞ്ചായത്ത് തലത്തിൽ രക്തദാനത്തിനായി ബോധവർക്കരണ പരിപാടി നടപ്പിലാക്കുകയും ഒരു രക്തദാന യൂണിറ്റി സംഘടിപ്പിക്കുകയും വേണം.

12.കുടിവെള്ളവും വൈദ്യുതിയും ഇനിയും എത്താത്ത മേഖലകളിലേക്ക് ആയത് എത്തിക്കാൻ പരിപാടി ആവിഷ്ക്കരിക്കണം.

സംസ്ക്കാരം

രാജപ്രതാപകാലം മുതൽക്കേ പെരുമയാർജ്ജിച്ച ഒരു പ്രദേശമാണ്. കാഞ്ഞിരംകുളം. നൂറ്റാണ്ടുകളുടെ ചരിത്രം അവകാശപ്പെടാവുന്ന പാരമ്പര്യവും ഈ പ്രദേശത്തെ പ്രസിദ്ധമാക്കുന്നു. തിരുവിതാംകൂർ ഭരിച്ചിരുന്ന വിശാഖം തിരുനാൾ മഹാരാജാവിന്റെ ദീർഘ ദൃഷ്ടിയോടുകൂടിയ ഭരണ പരിഷ്കാര നടപടികളുടെ ഫലമായി നാട്ടിൽ വിദ്യാഭ്യാസത്തിന്റെ വെള്ളി വെളിച്ചം വീശാനിടയായി. അതിന്റെ ഈടുവയ്പിൽ സർക്കാർ ഉടമയിലും സ്വകാര്യ മേഖലയിലും അപൂർവ്വമായിട്ടെങ്കിലും അവിടവിടെയായി വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. അതോടുകൂടി നാടെങ്ങും നവമായ ഒരു നാഗരികത നാമ്പിടുകയായി. ഈ പശ്ചാതലത്തിൽ നിന്ന് ഉയിർകൊണ്ട ഒരു മഹത്തായ ആശയത്തിന് സഫല സാക്ഷാത്ക്കാരമെന്ന നിലയിൽ ഒരു നൂറ്റാണ്ടിനുമുമ്പ് തെക്കൻ തിരുവിതാംകൂറിലെ ആദ്യത്തെ ഹൈസ്കൂൾ കാഞ്ഞിരംകുളത്ത് സ്ഥാപിതമായി. മഹാനായ ശ്രീ. P.K. സത്യനേശൻ അവർകളുടെ ക്രാന്തദർശിത്വവും, സാമൂഹ്യവീക്ഷണവും സർവ്വോപരി വിജ്ഞാനദാഹവുമാണ് അതിനിടയായിട്ടുള്ളതെന്നു കാണാം. യശ:ശരീരനായ ശ്രീ. P.K. സത്യനേശൻ അവർകളുടെ നാമസ്മരണയിൽത്തന്നെ ആ സ്ഥാപനം ഇന്നും വിദ്യാഭ്യാസ രംഗത്ത് തലയുയർത്തി നിൽക്കുന്നു.

ഒരു സ്ഥലത്തെ സംസ്കാരം രൂപപ്പെടുന്നത് അവിടത്തെ ജനസമൂഹത്തിന്റെ പെരുമാറ്റവിശേഷം കൊണ്ടും, ചരിത്രമഹിമകൊണ്ടും, വൈജ്ഞാനിക വൈഭവം കൊണ്ടുമൊക്കെയാണല്ലോ. അതൊരു വസ്തുതയാണെങ്കിൽ, കാഞ്ഞിരംകുളം കേന്ദ്രീകരിച്ചുള്ള നമ്മുടെ ഈ കൊച്ചുഗ്രാമം അനുഗ്രഹീതം തന്നെ, സംശയമില്ല. നാട്ടിലെങ്ങാനും ഒരു കുടിപ്പള്ളിക്കൂടം അതും കേവലം ഏകാദ്ധ്യാപക പാഠശാലയെന്നമട്ടിൽ നടപ്പിലിരുന്ന കാലഘട്ടത്തിൽ മാതൃഭാഷയിലും, ആംഗല ഭാഷയിലും ഒരു നൂറ്റാണ്ടു മുമ്പ് ഇന്നാട്ടിലെ വിജ്ഞാനദാഹികൾക്ക് സെക്കന്ററി വിദ്യാഭ്യാസം പകർന്നു നൽകാൻ ആ മഹത്തായ വിദ്യാലയം ഒരു മുഖാന്തരമായി ഭവിച്ചു. പ്രശസ്തരും, അതിപ്രസിദ്ധരുമായ എത്രയോ മഹാനുഭാവന്മാർ, പണ്ഡിതോത്തമന്മാരായ ഗുരുശ്രേഷ്ഠന്മാർ അവരുടെ പാദസ്പർശം കൊണ്ടും, ജീവിത സാന്നിദ്ധ്യം കൊണ്ടും, ത്യാഗോജ്ജ്വലമായ സേവനസന്നദ്ധത കൊണ്ടും ഈ പ്രദേശം ധന്യമാക്കപ്പെട്ടു. കാഞ്ഞിരംകുളം ഗ്രാമത്തിന്റെ അല്ല തെക്കൻ കേരളത്തിന്റെ സാംസ്കാരിക ചിരത്രത്തിന്റെ ഒരു നവോത്ഥാനഘട്ടം അവിടെ ആരംഭിക്കപ്പെട്ടു!

ഒരു നാടിന്റെ സംസ്കൃതി നിലനില്ക്കുന്നത് അവിടെ പറ്റിപ്പടരുന്ന വിജ്ഞാന വല്ലിയുടെ പച്ചപ്പിലൂടെയാണ്. അതിൽ വിടരുന്ന പുഷ്പങ്ങളാണ് അറിവിന്റെ നറുമണം ഒരു പ്രദേശത്തെ ആകമാനം പുളകമണിയിക്കുന്നത്. അറിവു നേടുകവഴി ഒരു തലമുറയുടെ അർത്തിയും അന്വേഷണതൃഷ്ണയും വർദ്ധമാനമായിത്തീരുകയാണ്. സമൂഹം ഇരുണ്ട ഇന്നലെകളെവിട്ട് കൃതഹസ്തമായ തെളിഞ്ഞ നാളകളിലേക്ക് കാൽ നീട്ടിവയ്ക്കാൻ വെമ്പൽ കൊള്ളുന്നു. അങ്ങനെ മനുഷ്യൻ നാഗരികതയിലൂടെ പുതിയ പുതിയ മേഖലകൾ കണ്ടെത്തി കൈകോർക്കുന്നു. സംസ്കാരം അതിന്റെ പ്രസരണ ശ്രംഖലയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നു.ക്രമാനുഗതമായ ഈ പരിണതിയാണ് ഒരു ദേശത്തിന്റെ സാംസ്കാരിക ചരിത്രപശ്ചാത്തലം.

മേൽപ്രതിപാദിച്ച പ്രകാരം പാകപ്പെടുത്തിയ, അല്ല രൂപപ്പെടുത്തിയ ഒരു സാംസ്കാരികൗന്നത്യം തനതായി ഉയർത്തിക്കാട്ടാൻ നമുക്ക് കാഞ്ഞിരംകുളം നിവാസികൾക്കു കൈമുതലായിത്തന്നെ

യുണ്ട്. അതു നമ്മുടെ ഗ്രാമപഞ്ചായത്തിനും ഒരു മുതൽ കൂട്ടാണെന്നു പറയാതെ വയ്യ. വിദ്യാലയങ്ങൾ വഴി വിജ്ഞാനവും, വിശേഷമായ പ്രതിഭയും സ്വായത്തമാക്കാൻ കഴിയുമ്പോൾ അനുകരണീയമായ ജീവിതമാതൃകകൾക്ക് ഉടമകളാകാനും നാം കഴിവുള്ളവരായിത്തീരുന്നു. അങ്ങനെ ഉയർത്തിക്കാട്ടുന്ന മതൃകാപരമായ ജീവിതം ഒരു സമൂഹത്തിന്റെ സംസ്കാര സമ്പത്താവുകയാണ് ചെയ്യുക.

ആർഷ സംസ്ക്കാരത്തിന്റെ പാരമ്പര്യസിദ്ധികൾ കൈകൊണ്ട് പ്രബുദ്ധത നേടിയ തലമുറകളോട് ഇണ ചേരാൻ ഭിന്നമതസ്ഥരായ വിദേശികൾ ഭാരതത്തിലെങ്ങും എത്തിപ്പെടുന്നതോടെ നമ്മുടെ സാംസ്കാരികാടിത്തറക്ക് ഇളക്കമുണ്ടായില്ലെ? എന്നു ചോദിക്കുന്നവരുണ്ടാകാം, ചോദ്യം പ്രസക്തവുമാണ്. അങ്ങനെ സംഭവിച്ചുവെങ്കിലും അവിടെ വിള്ളലുണ്ടാവുകയല്ല, മറിച്ച് ഒരു സമന്വയഭാവത്തിൽ ആ സംസർഗ്ഗം ഇവിടെ പുലരുകയാണുണ്ടായത്, തളരുകയായിരുന്നില്ല. ഇന്നു വിവിധ ജാതി മതസ്ഥരായ നാം ഇവിടെ ഇടംവലം ചേർന്നും, ഇടകലർന്നും ഒരു കുടുംബത്തിലെന്നപോലെ കഴിഞ്ഞുപോരുകയാണ്. 'യത്രവിശ്വംഭവത്യേക നീഡം' എന്നുമുണ്ടല്ലോ പ്രമാണം. ഈ പരമാർത്ഥം മുഖവിലക്കെടുത്താൽ ഭിന്നസംസ്കാര സമന്വയം കൊണ്ടുള്ള ഒരു നവോത്ഥാന പ്രസ്ഥാനം കേരളത്തിൽ, പൊതുവിലും, ഈ പ്രദേശത്ത് പ്രത്യേകിച്ചും നിലവിൽ വന്നതായി കാണാം.

വിദ്യാഭ്യാസവും, വൈദേശിക ബന്ധവും പൗരാണിക പശ്ചാത്തലങ്ങളും മാത്രമല്ലല്ലോ ഒരു ദേശത്തിന്റെ സാംസ്കാരിക മഹികമയെ വളർത്തുകയും പുലർത്തുകയും ചെയ്യുന്നത്. കലകൾക്കും ശാസ്ത്രത്തിനുമെല്ലാം അതിൽ മുതലിറക്കാനുണ്ട്. നമ്മുടെ നാട്ടിൽ പ്രസിദ്ധിപ്രാപിച്ചിട്ടുള്ള തെക്കൻ പാട്ടുകളിലൂടെയും മറ്റും നമുക്കു ഭാഷാസാഹിത്യ ചരിത്രത്തിൽ സ്ഥാനം പിടിക്കാൻ വരെ സാധിച്ചിട്ടുണ്ട്. ഇത്തരുണത്തിൽ യശ:ശരീരനായ ശ്രീ. കാഞ്ഞിരംകുളം കെ. കൊച്ചുകൃഷ്ണൻ നാടാരെ പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്. 'ഇരവിക്കുട്ടിപ്പിള്ളപ്പോർ', മതിലകത്തുകഥ എന്നീ പ്രാചീന കൃതികളിലൂടെ അദ്ദേഹം പ്രഖ്യാതനായിത്തീർന്നിട്ടുണ്ട്. പിൽക്കാലത്ത് മഹാപണ്ഡിതന്മാരായ ഗവേഷണ കുതുകികൾക്ക് അദ്ദേഹം മാരഗ്ഗദർശനം നല്കിയിരുന്നവെന്ന വസ്തുതയും പ്രസ്താവ്യമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മാത്രം അള്ളിപ്പിടിച്ചു നില്ക്കുന്ന പുതിയ തലമുറക്ക് ഒരുവേള ഇത് അന്യമായി തോന്നിയേക്കാം; അല്ലെന്നു സ്ഥാപിക്കാൻ ഈ രേഖ മുതൽക്കൂട്ടാവുമെങ്കിൽ നമുക്കു ചാരിതാർത്ഥ്യമടയാം.

ആയോധന കലകളിലൂടെയും കളരിവിദ്യകളിലൂടെയും അനുപമമായ അവഗാഹവും, 'മെയ് വഴക്കവും നേടി നമ്മുടെ നാടിന്റെ അഭിമാനം പുലർത്തിയ ആശാന്മാരും, അവരുടെ അഭ്യാസപ്രകടനങ്ങളും നമ്മുടെ നാടിന്റെ ചരിത്രപരമായ സംസ്കാര സമ്പത്തിന്റെ മിഴിവുറ്റ തെളിവുകളായി പരിലസിക്കുന്നു. അത്തരം മഹത്തുക്കളുടെ പട്ടിക വളരെ വലുതാണ്. തെക്കൻ തിരുവിതാംകൂറിന്റെ ചരിത്രപശ്ചാത്തലം പരിശോധിച്ചാൽ നമ്മുടെ കൊച്ചുഗ്രാമവും തനതായ പങ്കുസമ്മാനിച്ചതായി കാണാം.

അഷ്ടാംഗഹൃദയം, സിദ്ധവൈദ്യം, മർമ്മവിദ്യ, ജ്യോതിശാസ്ത്രം എന്നീ ശാസ്ത്രവിഷയങ്ങൾ അസൂയാർഹമായ പാടവത്തോടെ കൈകാര്യം ചെയ്തിരുന്ന പ്രതിഭാധനന്മാരും ഇന്നാട്ടിൽ എത്രയെങ്കിലും ഉണ്ടായിരുന്നു. അവരെല്ലാം നമ്മുടെ നാടിന്റെ സാംസ്കാരിക പശ്ചാത്തലത്തിന് ഈടുറ്റ സംഭാവനകൾ സമ്മാനിച്ചിരുന്നു. കൂട്ടത്തിൽ 'മർമ്മ ശാസ്ത്ര പീഠിക'കാരനും ഈ ദേശത്തേ സ്വാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ പ്രാതസ്മരണീയനും നിയമസഭാസാമാജികനും കേരളപ്പിറവിക്കുശേഷം രൂപം കൊണ്ട പഞ്ചായത്തു സമിതിയുടെ അദ്ധ്യക്ഷപദവിയിൽ തുടർച്ചയായി ഇരുപത്തിയഞ്ചു വർഷക്കാലം ഈ നാടിനെ സേവിച്ച ജനസേവകനും സേർവ്വോപരി ദേശസ്നേഹിയും സമുദായോദ്ധാരകനും സ്വാതന്ത്ര്യ പോരാളിയും എല്ലാമായിരുന്ന യശ:ശരീരനായ ശ്രീ. എം. കുഞ്ഞുകൃഷ്ണൻ നാടാരുടെ പേർ ഈ പ്രകൃതത്തിൽ എടുത്തു പറയേണ്ടതുണ്ട്.

വിദ്യാലയങ്ങൾ നാട്ടിൽ സാർവ്വത്രീകമാവുകയും, വിദ്യാഭ്യാസം നിർബന്ധിതമാവുകയും ചെയ്ത ചരിത്രകാലത്തോടുകൂടി നമ്മുടെ സാംസ്കാരിക മണ്ഡലങ്ങളിലും നവം നവങ്ങളായ പരിണാമങ്ങൾ അനുഭവപ്പെട്ടു തുടങ്ങി. അതോടുകൂടി ഭിന്നരൂപത്തിലുള്ള സാംസ്കാരിക കലാകായിക സംഘങ്ങൾ നാടെങ്ങും ഉടലെടുക്കുകയുണ്ടായി. പേരെടുത്തു പറയാവുന്ന അത്തരം സ്ഥാപനങ്ങൾ ഇപ്പോൾ നമ്മുടെ ഗ്രാമപഞ്ചായത്തു പ്രദേശത്തു സജീവമായി പ്രവർത്തിച്ചുവരുന്നു. മുൻനിരയിലുള്ള

ഏതാനും സംഘടനകളുടെ പേർ ചുവടെ ചേർക്കുന്നു.

1. യുവജനസംഘം കാഞ്ഞിരംകുളം
2. അഭയവേദി ഊറ്ററ
3. ആർ.ടി.എം. യുത്ത് ക്ലബ് നന്ദൻ നഗർ
4. വിവേകാനന്ദ ആർട്ട്സ് & സ്പോർസ് ക്ലബ് കാഞ്ഞിരംകുളം
5. അനശ്വരസ്പോർസ് ക്ലബ് കാക്കലംകന്നം
6. ജേക്കബ് മെമ്മോറിയൽ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് ചാണി
7. മാതൃഭൂമി സ്റ്റഡിസർക്കിൾ കാഞ്ഞിരംകുളം
8. കേരള കൗമുദി റീഡേഴ്സ് ക്ലബ് കാഞ്ഞിരംകുളം
9. തുഷാര ആർട്ട്സ് & സ്പോർസ് ക്ലബ് മൂന്നുമുക്ക് കഴിവൂർ
10. പനനിന്ന പൗരസമിതി
11. പൊട്ടക്കുളം പൗരസ്മിതി.

ഇവയിൽ ഒട്ടുമുക്കാലും സംഘടനകൾക്ക് സ്വന്തമായ ആസ്ഥാനങ്ങളോ അവശ്യംവേണ്ട വിഭവങ്ങളോ സ്വരൂപിക്കാൻ ആയിട്ടില്ലെന്നുകൂടി പറയേണ്ടിവരുന്നതിൽ ദു:ഖമുണ്ട്. നമ്മുടെ നാടിന്റെ സാംസ്കാരിക പൈതൃകം നഷ്ടപ്പെടാതെ യുവചേതനകളെ ഊതി മിനുക്കി ഉത്തമമായ ഒരു ഭാവി തലമുറക്കു രൂപം നൽകാൻ പരമാവധി പരിശ്രമിക്കുന്ന ഇത്തരം സന്നദ്ധ സംഘടനകളെ കാര്യമായ സാമ്പത്തിക സഹായങ്ങൾ നൽകി ഗ്രാമപഞ്ചായത്തു സമിതി പ്രോത്സാഹിപ്പിക്കേണ്ടതും, നില നിറുത്തേണ്ടതുമാകുന്നു.

കലാകായികരംഗങ്ങളിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ അപേക്ഷിച്ച് സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ മികച്ച സംഭാവനകൾ നല്കുന്ന സ്ഥാപനങ്ങളാണ് ഗ്രന്ഥശാലകൾ. കാഞ്ഞിരംകുളം പഞ്ചായത്തിൽ ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേഷനുള്ള ഗ്രന്ഥശാലകൾ മൂന്നു വാർഡുകളിലായി പ്രവർത്തിച്ചുവരുന്നു. അഫിലേയേഷനില്ലാത്ത അഞ്ചാമതൊരു ഗ്രന്ഥശാലയും കൂടി ഇപ്പോൾ പഞ്ചായത്തു പ്രദേശത്ത് നിലവിലുണ്ട്. ഇനി പേരുപറയുന്നവയാണ് പ്രസ്തുത സ്ഥാപനങ്ങൾ

1. ജെ. അരുമനായകം മെമ്മോറിയൽ ഗ്രാമസേവിനി ഗ്രന്ഥശാല കാഞ്ഞിരംകുളം
2. സത്യൻ ലൈബ്രറി ചാണി
3. പീപ്പിൾസ് ലൈബ്രറി കരിച്ചൽ
4. Y.M.C.A ലൈബ്രറി നെല്ലിക്കാക്കുഴി
5. നന്ദൻ സ്മാരക ഗ്രന്ഥശാല നന്ദർ നഗർ

പഞ്ചായത്തിന്റെ സാംസ്കാരിക പശ്ചാത്തലവുമായി ബന്ധപ്പെട്ട വസ്തുതകൾ മിക്കവാറും പരാമർശിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ നമ്മുടെ പഞ്ചായത്തിന് തനതായ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കാൻ ഇതിനകം സാധിച്ചിട്ടില്ല എന്ന കുറവ് വരുംകാല വികസന പദ്ധതികളിൽ പ്രാമുഖ്യം നൽകി പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു. അങ്ങനെയായാൽ ഗ്രാമത്തിലെ മുഴുവനാളുകൾക്കും കലാസാംസ്കാരിക വേദികളൊരുക്കി ഒന്നിക്കാനും സമൂഹത്തിൽ ഈ രംഗത്തു പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു കൂടുതൽ ഉന്നതിക്കായി ഒരുമിച്ചുകൂടി പ്രവർത്തിക്കാനും ഇടം ലഭിക്കുന്നതാണ്. കാഞ്ഞിരംകുളം ജംഗ്ഷനിൽ ഒരു T.V. കാസ്ക്ക് സ്ഥാപിക്കാനും അതുവഴി പൊതുജനങ്ങൾക്ക് അറിവും ആനന്ദവും പകരാനും പഞ്ചായത്ത് സമിതി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപ്രദേശത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ, കായിക കലാസാംസ്കാരിക സംഘടനകൾ, മഹിളാസംഘങ്ങൾ തുടങ്ങിയ പ്രസ്ഥാനങ്ങൾക്ക് തുറന്ന മനസ്സോടെ സാമ്പത്തിക സഹായങ്ങൾ നല്കി പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതോടൊപ്പം വിദ്യാഭ്യാസരംഗത്ത് വിവിധതലങ്ങളിൽ പഠിച്ച് ഉന്നതവിജനയെ നേടുന്ന കുട്ടികളുടെയും, പട്ടികജാതി വർഗ്ഗവിഭാഗത്തിലെ ഏറ്റവും മികച്ച് കുട്ടികളുടെയും പ്രോത്സാഹനാർത്ഥം അവാർഡുകൾ നല്കാനും നമ്മുടെ ഗ്രാമപഞ്ചായത്തു സമിതി പദ്ധതി തയ്യാറാക്കേണ്ടതാണ്. സാംസ്കാരിക സമിതികളെയും, സന്നദ്ധസംഘങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പർച്ചാവേദികളോരുക്കി സെമിനാറുകളും മറ്റും മാസം തോറും നടത്താനും പരിപാടി ഉണ്ടാവണം.

വിദ്യാസമ്പത്തും, സാംസ്കാരിക വൈഭവവും കലാകായിക ശാസ്ത്ര സാങ്കേതിക നേട്ടങ്ങളും നമുക്കും നമ്മുടെ ഗ്രാമത്തിനും ഒരുപോലെ അവകാശപ്പെടാമെന്നിരിക്കിലും, സാംസ്കാരിക രംഗത്ത് നമ്മുടെ ഗ്രാമത്തിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാനും,

നാടിന്റെ വൈജ്ഞാനിക, കലാസാംസ്കാരിക വൈഭവത്തെ പൂർണ്ണമായും പ്രതിബിംബിപ്പിക്കാനും കഴിയും വിധം സർവ്വസജ്ജീകരണങ്ങളോടും കൂടിയ ഒരു 'പഞ്ചായത്തു റഫറൻസ് ലൈബ്രറിക്ക്' രൂപം നല്കി നടപ്പിലാക്കേണ്ടിയിരിക്കുന്നു. 'ഒരു നല്ല ഗ്രന്ഥശാല ഒരു നല്ല സർവ്വകലാശാല' എന്ന ചൊല്ല് അങ്ങനെ നമുക്ക് സാർത്ഥകമാക്കാൻ കഴിയട്ടെ.

◆◆◆

വനിത

ഭാരതാംബ സ്വാതന്ത്ര്യത്തിന്റെ പുതിയ പുലരി കണ്ടിട്ട് അരനൂറ്റാണ്ട് കഴിഞ്ഞിട്ടും ഇന്നത്തെ സ്ത്രീജനങ്ങൾക്ക് സ്വതന്ത്ര്യത്തിന്റെ അവസ്ഥ ലഭിച്ചിട്ടില്ല. ചരിത്രാതീത കാലത്തെ സ്ത്രീ വേട്ടയാടുന്നതിലും, ആയുധങ്ങളും പാത്രങ്ങളും ഉണ്ടാക്കുന്നതിലും പുരുഷനെക്കാൾ ഏറെക്കഴിവും മിഴിവും പ്രദർശിപ്പിച്ചിരുന്നുവെന്ന് ചരിത്രകാരന്മാർ കണ്ടെത്തിയിരുന്നു. പ്രാദേശികമായി മാറ്റങ്ങൾ ഉണ്ടായാൽ മാത്രമേ സമൂലമായ മാറ്റത്തിന്റെ ലക്ഷ്യപ്രാപ്തി ലഭ്യമാവു. ആയതിലേക്ക് ഓരോ പ്രദേശങ്ങളിലെയും വാർഡുകളിലെയും, ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ, ബഹുജനസംഘടനകൾ, സന്നദ്ധസംഘടനകൾ, വിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ കോർത്തിണക്കി അതാതു പ്രദേശങ്ങളിലെ പ്രത്യേകതകൾ മനസിലാക്കി അനുയോജ്യമായ പ്രവർത്തനങ്ങൾ സമ്പൂർണ്ണ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയാൽ സ്ത്രീസ്വാശ്രയത്തിന്റെ അനുഭവം സംജാതമാകും.

കാർഷികയുഗ പിറവിയോടെ സ്വകാര്യസ്വത്തിന്റെ ആവിർഭാവും ഉണ്ടായതോടുകൂടി അവയുടെ സംരക്ഷണത്തിനായി വനിതകൾ അകത്തളങ്ങളിൽ ഒതുങ്ങികൂടാൻ നിർബന്ധിതരായ പഴയ ചരിത്രം ഒരിക്കൽകൂടി ഇവിടെ ഓർമ്മിക്കപ്പെടട്ടെ. വ്യവസായവൽക്കരണവും യന്ത്രവൽക്കരണവും ഉണ്ടായപ്പോൾ പ്രഗൽഭ്യം തെളിയിച്ച തങ്ങളുടെ മേഖലകളിൽ നിന്ന് പന്മാറിപോരാൻ സ്ത്രീകൾക്ക് ഇടവന്നു. പുരുഷന്റെ ആകാരത്തിനും പ്രവർത്തനശേഷിക്കും മാത്രം ആധാരമായി യന്ത്രങ്ങളും യന്ത്രശാലകളും നിർമ്മിക്കപ്പെട്ടപ്പോൾ പരമ്പരാഗതമായ പല കൈതൊഴിലുകളും അതിന്റെ അനന്യസാധാരണമായ നിർമ്മാണ പാടവവും വേഗതയും സ്ത്രകൾക്ക് നഷ്ടമായി. മതപ്രവാചകരും പുരോഹിതവൃന്ദവും കൂടുതൽ അവളെ ചെറതാക്കികൊണ്ടിരുന്നു. പുരാണങ്ങളിലും ഇതിഹാസങ്ങളിലും പുരുഷന്റെ താല്പര്യത്തിൽ സ്ത്രീ എങ്ങനെ ആയിരിക്കണമെന്ന് കുറിച്ചിട്ടു. കഥകളിലും കവിതകളിലും അവൾ ധന്യയെന്നും പൂജ്യയെന്നും അറിയിച്ചപ്പോൾ തന്റെതായ വ്യക്തിത്വം കഥാപാത്രരൂപത്തിലാക്കാൻ അവൾ നിശബ്ദയായിരുന്നു. ചരിത്രം ഇങ്ങളെയൊക്കെ ആയിരുന്നപ്പോഴും കേരളത്തിൽ, കുടുംബത്തിന്റെ നടുനായകത്വം വഹിച്ച് വീരാംഗനകളെ കുറിച്ചുള്ള നാടൻപാട്ടുകൾ ഒഴികി നടന്നു.

ഇവിടത്തെ സ്ത്രീകൾ കൂട്ടായമയുടെ പ്രതീകങ്ങളായിരുന്നു. ചൊറുപിണക്കങ്ങളും വഴക്കുകളും അവർക്കിടയിൽ ഉണ്ടായിരുന്നിട്ട്പോലും ഉത്സവകാലങ്ങളിൽ അവർ കാണിച്ച ഒരുമ മറ്റൊരു നാട്ടിലും ഉണ്ടായിരുന്നതായി കേട്ടുകേൾവി ഇല്ല. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനിൽ നിന്ന് കുറെ കാര്യങ്ങളിൽ വ്യത്യസ്ഥരായിരിക്കും. അതുപോലെ ഒരുപാട് സ്ത്രീയും പുരുഷനും വ്യത്യസ്ഥരായിരിക്കും. എന്നാലും കാര്യമായ പ്രവർത്തനശേഷിക്കുറവ് സ്ത്രീകൾക്കില്ല. സാക്ഷരതയിലും ആയുർദൈർഘ്യത്തിലും കേരളത്തിലെ കണക്കുകൾ അത് തെളിയിക്കുന്നു.

വിദ്യാഭ്യാസ കാര്യത്തിൽ പഴയ കാലത്തെ ഉത്സാഹക്കുറവൊന്നും ഇന്നു കാണുന്നില്ല. പുരുഷനു കിട്ടിയ വിദ്യാഭ്യാസം അവനു നേട്ടമായി ഭവിക്കുമ്പോൾ സ്ത്രിക്കു ലഭിക്കുന്നത് മൊത്തം കുടുംബത്തിനുതന്നെ നേട്ടമായി തീരുന്നു. വിദ്യാഭ്യാസമുള്ള സ്ത്രികളുള്ള കുടുംബം അതിന്റെ ഔന്നത്യം എടുത്തു കാണിക്കുന്നു. കേരളത്തിലെന്നപോലെ ഇവിടത്തെ വിദ്യാലയങ്ങളിലും പെൺകുട്ടികൾ ഉയർന്നനിലവാരം പുലർത്തുന്നതായി ചൂണ്ടിക്കാട്ടുന്നു.

ആരോഗ്യകാര്യങ്ങളിൽ ഇവിടത്തെ വനിതകൾ വളരെം മെച്ചമായ അവസ്ഥയിലാണ്. പരിസര ശുചിത്വം തലമുറകളിലേക്ക് പകരാൻ ഇവിടത്തെ സ്ത്രീകൾ വളരെ ശ്രദ്ധാലുക്കളാണ്. മദ്യവും മയക്കുമരുന്നും. ഏറെ വനിതകൾക്കും അന്യമാണ് ഏറെ പരിമിതികളും ഒട്ടേറെ തടസ്സങ്ങളും ഉണ്ടായിരുന്നിട്ടുകൂടി തൊഴിൽ രംഗത്ത് പ്രശോഭിക്കുന്ന ധാരാളം വനിതകൾ ഇവിടെയുണ്ട്. പലപ്പോഴും തൊഴിൽ സംവരണമോ ന്യായമായ കൂലിയോ പ്രശംസയോ അഭിനന്ദനമോ ലഭിക്കുന്നില്ലെങ്കിലും തൊഴിൽ രംഗത്ത് പ്രവേശിക്കാനോ തുടരുന്നത് നടത്തികൊണ്ടുപോകാനോ സ്ത്രീകൾ മടിക്കാറില്ല. ഭരണഘടനാ വാഗാദാനം പലപ്പോഴും. ഏട്ടിൽ മാത്രം ഒതുങ്ങി നില്ക്കുമ്പോൾ അതിനെതിരെ പ്രതികരാക്കാനാവാതെ വിമ്മിഷ്ടപ്പെടുന്ന കുറെ വനിതകൾ ഈ പഞ്ചായത്തിലുണ്ട്.

അതിന് തെളിവായി ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയൊന്നിലെ കാനേഷ്മാരി കണക്കിലെ പ്രസക്തഭാഗം മാത്രം ഇവിടെ ചേർക്കുന്നു.

തൊഴിൽ മേഖല	സ്ത്രീകളുടെ എണ്ണം.	പുരുഷൻമാരുടെ എണ്ണം.
കാർഷികമേഖല	75	1297
മൃഗസംരക്ഷണം	15	67
നിർമ്മാണം	8	310
കെട്ടിട നിർമ്മാണം	80	155
ചെറുകിട വ്യവസായം	54	320
ഗതാഗതം വാർത്താ വിനിമയം	9	238
മറ്റുള്ളവ	411	767
നാമമാത്രജോലിക്കാർ	173	406
തൊഴിൽ ഇല്ലാത്തവർ	7592	4431

തൊഴിലില്ലാത്ത ഒരുപാട് സ്ത്രീകൾ ഇവിടെ പ്രയാസപ്പെടുന്നുണ്ടെന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു. ഇങ്ങനെ ജോലിചെയ്യുന്ന സഹോദരിമാർ ഇവിടെയുണ്ടെങ്കിലും അവരുടെ സേവനവേതന വ്യവസ്ഥകൾ പരിശോധിച്ചാൽ ഏറെ ദുഖകരമായ പല വ്യവസ്ഥകളും ഇവിടെ നിലവിൽ നിൽക്കുന്നു എന്നു കാണാവുന്നതാണ്.

പഞ്ചായത്തിലെ പ്രശ്നങ്ങൾ

1. സ്ത്രീ രണ്ടാം കിടപൗരനായി പരിഗണിക്കപ്പെടുന്നു.

2. അവൾക്ക് സാമൂഹ്യസുരക്ഷിതത്വം ലഭിക്കുന്നില്ല.

3. വിദ്യാഭ്യാസരംഗത്ത് തുല്ല്യ പരിഗണന നൽകാൻ മാതാപിതാക്കൾ മടിക്കുന്നു.

4. സ്വന്തം ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ അവൾക്ക് സ്വാതന്ത്ര്യം ഇല്ല.

5. തൊഴിൽ രംഗത്ത് തുല്ല്യമായ അവകാശമില്ല.

6. തുല്ല്യജോലിക്ക് തുല്ല്യ വേതനമില്ല.

6. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഇല്ല

8. സ്ത്രീ ക്ഷേമ പദ്ധതികൾ തയ്യാറാക്കുമ്പോൾ അവരുടെ അഭിപ്രായം സ്വരൂപിക്കുന്നില്ല.

9. സ്ത്രീകളെ സംരക്ഷിക്കുന്ന വനിതാ സംരക്ഷണ സമിതികളും നിയമപാലകരും അതിനുള്ള ഓഫീസുകളും നാട്ടിൽ കുറവാണ്.

ഗ്രാമസഭയിലെ നിർദ്ദേശങ്ങൾ

സഹകരണമേഖലയിൽ ഗാർമെന്റ് മേക്കിംഗ് സെന്റർ സ്ഥാപിച്ച് വാർഡുകളിൽ സബ്സെന്റേഴ്സ് തുറക്കുക. സബ്സെന്റേഴ്സ് വനിതാ സമാജത്തിന്റെ കീഴിൽ നടത്തണം. വനിതാ സമാജം ഇല്ലാത്ത വാർഡുകളിൽ സമാജം ഉണ്ടാക്കണം. വനിതാ സമാജം നല്ല രീതിയിൽ നടത്തിയാൽ സ്ത്രീകളുടെ കലാ സാംസ്കാരിക വികസനത്തിന് കുടുംബ പ്രശ്നങ്ങളും ചർച്ചചെയ്തു പരിഹാരം കണ്ടെത്താൻ സാധിക്കും.

2. സ്ത്രീകൾക്ക് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പ് വരുത്തണം.

3. തുല്യജോലിക്ക് തുല്യവേതനം ഉറപ്പാക്കണം

4. പരമാവധി സബ്സിഡി കൊടുത്ത് പശു, കോഴി, ആട്, ഇവ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് വിതരണം നടത്തണം.

5, എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതകളുടെ പ്രശ്നം പരിഹരിക്കുന്നതിന് വനിത സബ് ഇൻസ്പെക്ടറും, വനിതകോൺസ്റ്റബിൾ മാരെയും നിയമിക്കണം.

6. പച്ചത്തൊണ്ടിൽ നിന്നും ചകിരി കയറും, കയറുല്പന്നങ്ങളുംഉണ്ടാക്കുന്നതിനുള്ള ഒരു യൂണിറ്റ് സ്ഥാപിക്കുക.

7. കാഞ്ഞിരംകുളം പഞ്ചായത്തിൽ കടുപ്പം കുറഞ്ഞ തടികൾ ലഭ്യമായതിനാൽ ഒരു തീപ്പെട്ടി നിർമ്മാണശാല സ്ഥാപിച്ചാൽ ഏതാനും വനിതകൾക്ക് ജോലി ലഭിക്കുകയും ചെയ്യും.

8. ഒരു വനിതാ സഹകരണസംഘം സ്ഥാപിക്കുക

9. ധാന്യങ്ങളും, വ്യജ്ഞനങ്ങളും പൊടിച്ച് പാക്ക് ചെയ്തു വിൽക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിയാൽ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കും.

10. വിദ്യാസമ്പന്നരായ ധാരാളം സ്ത്രീകളുള്ള കാഞ്ഞിരംകുളം പഞ്ചായത്തിൽ ഒരു വനിത പോളിടെക്നിക് സ്ഥാപിച്ചാൽ വനിതകൾക്ക് പ്രയോജനപ്രദമായിരിക്കും.

11. കാഞ്ഞിരംകുളം ഗവർമെന്റ് ഗേൾസ് ഹൈസ്കൂളിനെ ഒരു വൊക്കേഷണൽ ഹയർ സെക്കന്ററിയോ, പ്ലസ് ടൂ ആയോ ഉയർത്തണം.

12.ക്ഷീരോല്പന്നങ്ങളും, ബേക്കറി സാധനങ്ങളും ചിപ്സും, വറ്റലുകളും ഉണ്ടാക്കി വിൽക്കുന്ന തിന് ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം നല്കിയാൽ ഏതാനും വനിതകൾക്ക് തൊഴിലവസരം ഉണ്ടാക്കാം.

13. പ്ലാസ്റ്റിക് കവർ ഉല്പാദന കേന്ദ്രം സ്ഥാപിച്ചാൽ ഏതാനും വനിതകൾക്ക് തൊഴിലവസരം ഉണ്ടാക്കും..

14. ജാം, ശീതള പാനിയങ്ങൾ ഇവ ഉണ്ടാക്കുന്നതിനുള്ള ഒരു യൂണിറ്റിന് സാമ്പത്തിക സഹായം നൽകുക.

15. ദാരിദ്രമേഖലയ്ക്ക് താഴെ നിക്കുന്ന വനിതകൾക്ക് വേണ്ടി സമൂഹ വിവാഹം നടത്തുക.

16. സ്ത്രിപീഡനം അനുഭവിക്കുന്ന് സ്ത്രീകളുടെ സംരക്ഷണത്തിന് പഞ്ചായത്ത് സഹായം നലകണം.

17. പഞ്ചായത്തിൽ പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തണം. ഇത് സ്ത്രീകളുടെ സുരക്ഷിതത്വത്തിന് കാരണമാകും.

18. പഞ്ചായത്തിൽ C.B.S.E സ്കൂൾ സ്ഥാപിച്ചാൽ വനിതകൾക്ക് അത് തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

19.തെരെഞ്ഞെടുപ്പുകളിൽ സ്ത്രീപ്രാതിനിധ്യം 50% ആക്കി ഉയർത്തുക.

+++

സഹകരണ മേഖല

കാഞ്ഞിരംകുളം പഞ്ചായത്തിലെ ഒൻപതു വാർഡുകളെയും പ്രതിനിധീകരിച്ച് സ്ഥാപിതമായിട്ടുള്ള ഒരു ബാങ്കാണ് കാഞ്ഞിരംകുളം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 3970.

1.7.5.6 ൽ ഒരു വാടകക്കെട്ടിടത്തിൽ ആരംഭിച്ചു. ഇന്ന് സ്വന്തമായി 11 സെന്റ് സ്ഥലം ബാങ്കിനുണ്ട്. ബാങ്ക് വക കെട്ടിടത്തിൽ റേഷൻകട, വളം ഡിപ്പോ, കൺസ്യൂമർ സ്റ്റോർ എന്നീ സ്ഥാപനങ്ങൾ നടന്നു വരുന്നു. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 682990 രൂപയും ഗവൺമെന്റ് ഓഹരി 16,000 രൂപയുമാണ്. ബാങ്കിന് 20 ലക്ഷം രൂപ സ്ഥിരം നിക്ഷേപമായി ജനങ്ങളിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്. 75000 രൂപ സലയുള്ള ചിട്ടിവരെ നടത്തിവരുന്നു. ഇതുകൂടാതെ സ്വർണ്ണപണയം, എസ്.റ്റി,എം.റ്റി, സി. എസ്. എസ് റ്റി തുടങ്ങിയ നിരവധി വായ്പകൾ പഞ്ചായത്തിന കത്തുള്ള ദുർബല വിഭാഗങ്ങൾക്കും, ചെറുകിട കർഷകർക്കും, കച്ചവടക്കാർക്കും നല്കിവരുന്നു. എന്നാൽ വായ്പ എടുത്ത കർഷകർ നിശ്ചിത കാലാവധിക്കുള്ളിൽ വായ്പ തിരിച്ച്ടക്കുന്നതിൽ വീഴ്ച വരുത്തുന്നതിനാൽ സംഘത്തിന്റെ പ്രവർത്ത നത്തിന് മന്ദീഭാവവുമുണ്ട്.

തിരുവനന്തപുരം ജില്ലാസഹകരണ ബാങ്കിന്റെ ഒരു ശാഖ കാഞ്ഞിരംകുളം പഞ്ചായത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. ഭവന നിർമ്മാണം, കൺസ്യൂമർ, കാർഷികം, സ്വർണ്ണപ ണയം തുടങ്ങിയ വായ്പകൾ ആവശ്യാനുസരണം നൽകിവരുന്നത് കാഞ്ഞിരംകുളം നിവാസികൾക്ക് ഉപകാരപ്രദമാണ്.

മാർഗ്ഗ നിർദ്ദേശങ്ങൾ

വായ്പകൊടുക്കുന്നതിൽ കാലതാമസം ഒഴിവാക്കാൻ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കണം. ടി. ബാങ്കിൽ നിന്നും കൊടുക്കുന്ന ലോണുകൾക്ക് ഈടാക്കുന്ന പലിശ 20% വരെ യാണ്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം പലിശ നിരക്ക് വളരെ കൂടുതലാണ്. സഹകരണ പ്രസ്ഥാനങ്ങളിൽ കൂടിയുള്ള വായ്പകളിൽ മേലുള്ള പലിശനിരക്ക് 16% ൽ താഴെയായി കുറയ്ക്കണം.

ക്ഷീരസഹകരണ സംഘം

കാഞ്ഞിരംകുളം പഞ്ചായത്തിൽ ഒൻപതു വാർഡുകളിലായി അഞ്ച് സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. അവ ചാണി, കാഞ്ഞിരംകുളം, നെടിയ കാല, മാവിള, ഊറ്ററ എന്നീവാർഡുകളിൽ സ്ഥിതി ചെയ്യുന്നു. വാർഡടിസ്ഥാനത്തിൽ ക്ഷീര സഹകരണ സംഘങ്ങൾ അനുവദിക്കേണ്ടതാണ്. അപ്കോ സിന്റെ കീഴിൽ നടക്കുന്ന ചാണിസഹകരണ സംഘത്തിനു മാത്രമെ സ്വന്തമായി കെട്ടിടമുള്ളു ജനോപകാരപ്രദമായ പ്രയോജനം ജനങ്ങൾക്കു കിട്ടുന്നതിന് എല്ലാ സൊസൈറ്റി കളെയും പ്രവർത്തിപ്പിക്കുകയും ആവശ്യാനുസരണം ഉപകരണങ്ങൾ കൊടുത്ത് സഹായിക്കുകയും ചെയ്യണം. സംഘങ്ങളിൽ നിന്നും അയക്കുന്ന പാലിന് ചില്ലിംഗ് പ്ലാന്റിൽ നിന്നും ന്യായമായ വില ലഭിക്കേണ്ടതാണ്.

കാഞ്ഞിരംകുളം പഞ്ചായത്തിലെ ഇതരസംഘങ്ങൾ

1. കാഞ്ഞിരംകുളം സർവ്വീസ് സഹകരണ ബാങ്ക്.
2. ഹരിജൻ സഹകരണസംഘം
3. ഹാൻഡ് ലൂം സഹകരണ സംഘങ്ങൾ
4. മിൽക്ക് സൊസൈറ്റികൾ
5. കയർ സഹകരണ സംഘം
6. ചാരിറ്റബിൾ ആക്ട് അനുസരിച്ച് രജിസ്റ്റർ

ചെയ്തിട്ടുള്ള സംഘങ്ങൾ

7. പൗൾട്രി സഹകരണ സംഘം

8. ബ്ലോക്കടിസ്ഥാനത്തിലുള്ള സംഘങ്ങൾ

9. ഖാദി ബോർഡിന്റെ കീഴിലുള്ള സംഘം

10. ഹരിജൻ ഹാൻഡ്ലൂം

11. പൗവർലൂം സൊസൈറ്റി

12. വനിതാ ഹാന്റ്ലൂം

ഹാന്റ്ലൂം സൊസൈറ്റികളുടെ പ്രവർത്തനം അതായത് മാനേജ്മെന്റിന്റെ വളർച്ചയെ മാത്രം ലക്ഷ്യമിട്ടിരിക്കുന്നു. പൊതുജനോപകാരപ്രദമായ രീതിയിൽ സൊസൈറ്റികൾ പ്രവർത്തിപ്പിക്കാൻ നടപടിയുണ്ടാകണം.

പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മ ഒഴിവാക്കണം

2. ജനാധിപത്യ പരിമായ പ്രവർത്തനത്തിന്റെ സ്വഭാവം ഉണ്ടായിരിക്കണം.

3. തൊഴിലാളിയുടെ പങ്കാളിത്തം കുറ്റമറ്റതാവണം

4. സങ്കുചിതമായ കക്ഷിരാഷ്ട്രീയങ്ങൾ ഒഴിവാക്കണം

5. അഴിമതി, സ്വജനപക്ഷപാതം എന്നിവ ഉന്മൂലനം ചെയ്യേണ്ടതാണ്

6. പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നുകയറാനുള്ള ആത്മധൈര്യം പുത്തൻ തലമുറക്കുണ്ടാകണം.

7. അമിതമായ ഓഫീസ് ചെലവ് പരമാവധികുറക്കുക.

8. ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ സാങ്കേതിക നവീകരണത്തിന്റെ അഭാവം ഇല്ലായ്മ ചെയ്യണം.

9. ഡിപ്പാർട്ടുമെന്റൽ മേധാവിത്വം നീതിപൂർവ്വമായിരിക്കണം.

ടി പഞ്ചായത്തിലെ സഹകരണ മേഖലയിൽ ഒരു നൂതന അദ്ധ്യായം കുറിക്കുവാൻ ഈ റിപ്പോർട്ട് സഹായകമാവട്ടെ.

***

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

കാഞ്ഞിരംകുളം പഞ്ചായത്തിൽ പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും പുരാതന കാലം മുതൽക്കേ ഉണ്ടായിരുന്നു. അൻപതുവർഷം മുൻപുവരെ അവരവരുടെ ജീവിത സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ അതിദയനീയമായ ചുറ്റുപാടുകളിലായിരുന്നു എന്നു കാണാൻ കഴിയും.

ഏറെ വസ്തുക്കളുള്ള ജന്മിമാരുടെ പുരയിടങ്ങളിലെ വൃക്ഷങ്ങളിൽനിന്നും വിറകു ശേഖരിച്ചുവിറ്റും, കുറഞ്ഞകൂലിക്കോ, ഒരു നേരത്തെ ആഹാരത്തിനെ വേണ്ടി ഒരു ദിവസം മുഴുവൻ അദ്ധ്വാനിച്ചുമാണ് പട്ടികവർഗ്ഗക്കാർ ഉപജീവനം കഴിച്ചുവന്നത്. ജന്മിമാരുടെ പുരയിടങ്ങളിൽ പാർപ്പിടംകണ്ടെത്തിയിരുന്നു. കുടികിടപ്പു സ്ഥലത്ത് ചെറിയ കൂരകൾ വെച്ചുകെട്ടി രണ്ടും മൂന്നും കുടുംബങ്ങൾ ഒരുമിച്ചു താമസിച്ചുവന്നു. അനാരോഗ്യകരമായ ചുറ്റുപാടുകൾ അവരെ രോഗാവസ്ഥയിലും വാർദ്ധക്യത്തിലും എത്തിച്ചിരുന്നു. പണിയെടുത്ത് നിത്യവൃത്തികഴിയാൻ സാധിക്കാത്ത വയസ്സായവർ ഭിക്ഷാടനം ഒരു തൊഴിലാക്കി ജീർണിച്ചവസ്ത്രങ്ങളും നിരന്തരമായ പട്ടിണിയും കൊണ്ട് പലരും അകാല ചരമമടഞ്ഞിട്ടുണ്ട്.

കയർ ഉണ്ടാക്കിയും, പായ്, കുട്ട, വട്ടി എന്നിവ നെയ്ത് വിറ്റും കാർഷിക വൃത്തിയിൽ ഏർപ്പെട്ടും ജീവിച്ചിരുന്നവരാണ് പട്ടിക ജാതിക്കാർ കേരളപ്പിറവിക്കുശേഷം ആദ്യത്തെ മന്ത്രിസഭയുടെ ആഗമനം ഈ വിഭാഗക്കാരുടെ ജീവിത നിലവാരത്തിന് തെല്ലൊരു ആശ്വാസം പകർന്നു. ആദ്യത്തെ ജനാധിപത്യ ഭരണക്രമം നിലവിൽ വന്നത് പാവപ്പെട്ടവരുടെ ഉയർത്തെഴുന്നേൽപ്പ് ലക്ഷ്യമാക്കിയ പരിപാടികളോടെയാണ്. ഭൂപരിഷ്ക്കരണ നിയമം, കാർഷിക ബന്ധബില്ല് എന്നീ ഭരണ നടപടികളുടെ പിൻ ബലത്തിൽ ഓരോ കുടുംബവും ഒരു പിടിമണ്ണിന്റെ ഉടമകളായി അന്നു നിലവിലുണ്ടായിരുന്ന പഞ്ചായത്ത് സമിതികളുടെയും മനുഷ്യസ്നേഹികളായ ജനപ്രതിനിധികളുടെയും ശ്രമഫലമായി ഒരു കുടുംബത്തിന് നാലു സെന്റ് ഭൂമി വീതം പതിച്ചു കൊടുത്തു കുടികിടപ്പ് കിട്ടിയവരും ഉണ്ടായിരുന്നു.

ലക്ഷം വീട് കോളനി എന്ന സംമ്പ്രദായത്തിന്റെ ആവിർഭാവത്തോടെ ഓരോ കുടുംബവും സുരക്ഷിതമായ പാർപ്പിടങ്ങൽ കണ്ടെത്തി. എന്നാൽ നാലു സെന്റു ഭൂമിയിൽ അവരാൽ കഴിയുന്ന വിധത്തിൽ ചെറുകൂരകൾ വെച്ചുതാമസിച്ചുവന്നു.

അയിത്തവും തീണ്ടലും തൊടീലും മാറിയ കാലത്തും വിദ്യാഭ്യായസം അവർക്കു ഒരു വിളിപ്പാടകലെയായിരുന്നു. മേലാളന്മാരുടെ ഭീഷണിയും കണ്ണുരുട്ടലും വിദ്യാഭ്യാസം ഒരു കിട്ടാക്കനിതന്നെയായിരുന്നു.

ക്രിസ്തൃൻ മിഷനറിമാരുടെ പ്രവർത്തനം ഈ വിഭാഗത്തിന്റെ ജീവിതത്തെ ഒട്ടൊക്കെ സ്വാധീനിച്ചിട്ടുണ്ട്. മർദ്ദിതരും, അയിത്തജാതിക്കാരുമായ ഇവരും മനുഷ്യരാണെന്നാണ് മിഷ്യനറിമാരുടെ സമീപനം തൊളിയിച്ചിട്ടുള്ളത്. പൊതു വിദ്യാഭ്യാസരംഗത്ത് കൊണ്ടെത്തിക്കാനും ആരാധനാസ്വാതന്ത്ര്യം വകവച്ചുകൊടുക്കുവാനും മിഷ്യനറിമാരെക്കൊണ്ട് സാധിച്ചു. അതിന്റെ പ്രതിഫലമായി പല കുടുംബങ്ങളെയും മതപരിവർത്തനത്തിന് പ്രേരിപ്പിച്ചു. ഐക്യബോധവും സംഘബോധവും അവരിൽ ഉണ്ടായി. രേഖകളിൽ ഹിന്ദുവായും, ആരാധനകളിൽ ക്രിസ്തൃനായും ജീവിക്കുന്നവരും ഇവരുടെ ഇടയിൽ കണ്ടുവരുന്നുണ്ട്. ദാരിദ്ര്യയം, പട്ടിണി, തൊഴിലില്ലായ്മ, അനാരോഗ്യം എന്നിവ ഇന്നും ഒരളവുവരെ ഇവരുടെ ബന്ധുക്കളാണ്.

വിദ്യാഭ്യാസ പുരോഗതിവേണ്ടത്ര കൈവരിച്ചിട്ടില്ല. സാമൂഹ്യ ചിന്ത സാംസ്കാരിക ബോധം എന്നിവ വേണ്ടത്ര അളവിൽ നേടുവാൻ അവർ ശ്രമി

ക്കുന്നുമില്ല. ജനാധിപത്യ പ്രക്രിയയിൽ പരപ്രേരണ ഏറെയുണ്ടെങ്കിലെ സ്ഥാനങ്ങളിൽ എത്താറുള്ളൂ.

ഇത്തരം സാഹചര്യത്തിലാണ് ഒൻപതാം പഞ്ച വത്സരപദ്ധതിയിൽ ഇവരുടെ ഉന്നമനവും സാമൂഹ്യ സാമ്പത്തിക പുരോഗതിയും കൈവരിക്കാനുതകുന്ന ആസൂത്രണ വികസന രേഖയിൽ ഉൾപ്പെടുത്തേണ്ട താഴെപ്പറയുന്ന കാര്യങ്ങൾ ഇവിടെ ലളിതമായി അവതരിപ്പിക്കുന്നത്.

പാർപ്പിടം

പട്ടികജാതി വർഗ്ഗക്കാരുടെ പാർപ്പിടസൗകര്യം വളരെ ശോചനീയമാണ്. ഓല, മണ്ണ് എന്നിവ കൊണ്ട് നിർമ്മിച്ച കുടിലുകളാണ് അധികവും. ഓട്, കോൺക്രീറ്റി വീടുകൾ എണ്ണത്തിൽ വളരെ കുറവ്. ലക്ഷംവീട് കോളനികൾ വീടുകൾ ജീർണ്ണിച്ചു നിലം പൊത്താറായവയാണ് അധികവും.

1. അവ പൊളിച്ചുമാറ്റി പുതിയ വീടുകൾ നിർമ്മിച്ചു കൊടുക്കണം.

2. ഫ്ളാറ്റ് സമ്പ്രദായം അവലംബിക്കുന്നത് വളരെ നല്ലത്.

3. കോളനികളിൽ ഒരു വീട്ടിൽ രണ്ടു താമസക്കാർ വളരെ വിഷമം പിടിച്ച പരിതസ്ഥിതിയാണ്. അതിനാൽ ഒരു വീട്ടിൽ ഒരു കുടുംബം എന്ന സമ്പ്രദായം ഏർപ്പെടുത്തുക. അധികം വരുന്നവരെ പുനരധിവസിപ്പിക്കാൻ പഞ്ചായത്തിൽ തന്നെ സ്ഥലം കണ്ടെത്തുക.

4. എല്ലാ വീടുകൾക്കും സൗജന്യമായി കുടിവെള്ളം വൈദ്യുതി, കക്കൂസ് എന്നിവ അടിയന്തിരമായി ഏർപ്പെടുത്തണം.

5. സർക്കാറിന്റെ മിച്ചഭൂമി വിതരണം അർഹതപ്പെട്ടവർക്ക് ലഭ്യമാക്കി പാർപ്പിടപ്രശ്നം പരിഹരിക്കണം.

6. ഇപ്പോഴത്തെ വൈദ്യുതി ഫ്രികണക്ഷൻ പദ്ധതി ത്വരിതപ്പെടുത്തുക.

7. ഭവനവായ്പകൾ ലഭിക്കുന്നത് അപര്യാപ്തമാണ്. ഭവനനിർമ്മാണംപൂർത്തിയാക്കാൻ പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുക.

ഗതാഗതം

1. ഗതാഗതസൗകര്യം ഇല്ലാത്ത പട്ടികജാതി/വർഗ്ഗക്കാരുടെ ആവാസകേന്ദ്രങ്ങളിലേക്ക് റോഡുകൾ നിർമ്മിച്ച് ഗതാഗതം മെച്ചപ്പെടുത്തുക.

2. നിലവിലുള്ള റോഡുകൾ അറ്റകുറ്റപ്പണി നടത്തി ഗതാഗതം മെച്ചപ്പെടുത്തണം.

തൊഴിൽ

ഈ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി/വർഗ്ഗക്കാർക്ക് സ്ഥിരമായ തൊഴിൽ ഇല്ല. മിക്കവരും കൂലിപ്പണിക്കാരാണ്. തൊഴിൽ ദിനങ്ങൾ എണ്ണത്തിൽ കുറവായതിനാൽ ദാരിദ്ര്യം, പട്ടിണി എന്നിവ എന്നും ഉണ്ടാകുന്നു. ഇവ പരിഹരിക്കാൻ

1. സ്ഥിരമായ തൊഴിൽ മേഖലകൾസൃഷ്ടിക്കണം

2. ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങണം.

ഉദാ: കൈത്തറി, പായ്, വട്ടി, കുട്ട, നെയ്ത്ത് ചൂരൽ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ നിർമ്മാണം.

3. ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണികണ്ടെത്തുക.

4. എല്ലാ കുടുംബങ്ങൾക്കും ആട്, പശു എന്നിവ നിർബ്ബന്ധമായും വളർത്തുന്നതിന് തിരിച്ച്ടക്കാത്ത സാമ്പത്തിക സഹായം ഏർപ്പെടുത്തണം

5. വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് പാലും പാലുൽപ്പന്നങ്ങളും വിപണനം നടത്താൻ സഹായിക്കുക.

6. വനിതകൾക്കുള്ള പ്രത്യേക തൊഴിൽ പദ്ധതികൾ ഏർപ്പെടുത്തുക. തീപ്പെട്ടി കമ്പനി, ബീഡി നിർമ്മാണം, റെഡീമെയിഡ് വസ്ത്രങ്ങൾ, പായ്നെയ്ത്ത്, ചൂരൽ വ്യവസായം, മുളകൊണ്ടുള്ള ഉൽപ്പന്ന നിർമ്മാണം, പ്ലാസ്റ്റിക് കുട്ട നിർമ്മാണം, മെഴുകുതിരി നിർമ്മാണം.

7. കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക.

ഓരോ കുടുംബത്തിനും 25 കോഴിക്കുഞ്ഞുങ്ങൾ വീതം സൗജന്യമായി വിതരണം ചെയ്യുക.

8. വനിതാ ക്ഷേമനിധി ഉണ്ടാക്കുക

9. വനിതകളിൽ സമ്പാദ്യശീലം വളർത്താൻ ഇവരിൽ ഉള്ളവരെ മഹിളാപ്രധാൻ തിരഞ്ഞെടുത്ത് പരിശീലനം കൊടുക്കുക.

10. തൊഴിലെടുത്ത് ഉപജീവനം കഴിക്കാൻ സാധിക്കാത്ത വൃദ്ധകൾ, വൃദ്ധന്മാർ, വിധവകൾ, മാറാരോഗികൾ, വികലാംഗർ എന്നിവർക്ക് ഗ്രാന്റും പെൻഷനും അനുവദിക്കുക.

പോരായ്മകളും പരിഹരിക്കുക.

2) വിനോദനികുതി പ്രകാരമുള്ള വരുമാനത്തിൽ വളരെ അധികം കുറവുണ്ടാകുന്നു. അത് തടയുന്നതിന് കർശനമായി നടപടികൾ സ്വീകരിക്കണം.

3) പഞ്ചായത്ത തൃത്തിയ്ക്കുള്ളിലെ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്ന തൊഴിൽ നികുതി, യഥാർത്ഥ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയാൽ വരുമാനത്തിൽ കാതലായ വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കും.

4) വസ്തു കൈമാറ്റ നികുതി യഥാസമയം പഞ്ചായത്തുകൾക്ക് ലഭിക്കുന്നില്ലെന്നു മാത്രമല്ല. ലഭിക്കുന്ന നികുതിയിലും വളരെ അധികം ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കു കയും ചെയ്യുന്നു. വസ്തുവിന്റെ വിലയിൽ ഉണ്ടാകുന്ന വർദ്ധനവു കണക്കാക്കി രജിസ്ട്രേഷൻ ഫീസ് ഈടാക്കാത്തതിനാൽ പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട ഭീമമായ തുക നഷ്ടമായി കൊണ്ടിരിക്കുന്നു. ആയതിനാൽ വസ്തുവിന്റെ മാർക്കറ്റ് വിലകണക്കാക്കി രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുംഅതാതു വർഷങ്ങളിലെ വസ്തു കൈമാറ്റ നികുതി അതാതു വർഷം തന്നെ കൂടിശിക വരുത്താതെ പഞ്ചായത്തുകൾക്ക് നൽകുന്നതിനുള്ള സംവിധാനവും ഉണ്ടാകണം.

പുതിയ വിഭവ സമാഹരണത്തിനുള്ള നിർദ്ദേശങ്ങൾ

1) കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരു മാർക്കറ്റ് മാത്രമേയുള്ളൂ. പരണിയം കേന്ദ്രമാക്കി പുതുതായി ഒരു പബ്ലിക്ക് മാർക്കറ്റ് ആരംഭിച്ചാൽ പഞ്ചായത്തിന് വരുമാനം വർദ്ധിക്കുന്നതാണ്.

2) കാഞ്ഞിരംകുളം കേന്ദ്രമാക്കി ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.


3) കാഞ്ഞിരംകുളത്ത് ടാക്സി, ആട്ടോ സ്റ്റാന്റുകൾ സ്ഥാപിച്ച് പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്ക് നികുതി ഏർപ്പെടുത്തുക.

4) പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിക്കുന്ന ബോർഡുകൾ, ബാനറുകൾ മറ്റു പരസ്യങ്ങൾ എന്നിവയ്ക്ക് നികുതി ഏർപ്പെടുത്തുക.

5) ഒരു കാർഷിക മേഖലയായ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിലെ പ്രധാന കാർഷിക വിഭവങ്ങളായ, നാളികേരം, പാൽ, മുട്ട എന്നിവ സംസ്കരിച്ച് വിവിധതരം ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിച്ചാൽ തൊഴിൽ രഹിതരായ ആളുകൾക്ക് തൊഴിൽ നൽകുന്നതിനും പഞ്ചായത്തിന്റെ വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

6) കാഞ്ഞിരംകുളം മർമ്മാശുപത്രിയോടനുബന്ധിച്ച് പേവാർഡുകൾ നിർമ്മിച്ചാൽ അതിലൂടെ പഞ്ചായത്തിന്റെ വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിനു സാധിക്കും.

വീടുകളിലെ എണ്ണത്തിലെ വർദ്ധനവ് രേഖപ്പെടുത്തിയ കണക്ക്



വിഭവ സമാഹരണം

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. ഭൂരിഭാഗം ജനങ്ങളും ചെറുകിട കൃഷിക്കാരാണ്. നാളികേരം, പശുവളർത്തൽ, കോഴിവളർത്തൽ എന്നിവയാണ് പ്രധാന കൃഷികൾ. എന്നാൽ ടി കൃഷികൾ അടിസ്ഥാനമാക്കിയുള്ള വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇപ്പോൾ നിലവിലില്ല. ആയതിനാൽ കാർഷിക മേഖലയിലെ വിഭവ സമാഹരണം ലഭ്യമാക്കിയുള്ള വ്യവസായ സ്ഥാപനങ്ങൾ നടപ്പിലാക്കിയാൽ മാത്രമേ പഞ്ചായത്തിന്റെ വികസനം സാദ്ധ്യമാക്കുകയുള്ളൂ. വരുമാനത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്തായതിനാൽ വികസന പ്രവർത്തനം അർഹിക്കുന്ന പരിഗണന നല്കി നടപ്പാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു.

പഞ്ചായത്തിന്റെ ഇപ്പോഴത്തെ വരുമാനമാർഗ്ഗങ്ങൾ

കെട്ടിടനികുതി

തൊഴിൽനികുതി

വിനോദനികുതി

മാർക്കറ്റ് വരവ്

ലൈസൻസ് ഫീസ്

വസ്തുകൈമാറ്റ നികുതി

ഗവൺമെന്റ് ട്രന്റുകൾ

എന്നിവയാണ് പ്രധാന വരുമാനമാർഗ്ഗങ്ങൾ. വരുമാനത്തിന്റെ 50 ശതമാനവും ജീവനക്കാരുടെ ശബള ആവശ്യത്തിനു വേണ്ടി ചെലവാക്കപ്പെടുന്നു. ശേഷിച്ച തുകയിൽ, കറന്റ് ചാർജ്, വാട്ടർ ചാർജ് എന്നിവ കഴിച്ചാൽ വികസന പ്രവർത്തനങ്ങൾക്ക് ഒട്ടും തന്നെ തുക ചെലവു ചെയ്യാൻ സാധിക്കാത്ത സ്ഥിതിയാണ്. ജെ.ആർ.വൈ. ഉപാധിരഹിത ഫണ്ട് എന്നിവയിൽ ലഭിക്കുന്ന തുകകൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. ആയതുകൊണ്ട് പഞ്ചായത്തിന്റെ വികസനം ലക്ഷ്യമാക്കിയുള്ള പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തിയാൽ മാത്രമെ കൂടുതൽ വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് വിഭവ സമാഹരണത്തിന് രണ്ട് തരത്തിലുള്ള ചിന്തകൾ ആവശ്യമായിരിക്കുന്നു.

പഞ്ചായത്ത് റവന്യൂ സംബന്ധിച്ച

സ്റ്റേറ്റ്മെന്റ്

ഇനം	
1) കെട്ടിട നികുതി	127908.00
2) തൊഴിൽ നികുതി	152000.00
3) വിനോദ നികുതി	15000.00
4) മാർക്കറ്റ് വരവ്	96000.00
5) ലൈസൻസ് ഫീസ്	18000.00
6) വസ്തു കൈമാറ്റ നികുതി	160000.00
7) ഗവൺമെന്റ് ഗ്രാന്റുകൾ	1086943.00
8) ഡെപ്പോസിറ്റുകൾ	17252.00

1) ഇപ്പോഴുള്ള വരുമാനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുക

2) പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുക

ഇപ്പോഴുള്ള വരുമാന മാർഗ്ഗങ്ങൾ എങ്ങനെ മെച്ചപ്പെടുത്താം

1) നികുതി നിർണ്ണയം മുതൽ നികുതി പിരിവ് വരെ വിവിധഘട്ടങ്ങളിലായി വരുന്ന അപാകതകളും,

ഇവിടെ അവസാനിക്കുന്നില്ല.....

അതെ! ഇത് ഒരു തുടക്കം മാത്രമാണ് ലോകം ഉറ്റുനോക്കികൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനം ജനകീയാസൂത്രണം വിജയിക്കണമെങ്കിൽ നമ്മിൽ അർപ്പിതമായിരിക്കുന്ന കടമകൾ നാം ചെയ്തേ മതിയാകു. ഈ പ്രവർത്തനങ്ങൾക്ക് കീഴ് വഴക്കങ്ങളോ പ്രവർത്തന പാരമ്പര്യങ്ങളോ ഒന്നും തന്നെയില്ല. വീഴ്ച്ചകൾ തിരുത്തി, പുതിയ ഒരു നാളേയ്ക്കു വേണ്ടി നമുക്കൊരുമിച്ച് കൈകോർത്തു മുന്നേറാം. നന്ദി, സഹകരിച്ചവർക്കെല്ലാം നന്ദി

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിനുവേണ്ടി

സ്നേഹാദരങ്ങളോടെ,

കെ. രവി
പ്രസിഡന്റ്

അധികാരം ജനങ്ങളിലേക്ക്

